**Alattil:** 13/F 2246, 2248*, 2249, 2252, 2253, 2254, 2255, 2256*, 2257, 2258*, 2259*, 2260, 2262*, 2263*, 2264*, 2265@, 2266*, 2267, 2268*, 2269*, 2270. **Boy`s Town:** 13/F 2272*, 2273, 2274, 2275. **Elappeedika:** 13/F 2277*, 2278*, 2279*, 2280*, 2281*, 2282, 2283*, 2284. **Karimani:** 13/F 2285*, 2286*, 2287*, 2288, 2289*. **Kaniyaram:** 13/F 2290, 2291, 2292, 2293, 2294*, 2295*, 2296, 2297*, 2298*, 2300*, 2301, 2302, 2303*, 2304, 2305, 2306*, 2307, 2308*, 2309, 2310*, 2311, 2312*, 2313*, 2315, 2316*, 2317, 2318, 2319, 2320, 2321, 2322*, 2323, 2324, 2326, 2327*, 2328, 2329*, 2330*, 2332*, 2334, 2335, 2336, 2337, 2338*, 2339*, 2340*, 2341, 2342, 2343, 2344*, 2345*, 2346*, 2347, 2348, 2349*, 2350, 2351*, 2352*, 2353, 2354*, 2355, 2356, 2357. **Mananthavady(T):** 13/F 2358, 2359*, 2360*, 2361*, 2362*, 2363, 2364*, 2365*, 2366*, 2367, 2368*, 2369*, 2370*, 2371*. **Muthirery:** 13/F 2372, 2373*, 2374*, 2375*, 2376*, 2377*, 2378*, 2379*. **Parathottam:** 13/F 2381, 2382, 2384, 2385*, 2386*. **Peria:** 13/F 2388, 2389, 2390*, 2391. **Poroor:** 13/F 2392*, 2393*, 2394, 2395, 2397, 2398*, 2399*, 2400*, 2401, 2403*, 2404@, 2405*, 2406*, 2407, 2412, 2413*, 2414@, 2415, 2416, 2417*, 2418*, 2419*, 2420*, 2421*, 2422@, 2423, 2424, 2425, 2426*, 2428, 2429*, 2430, 2431*, 2432*, 2433*. **Prasanthagiri:** 13/F 2434*, 2435*, 2436, 2437*, 2438@, 2439*, 2440*, 2441*. **Puthiyidom:** 13/F 2442, 2443*, 2445, 2446, 2447, 2448, 2449, 2450, 2451, 2452*, 2453*, 2454*, 2455*. **Thalapuzha:** 13/F 2456, 2457, 2458*, 2459, 2460*. **Thavinjal:** 13/F 2461, 2462*, 2463*, 2465, 2466, 2467, 2468, 2469@, 2470, 2471*, 2472*, 2473*, 2474*, 2475@, 2476*, 2477*, 2478*, 2479, 2481, 2482, 2483, 2484. **Valiakolly:** 13/F 2486*, 2487*, 2488, 2489, 2490, 2491, 2492, 2493, 2494. **Yavanarkulam:** 13/F 2495*, 2496, 2497*, 2498*, 2499, 2500, 2501*, 2502*, 2503@, 2504, 2505*, 2506, 2507*. **Valad:** 13/F 2508, 2510, 2511*, 2512, 2513*, 2514, 2516, 2517, 2518.

**MANIMOOLY FORANE**

**Manimooly:** 13/G 1637, 1638, 1639*, 1640, 1641*, 1642*, 1643*, 1644, 1645, 1646, 1647*, 1648, 1649*, 1650*, 1651*, 1652*, 1653, 1654*, 1655*, 1656*, 1657, 1659, 1660, 1661, 1663, 1664*,

1665, 1666*, 1667*, 1668, 1669, 1670*, 1671, 1672*, 1673@, 1674,1675. **Marutha:** 13/G 1795, 1796. **Munderi:** 13/G 1678, 1679*, 1680*. **Narivalamunda:** 13/G 1681*, 1682, 1683*, 1684, 1685*, 1686*, 1687*, 1688*, 1689, 1690*, 1691*, 1692, 1693@, 1694*. **Njarappadam:** 13/G 1695*, 1696, 1697*, 1698*. **Palankara:** 13/G 1699*, 1702, 1714, 1715*, 1716*, 1717*, 1719, 1721, 1722. **Palemad:** 13/G 1723*, 1724, 1725*, 1726*, 1727*, 1728*, 1729, 1730*, 1731*, 1732*, 1733, 1734, 1735*, 1736*, 1737, 1738, 1739, 1740. **Pathirippadam:** 13/G 1741, 1742, 1743, 1744, 1746, 1748, 1749, 1752*, 1753, 1754, 1755, 1757*, 1758*, 1759*, 1760*, 1761*, 1762*, 1763, 1764, 1765, 1766*, 1767, 1768. **Thalanji:** 13/G 1769@, 1770, 1771, 1772*, 1773, 1774*, 1775*, 1776*, 1777, 1778*, 1779*, 1780*, 1783, 1785, 1786, 1787, 1789, 1790, 1792, 1793*, 1794.

**MULLANKOLLY FORANE**

**Adikolly:** 13/H 3851*, 3852*, 3853*, 3854*, 3855, 3856@, 3857*, 3858*, 3859, 3860*, 3861*, 3862, 3863*, 3864, 3865, 3866*, 3867@, 3868*, 3869*, 3870*, 3871*, 3872@, 3873*, 3874@, 3875. **Amarakuni:** 13/H 3876*, 3877*, 3878*, 3879, 3880, 3882*, 3883, 3884, 3885*, 3886*, 3887*, 3888, 3889@, 3891*, 3892*. **Irulam:** 13/H 3893*, 3894, 3895*, 3896, 3897, 3898, 3899, 3900, 3901, 3902, 3903, 3904, 3905, 3906*, 3907, 3908, 3909@, 3910. **Kabanigiri:** 13/H 3911*, 3912*, 3913*, 3914*, 3915*, 3916*, 3917*, 3918@, 3919*, 3920*, 3921, 3922*, 3923*, 3924*. **Marakavu:** 13/H 3925*, 3926, 3927, 3928, 3929, 3930, 3931, 3932, 3933, 3934, 3935, 3936, 3937, 3938, 3939, 3940*, 3941*, 3942*, 3943*, 3944*, 3945*, 3946*, 3947*, 3948*, 3949, 3950*, 3951*, 3952, 3953, 3954*, 3955*, 3956, 3957, 3958*, 3960, 3962, 3963, 3964, 3973, 3974, 3975, 3976, 3978, 3979, 3980, 3981, 3982, 3983*, 3984*, 3985*, 3986, 3987, 3988, 3990, 3991, 3992*. **Marakkadavu:** 13/H 3993, 3994*, 3995*, 3996, 3997*, 3998@, 3999, 4000*, 4001*, 4002, 4003*, 4005, 4006*, 4007, 4008, 4009*. **Mullenkolly:** 13/H 4011, 4012@, 4013, 4014, 4015, 4016, 4017, 4018, 4020, 4022*, 4023@, 4024, 4025*, 4026*, 4027@, 4028, 4029*, 4030*, 4031, 4032*, 4033, 4034@, 4035, 4036, 4037, 4038*, 4039, 4040*, 4041*, 4042*, 4043, 4045@, 4046, 4047@, 4048, 4049*, 4050*, 4051, 4052*, 4053*, 4054, 4055, 4056, 4057, 4058, 4059, 4060, 4061, 4062, 4063, 4064. **Padichira:** 13/H 4065, 4066*, 4067, 4068, 4069*, 4070, 4071, 4072, 4073, 4074*, 4075, 4076, 4077*, 4079, 4080, 4081, 4082, 4083, 4084*, 4085*, 4086*, 4089*, 4090*, 4091*, 4092*, 4093*, 4094*, 4095, 4096.

**Pattanikoop:** 13/H 4098*, 4099*, 4100*, 4101*, 4102*, 4103*, 4104*, 4105*, 4106*, 4107*, 4108*, 4109*, 4110*, 4111, 4112, 4113. **Pulpally:** 13/H 4114, 4115*, 4116, 4117*, 4118*, 4119, 4120*, 4121*, 4122*, 4123*, 4125, 4126*, 4127*, 4128*, 4129, 4130*. **Seethamount:** 13/H 4131*, 4132*, 4134, 4135*, 4136, 4137*, 4138*, 4139*, 4140*, 4141*, 4142. **Sisumala:** 13/H 4143, 4144, 4145*, 4146*, 4147, 4148, 4149, 4150, 4151*, 4152, 4153*, 4154*, 4155*, 4156*, 4157*, 4158*, 4159*, 4160*, 4161*, 4162*, 4163, 4164.

**NADAVAYAL FORANE**

**Arinjermala:** 13/J 2737, 2739, 2740, 2741, 2742, 2743, 2744, 2746*, 2747*, 2751, 2752*. **Cherukattoor:** 13/J 2757, 2758, 2761, 2762*, 2763, 2765, 2766*, 2767*, 2769*, 2770*, 2771, 2773, 2774, 2775, 2778, 2780, 2784, 2785, 2786*, 2787, 2788*, 2789, 2791, 2792, 2793, 2794. **Chundakara:** 13/J 2795, 2796*, 2797*, 2799*, 2800*, 2801, 2802, 2803, 2804*, 2806, 2807*, 2808*, 2810*, 2811*, 2813, 2814*, 2816, 2817*, 2818, 2819, 2820, 2821*, 2822*, 2823*, 2824*, 2825*, 2826*, 2827*, 2828*, 2829*, 2830*, 2831*, 2832@, 2833, 2834*, 2835*, 2836@, 2837*, 2838@, 2839*, 2840*. **Kalluvayal:** 13/J 2842*, 2843*, 2844, 2845*, 2846*, 2847, 2848*, 2849, 2850, 2851*, 2852*, 2853*, 2854, 2855*, 2856*, 2857*, 2858. **Kaniyambetta:** 13/J 2859, 2860, 2861*, 2862, 2863, 2864*, 2865, 2866*, 2867*. **Kenichira:** 13/J 2868, 2869, 2870, 2871, 2872, 2874, 2875*, 2877, 2878, 2879, 2881, 2882, 2883, 2884*, 2885, 2886, 2887*, 2888, 2889, 2890*, 2891, 2892. **Kurumbalakotta:** 13/J 2896*, 2897*, 2898*, 2900. **Nadavayal:** 13/J 2901, 2902*, 2903, 2904, 2905, 2906, 2907, 2908, 2911, 2913, 2914*, 2915, 2917, 2919*, 2920, 2921*, 2922, 2923, 2924, 2925, 2926*, 2928, 2929, 2930, 2931*, 2932, 2933*, 2934, 2935, 2936, 2937, 2938*, 2939*, 2940, 2941*, 2942*, 2943*, 2944*, 2945*, 2946*, 2947, 2948, 2949*, 2950, 2951, 2952, 2953*, 2954, 2955, 2956, 2957*, 2958, 2959*, 2960, 2961*, 2962, 2963*, 2964, 2965, 2966, 2967, 2968, 2969, 2970, 2971, 2972, 2973, 2974, 2975. **Neikuppa:** 13/J 2976*, 2977*, 2978, 2979, 2982*, 2983, 2984*, 2985*. **Paralikunnu:** 13/J 2986*, 2987, 2988, 2989*, 2990, 2991@. **Valavayal:** 13/J 2992, 2993*, 2994*, 2996*. **Vilambukandam:** 13/J 2997*, 2998*, 2999, 3000*, 3001*, 3002, 3003*, 3004*, 3005*, 3006*, 3007, 3008.

**NILAMBUR FORANE**

**Chokkad:** 13/K 1215, 1216*, 1217, 1218, 1219*, 1220*, 1221*,

1222*. **Edivanna:** 13/K 1223*, 1224*, 1225, 1226*, 1227*, 1228*, 1229*, 1230*, 1231, 1232, 1233*, 1234*, 1235, 1236, 1237, 1238*, 1239*, 1240@, 1318*, 1319, 1320, 1321. **Nilambur:** 13/K 1243, 1244, 1245, 1247, 1248, 1250, 1251, 1252, 1254, 1256*, 1257, 1258, 1260, 1262, 1263, 1264, 1265, 1266, 1267*, 1268, 1269*, 1270, 1271, 1272, 1273*. **Muttiyel:** 13/K 1275, 1276. **Pookkottumpadam:** 13/K 1278*, 1279, 1280*, 1281*, 1282, 1283, 1284, 1285*, 1286, 1287*. **Poolappadam:** 13/K 1288*, 1289, 1290*, 1291, 1292*, 1293*, 1294. **Rubynagar:** 13/K 1295*, 1296@, 1297, 1298*, 1299. **Thelpara:** 13/K 1300*, 1301, 1302, 1303@. **Vallikket:** 13/K 1305*, 1306, 1307, 1308*. **Vadapuram:** 13/K 1309, 1310, 1311, 1313, 1314*, 1315*, 1316, 1317*.

## PAYYAMPALLY FORANE

**Appapara:** 13/L 1492, 1493, 1495*. **Arattuthara:** 13/L 1496*, 1497, 1498, 1499*, 1500*, 1501*, 1502@, 1503*, 1504*, 1505*, 1506*, 1507*, 1508, 1509, 1510. **Bavali:** 13/L 1511, 1512, 1513*. **Edayoorkunnu:** 13/L 1514. **Kartikulam:** 13/L 1515*, 1516*, 1517, 1518*, 1520, 1521*, 1522*, 1523*, 1524, 1526, 1527. **Kammana:** 13/L 1528, 1529, 1530, 1531, 1532*, 1533, 1534*, 1535, 1536*, 1537, 1538*, 1539, 1540*, 1541*, 1542, 1543. **Martinnagar:** 13/L 1545*, 1546*, 1547, 1548, 1549, 1550, 1551*, 1552, 1553*, 1554, 1555*, 1556, 1557*, 1558, 1559*, 1560*, 1561*, 1562*, 1563, 1564*, 1565*, 1566*, 1567*, 1568*, 1569*, 1570*, 1571*, 1572, 1573, 1574, 1575. **Padamala:** 13/L 1576, 1577, 1578, 1579*, 1581, 1582, 1583*, 1584*, 1586, 1588, 1589, 1590*, 1591, 1592, 1593*, 1594*, 1595, 1596*. **Panavally:** 13/L 1597, 1599*. **Payyampally:** 13/L 1600, 1601, 1602, 1603, 1605, 1606, 1607, 1608*, 1609*, 1610,1611, 1612, 1613*, 1614*, 1615*, 1616*, 1617*, 1618@, 1619*, 1620*, 1621*, 1622*, 1623@, 1624*, 1625@, 1626*, 1627*, 1628, 1629, 1631*, 1632*, 1633, 1634*, 1635, 1636*, 1637*, 1638. **Thrissilery:** 13/L 1639, 1640, 1641, 1642*, 1643*, 1644*, 1645*, 1646*, 1647*.

## THARIODE FORANE

**Chennalode:** 13/M 1622*, 1623*, 1624*, 1625*, 1626*, 1627*, 1628@, 1629*, 1630*, 1631*, 1632*, 1633*, 1634*, 1635*, 1636, 1637*, 1638, 1639, 1640*, 1641*, 1642*, 1643*, 1644*, 1645, 1646*, 1647*. **Kavummannam:** 13/M 1648*, 1649, 1650, 1651, 1652*, 1654, 1655, 1656@, 1657@, 1658*, 1659@, 1660*, 1661*, 1662*, 1663. **Kottathara:** 13/M 1665, 1666, 1667, 1668*, 1669,

1671, 1672*, 1673*, 1674*, 1675*, 1676*, 1677*, 1678*, 1679*, 1680, 1681*, 1682*, 1683*, 1684. **Kurumbala:** 13/M 1685*, 1687, 1688, 1690*, 1692, 1693, 1694, 1695, 1696, 1697, 1698, 1699*, 1700*, 1702*, 1703, 1704*, 1705, 1706, 1707, 1708*, 1709, 1710*, 1711*, 1712*, 1713. **Kurumani:** 13/M 1715, 1716, 1718, 1720, 1721, 1722, 1723, 1724, 1725. **Mangalam:** 13/M 1729, 1730, 1731*, 1732, 1733*, 1734*, 1736. **Manjoora:** 13/M 1738, 1739*, 1740*, 1741, 1742, 1743, 1744, 1745*, 1746*, 1747*, 1748, 1749*, 1750*, 1751*, 1752. **Panthipoil:** 13/M 1753*, 1754*, 1755*, 1756*, 1757. **Puthuserikadavu:** 13/M 1758, 1759, 1760, 1761, 1762*, 1763*, 1764, 1765*, 1766*, 1767*, 1768*, 1769@, 1770*, 1771. **Thariode:** 13/M 1772, 1773*, 1774, 1775*, 1776*, 1777*, 1778*, 1779, 1780, 1781*, 1785*, 1786*, 1787*, 1788*, 1789*, 1790*, 1791*, 1792*, 1793, 1794, 1795, 1796*, 1797, 1798*, 1799, 1800.
**Rogathe Bhavan:** 13/D 2695*, 2696, 2697, 2698. MMC: 13/D 2699*.

*First Class, @Distinction

## ഹൃദയപൂർവ്വം നന്ദി

രൂപതാ മതബോധന ഓഫീസിൽ കഴിഞ്ഞ മൂന്ന് വർഷമായി സെക്രട്ടറിയുടെ ജോലി ഏറ്റവും മനോഹരമായി ചെയ്ത സി. ടെസ്സിൻ FCC, പ്രൊവിൻഷ്യൽ സെക്രട്ടറിയായതിനെ തുടർന്ന് തൽസ്ഥാനത്ത് നിന്നും മാറുകയാണ്. രൂപതാമതബോധനരംഗത്ത് ക്രിയാത്മകമായി പ്രവർത്തിച്ചതിന് സി. ടെസ്സിനെ ഹൃദയപൂർവ്വം അനുമോദിക്കുന്നു; ഒപ്പം രൂപതാ മതബോധന രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരുടെയും പേരിൽ നന്ദി അറിയിക്കുന്നു. പുതിയ സേവനരംഗത്ത് എല്ലാ ആശംസ കളും പ്രാർത്ഥനകളും.

സെക്രട്ടറി സ്ഥാനത്തേക്ക് നിയമിതയായിരിക്കുന്ന സി. ആൻമരിയ FCC യെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നതോടൊപ്പം ദൈവാനുഗ്രഹവും ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു.

മതബോധന കേന്ദ്രത്തിന്റെ കീഴിൽ മാനന്തവാടിയിൽ പ്രവർത്തി ക്കുന്ന സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ കഴിഞ്ഞ എട്ടുവർഷമായി സേവനം ചെയ്തിരുന്ന MSMI കോൺഗ്രിഗേഷനിലെ സഹോദരിമാർ ഏപ്രിൽ 30-ന് തൽസ്ഥാനത്തുനിന്നും മാറുകയാണ്. കഴിഞ്ഞ വർഷ ങ്ങളിൽ ഏറെ സ്തുത്യർഹമായിരുന്ന അവരുടെ സേവനപ്രവർത്തന ങ്ങൾ എത്ര നന്ദി പറഞ്ഞാലും അധികമാവില്ലാത്ത വിധം അത്രമാത്രം നന്നായി ചെയ്തു. ഈ കാലയളവിൽ ബുക്കുസ്റ്റാളിൽ സേവനം ചെയ്ത എല്ലാ സഹോദരിമാരേയും അനുസ്മരിക്കുകയും പ്രത്യേകം നന്ദി പറയു

കയും ചെയ്യുന്നു. ഒപ്പം MSMI സഭയുടെ അധികാരികളെയും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

ബുക്കുസ്റ്റാളിലെ സേവനരംഗത്തേയ്ക്ക് വന്നിരിക്കുന്ന ആരാധനാ സഭയിലെ പ്രിയപ്പെട്ട സിസ്റ്റേഴ്സിന് ഹൃദയപൂർവ്വം സ്വാഗതമോതുന്നു.

## ഡിപ്ലോമ സർട്ടിഫിക്കറ്റ്

സ്കൂളിലെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് ഡിപ്ലോമ സർട്ടിഫിക്കറ്റ് നേരത്തേ ആവശ്യമെങ്കിൽ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാർ നേരിട്ട് വരികയോ, ബഹു. വികാരിയച്ചന്റെ കത്തുമായി ബന്ധപ്പെട്ടവർ രൂപതാമതബോധന ഓഫീസിൽ വരികയോ ചെയ്യുക. മെയ്മാസം ഒന്നാം തീയതിക്ക് ശേഷമായിരിക്കും ലഭിക്കുക.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളേ,

ഒരു പ്രവർത്തനവർഷംകൂടി കടന്നുപോകുകയാണ്. വിശ്വാസ വർഷമായി ആചരിച്ച ഈ പ്രവർത്തനവർഷം നമ്മുടെ വ്യക്തിജീവിതത്തിലൂടെ ഈശോയുടെ സ്നേഹവും കരുണയുമെല്ലാം സഹോദരങ്ങൾക്ക് പകർന്നുകൊടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടെങ്കിൽ വിശ്വാസ വർഷാചരണം അർത്ഥപൂർണ്ണമായി. ഈ പ്രവർത്തനവർഷത്തിൽ മിഷൻലീഗിന്റെ പ്രവർത്തനങ്ങളെ വളരെ ഭംഗിയായി ശാഖ-മേഖല തലങ്ങളിൽ ക്രമീകരിച്ച എല്ലാ ഡയറക്ടച്ചൻമാരെയും സിസ്റ്റേഴ്സിനെയും എല്ലാ ഭാരവാഹികളെയും സ്നേഹപൂർവ്വം നന്ദിയോടെ ഓർക്കുന്നു. തുടർന്നും എല്ലാവരുടെയും സഹകരണവും, പ്രോത്സാഹനവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ

**സോണിയച്ചൻ**

**മേഖലാക്യാമ്പുകൾ**

ഏപ്രിൽ 4, 5 കൊട്ടിയൂർ നടവയൽ മേഖലകളിൽ ക്യാമ്പ് നടത്തപ്പെട്ടു.

നടവയൽ മേഖലയിൽ ചെറുകാട്ടൂർ ശാഖയിൽ വെച്ച് ക്യാമ്പ് നടന്നു. നൂറോളം മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്ത ക്യാമ്പ് വളരെ നന്നായി ക്രമീകരിച്ച ബഹു. മേഖലാ ഡയറക്ടർ ബഹു. ജോസ് കുളിരാനിയച്ചനേയും മേഖലാ ഭാരവാഹികളെയും ചെറുകാട്ടൂർ വികാരി ബഹു. ജോർജ് തേരകത്തിലച്ചനേയും അസിസ്റ്റന്റ് വികാരി ബഹു. സാന്റോ തോമസ് MCBS അച്ചനേയും ടീം അംഗങ്ങളേയും രൂപതാസമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**കൊട്ടിയൂർ മേഖല**

കൊട്ടിയൂർ മേഖലാക്യാമ്പ് കൊട്ടിയൂർ ശാഖയിൽ വെച്ച് നടന്നു.

കൊട്ടിയൂർ മേഖലയിലെ ക്യാമ്പ് നന്നായി ക്രമീകരിക്കുകയും മേഖലാ വാർഷികവും പ്രേഷിതറാലിയും നടത്തിയ ബഹു. ബിജു തൊണ്ടിപ്പറമ്പിലച്ചനേയും മേഖല എക്സിക്യൂട്ടീവ് അംഗങ്ങളേയും കൊട്ടിയൂർ ഇടവക വികാരി ബഹു. അഗസ്റ്റിൻ ചേമ്പാലയച്ചനേയും ബഹു. മാത്യു കറുത്തേടത്തച്ചനേയും ശാഖാഭാരവാഹികളേയും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

**ഏപ്രിൽ 8, 9 – ബത്തേരി, തരിയോട്**

ബത്തേരി മേഖലാക്യാമ്പ് ബത്തേരി ഡോൺ ബോസ്കോ കോളേജിൽ നടത്തപ്പെട്ടു. ക്യാമ്പ് നടത്താൻ കോളേജിൽ വേണ്ട സൗകര്യങ്ങൾ ഒരുക്കിയ കോളേജ് മാനേജ്മെന്റിനോടും പ്രിൻസിപ്പാളിനോടും നന്ദി അറിയിക്കുന്നു. മേഖലാ ക്യാമ്പിനായി പ്രവർത്തനങ്ങൾ നടത്തിയ ബഹു. ഫാ. ബിജു തുരുത്തേലിന്റെ നേതൃത്വത്തിലുള്ള മേഖല എക്സിക്യൂട്ടിവിനും ടീം അംഗങ്ങൾക്കും രൂപതാ സമിതിയുടെ ഹൃദ്യമായ നന്ദി.

തരിയോട് മേഖലാക്യാമ്പ് പുതുശ്ശേരിക്കടവ് ശാഖയിൽ നടത്തപ്പെട്ടു. ക്യാമ്പ് നടത്തുവാൻ നന്നായി ക്രമീകരണങ്ങളൊരുക്കിയ ബഹു. ജോസ് കപ്യാരുമലയിച്ചനേയും മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളേയും ശാഖാ ഭാരവാഹികളേയും ടീം അംഗങ്ങളേയും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

**ഏപ്രിൽ 10–11 – പുൽപ്പള്ളി മേഖല**

പുൽപ്പള്ളി മേഖലാക്യാമ്പ് മുള്ളൻകൊല്ലി ശാഖയിൽ നടത്തപ്പെട്ടു. ക്യാമ്പ് നന്നായി നടത്താൻ സഹായിച്ച മേഖലാഡയറക്ടർ ബഹു. സെബാസ്റ്റ്യൻ ഏലംകുന്നേലച്ചനേയും എക്സിക്യൂട്ടീവ് അംഗങ്ങളേയും മുള്ളൻകൊല്ലി ഫൊറോന വികാരി ബഹു. അഗസ്റ്റിൻ നിലയ്ക്കപ്പിള്ളിയച്ചനേയും ബഹു. സെബിൻ ഐക്കരത്താഴത്തച്ചനേയും ടീം അംഗങ്ങളേയും നന്ദി അറിയിക്കുന്നു.

**ഏപ്രിൽ 11–12 – കൽപ്പറ്റ മേഖല**

കൽപ്പറ്റ മേഖലക്യാമ്പ് തെനേരി ശാഖയിൽ നടത്തപ്പെട്ടു. ക്യാമ്പ് വളരെ മനോഹരമായി ക്രമീകരിച്ച തെനേരി ശാഖാ ഡയറക്ടർ ബഹു. സജി കോട്ടായിലച്ചനും മേഖലാ ഡയറക്ടർ ബഹു. ജെയിംസ് മാങ്കോട്ടിലച്ചനും മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ടീം അംഗങ്ങൾക്കും തെനേരി ശാഖയിലെ മതാധ്യാപകർക്കും കമ്മിറ്റിക്കാർക്കും രൂപതാസമിതിയുടെ നന്ദി അറിയിക്കുന്നു.

## ഏപ്രിൽ 13-14 - കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി

കല്ലോടി മേഖലാക്യാമ്പ് ദ്വാരക ശാഖയിൽ വെച്ച് നടന്നു. മേഖലാക്യാമ്പ് വളരെ മനോഹരമായി ക്രമീകരിച്ച മേഖലാഡയറക്ടർ ബഹു. ജോയി തുരുത്തേലച്ചനേയും മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളേയും രൂപതാ സമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖലാക്യാമ്പ് ബോയ്സ്ടൗൺ ശാഖയിൽ വെച്ച് നടന്നു. ക്യാമ്പിന്റെ ക്രമീകരണങ്ങൾ നടത്തിയ മേഖലാ ഡയറക്ടർ ബഹു. ജിമ്മി മൂലയിലച്ചനും മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ബോയ്സ് ടൗൺ വികാരി ബഹു. ബിജോ കറുകപ്പള്ളിയച്ചനും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

**പയ്യമ്പള്ളി മേഖല**

പയ്യമ്പള്ളി മേഖലാക്യാമ്പ് കാട്ടിക്കുളം ശാഖയിൽ നടത്തപ്പെട്ടു. ക്യാമ്പിന് വേണ്ട ക്രമീകരണങ്ങൾ നടത്തിയ മേഖലാഡയറക്ടർ ബഹു. സണ്ണി മഠത്തിലച്ചനേയും മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളേയും കാട്ടിക്കുളം വികാരി ബഹു. ജോർജ് കിഴക്കുംപുറം അച്ചനേയും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

**നന്ദിയുടെ ഒരുവാക്ക്**

മേഖലാക്യാമ്പുകൾ വൻവിജയമായിരുന്നു. ക്യാമ്പുകളുടെ വിജയത്തിനു പിന്നിൽ പ്രവർത്തിച്ചവർ ഏറെയുണ്ട്. എല്ലാ മേഖലകളിലും നൂറിലധികം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിലേയ്ക്ക് കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാരേയും ശാഖാ ഡയറക്ടേഴ്സിനെയും ജോ.ഡയറക്ടർ സിസ്റ്റേഴ്സിനെയും രൂപതാസമിതിയുടെ നന്ദി അറിയിക്കുന്നു.

ക്യാമ്പ് നയിച്ചത് രൂപതാ എക്സിക്യൂട്ടീവും ടീം അംഗങ്ങളുമാണ്. അവധിക്കാലത്ത് തങ്ങളുടെ സമയവും കഴിവും സംഘടനയ്ക്കായി വിനിയോഗിച്ച ഇവരെ ഏറെ നന്ദിയോടെ സ്മരിക്കുന്നു. വിവിധ മേഖലകളിൽ ക്യാമ്പിന് നേതൃത്വം നൽകിയവർ ഫാ. സോണി വടയാപറമ്പിൽ, സി. ലിസ അലക്സ് എസ്.കെ.ഡി., രഞ്ജിത്ത് മുതുപ്ലാക്കൽ, ഡോളി പാറേക്കുടിയിൽ, ബിനീഷ് തുമ്പിയാംകുഴി, ജോയി മേപ്പാടം, ഷാജി ചന്ദനപ്പറമ്പിൽ, തോമസ് കല്ലറയ്ക്കൽ, സോയി കൈതാരത്ത്, ജോൺസൻ ചിറായിൽ, അജീഷ് ഇടപ്പാട്ട്, ബിജു ചിറ്റേടം, ജോൺസൻ

വടക്കേക്കര, ജിജിൽ കിഴക്കരക്കാട്ട്, സാബു ഊളവള്ളിയ്ക്കൽ, ജോസ് പള്ളത്ത്, ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, അജിത്ത്, നിധിൻ.

**രൂപതാ ജൂണിയർ ക്യാമ്പ്**

ഈ പ്രവർത്തന വർഷത്തെ ജൂണിയർ ക്യാമ്പ് മെയ് 2,3 തീയതികളിൽ ദ്വാരകയിൽ നടത്തപ്പെടുകയാണ്. 5,6,7 ക്ലാസുകളിൽ പഠിക്കുന്ന മിഷൻലീഗ് അംഗങ്ങളാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്. വിശദവിവരങ്ങൾ കത്തുമുഖേന അറിയിച്ചിട്ടുണ്ട്. ഭാരവാഹികൾ കുട്ടികളെ നേരത്തെതന്നെ പറഞ്ഞയക്കാൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**രൂപതാ സീനിയർ ക്യാമ്പ്**

രൂപതാ സീനിയർ ക്യാമ്പ് മെയ് 4-ാം തീയതി വൈകുന്നേരം 4 മണിക്ക് തുടങ്ങി 6-ാം തീയതി വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. വരുന്ന പ്രവർത്തനവർഷത്തിൽ ശാഖയെ നയിക്കേണ്ടവരാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്. ശാഖയിൽ നിന്നു പങ്കെടുക്കുന്ന കുട്ടികളെ കൃത്യസമയത്ത് തന്നെ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വാർഷിക മാനേജിംഗ് കമ്മിറ്റിയും ഇലക്ഷനും**

രൂപതാ പ്രവർത്തന വർഷത്തിലെ വാർഷിക മാനേജിംഗ് കമ്മിറ്റിയും അടുത്ത മൂന്നുവർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പും മെയ് 23 വ്യാഴാഴ്ച വൈകുന്നേരം 5 മണി മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. റ്റൈംടേബിൾ ചുവടെ ചേർക്കുന്നു.

5 p.m.- മാനേജിംഗ് കമ്മിറ്റി - റിപ്പോർട്ട്, കണക്ക് അവതരണം, ചർച്ച

7 p.m. - പ്രാർത്ഥന

8 p.m. - അത്താഴം

8.30.p.m. 2013-16- പ്രവർത്തന വർഷത്തിലെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്.

10.30 - വിശ്രമം

മേഖലാഭാരവാഹികളും രൂപതാഭാരവാഹികളുമാണ് മാനേജിംഗ് കമ്മിറ്റിയിലും തിരഞ്ഞെടുപ്പിലും പങ്കെടുക്കേണ്ടത്. എല്ലാ മേഖലാ ഭാരവാഹികളും മാനേജിംഗ് കമ്മിറ്റിയിലും ഇലക്ഷനിലും പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

**വിഹിതങ്ങൾ**

മിഷൻഞായർ, സംസ്ഥാനവിഹിതം, കാണിക്ക, പലതുള്ളി, മിഷൻകലണ്ടർ എന്നിവ ഇനിയും കൊടുക്കാത്ത ശാഖകൾ എത്രയും പെട്ടെന്ന് ഓഫീസിൽ ഏൽപിക്കണമെന്ന് അറിയിക്കുന്നു.

**അംഗത്വലിസ്റ്റ്**

അടുത്ത പ്രവർത്തന വർഷത്തെ അംഗത്വലിസ്റ്റിന്റെ 3 കോപ്പികൾ എത്രയും പെട്ടെന്ന് രൂപതാ ഓഫീസിൽ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**മിഷൻഞായർ വിഹിതം തന്ന ശാഖകൾ**

പഴൂർ-200, മൂലങ്കാവ്-600, കമ്മന-150, പന്തിപ്പൊയിൽ-200, ദീപ്തിഗിരി-1000, പറളിക്കുന്ന്-200, മക്കിയാട്-500, ബാവലി-150.

**കാണിക്ക തന്ന ശാഖകൾ**

വഞ്ഞോട്-850, വാളവയൽ-420, തവിഞ്ഞാൽ-300, യവനാർകുളം -520, വാഴവറ്റ-720, കൊട്ടിയൂർ-900, കണിയാമ്പറ്റ-110, കേണിച്ചിറ-350, കല്ലുവയൽ-200, കമ്മന-100, കുറുമ്പാല-5000, ദീപ്തിഗിരി-200, കാട്ടികുളം-200, പറളിക്കുന്ന്-100, കുറുമണി-500, അമ്പായത്തോട്-250, മക്കിയാട്-400, നെയ്ക്കുപ്പ-150.

**പലതുള്ളി തന്ന ശാഖകൾ**

പഴൂർ-100, വാളവയൽ-210, പയ്യമ്പള്ളി-600, തവിഞ്ഞാൽ-200, കൊട്ടിയൂർ-900, കമ്മന-100, ദീപ്തിഗിരി-200, പറളിക്കുന്ന് -100, മക്കിയാട്-200.

**മേഖലാ വാർത്തകൾ**

**നടവയൽ -** രോഗീസഹായമായി നെയ്ക്കുപ്പ ശാഖയിലെ പ്രവീൺ പന്നിക്കോട്ടിന് 10,000 രൂപ ധനസഹായം നൽകി.

**കൊട്ടിയൂർ -** ഒരു ക്യാൻസർ രോഗിക്ക് സഹായമായി 1000 രൂപ നൽകി. +2, SSLC പരീക്ഷയ്ക്ക് ഒരുക്കമായി എല്ലാ ശാഖകളിലും ജോ.ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ ഒരു മണിക്കൂർ ആരാധന നടത്തി. ശാഖ ജോ.ഡയറക്ടേഴ്സിന്റെയും സെക്രട്ടറിമാരുടെയും മീറ്റിംഗ് നടത്തി.

**വാളവയൽ -** വാർഷികധ്യാനത്തിൽ പങ്കെടുത്തു.

**മംഗലശ്ശേരി -** ഡയറക്ടറച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

**ഒഴുക്കൻമൂല -** സൺഡേ സ്കൂളിൽ നിന്നും പിരിഞ്ഞുപോകുന്ന 2 ടീച്ചർമാർക്ക് സെന്റോഫ് നൽകി.

**പയ്യമ്പള്ളി -** മേഖലാ എക്സിക്യൂട്ടിവിൽ പങ്കെടുത്തു.

**പൂളപ്പാടം -** പാപ്പാദിനം, കുരിശിന്റെവഴി, അർദ്ധദിന സെമിനാർ, പ്രാർത്ഥനാദിനം എന്നിവ നടത്തി.

**ബക്കി-** അൾത്താരബാല സംഗമം നടത്തി. രോഗീസന്ദർശനം നടത്തി.

**വൈത്തിരി –** യുവജന കുരിശിന്റെ വഴിയിൽ സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു.

**പുതുശ്ശേരി –** ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു. ദൈവവിളി ദിനാചരണം നടത്തി.

**ബോയ്സ്ടൗൺ –** സമരിറ്റൻ ഭവൻ സന്ദർശിച്ചു.

**കുന്നലാടി –** +1, +2 വിദ്യാർത്ഥികൾക്കായി പ്രാർത്ഥന നടത്തി.

**ധർമ്മഗിരി –** ചൂല് നിർമ്മാണം നടത്തി.

**നെയ്ക്കുപ്പ –** കിടപ്പുരോഗിയായ ആദിവാസി സ്ത്രീ മാച്ചിയമ്മയെ സന്ദർശിച്ച് ബെഡ്ഷീറ്റ് നൽകി.

**വഞ്ഞോട് –** ധ്യാനത്തിൽ പങ്കെടുത്തു. കയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു.

**കരിമ്പിൽ –** സീനിയേഴ്സ് സംഗമം, ദിവ്യകാരുണ്യ ആരാധന എന്നിവ നടത്തി.

**കുറ്റിമൂല –** പുതിയ ഡയറക്ടറച്ചനെ സ്വാഗതം ചെയ്തു.

**ശാഖാവാർത്തകൾ**

*ഇടിവണ്ണ* :– മുക്കാട്ട് ഷാജന് ചികിത്സാ സഹായമായി 2000 രൂപ നൽകി.

*കുറുമണി* :– ബഹു. സണ്ണിയച്ചൻ പരി. പിതാവിനെ പരിചയപ്പെടുത്തി ക്ലാസ് എടുത്തു.

*നെല്ലിയോടി* :– അൾത്താര ബാലസംഗമം, സീനിയേഴ്സ് സംഗമം എന്നിവ നടത്തി.

*ആടിക്കൊല്ലി* :– ഏകദിന ധ്യാനം നടത്തി. രോഗീസന്ദർശനം നടത്തി 1000 രൂപ സഹായം നൽകി.

*പ്രശാന്തഗിരി* :– +1, +2, SSLC വിദ്യാർത്ഥികൾക്കായി പ്രാർത്ഥന നടത്തി.

*കല്ലോടി* :– ദൈവവിളി സെമിനാർ, അൾത്താര ബാലസംഗമം എന്നിവ നടത്തി.

*പുതുശ്ശേരിക്കടവ്* :– ഡയറക്ടറച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

*ആലാറ്റിൽ* :– SSLC, +1, +2 വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രാർത്ഥന നടത്തി. പാവപ്പെട്ട ഒരു കുടുംബത്തിന് വീടുപണിയാൻ 4000 രൂപ നൽകി.

*തെനേരി* :– ദൈവവിളി സെമിനാർ, ബൈബിൾ വിതരണം, അർദ്ധദിന സെമിനാർ, ഏകദിന സെമിനാർ, ശാഖാ സാഹിത്യ ശില്പശാല എന്നിവ നടത്തി.

*കണിയാരം :-* ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്തു.
*ചുങ്കക്കുന്ന് :-* അർദ്ധദിന സെമിനാർ നടത്തി. വിദ്യാഭ്യാസ സഹായമായി 3000 രൂപ നൽകി.
*പുതിയിടം :-* ദൈവവിളിക്കായി പ്രത്യേക പ്രാർത്ഥന നടത്തി.
*തവിഞ്ഞാൽ :-* തിരുബാലസഖ്യ കുട്ടികൾക്കായി ക്ലാസ്സെടുത്തു.
*നടവയൽ :-* മരിയഭവൻ, ഓസ്സാനാംഭവൻ എന്നിവ സന്ദർശിച്ചു.
*കാട്ടിക്കുളം :-* ചികിത്സാ സഹായമായി 1000 രൂപ നൽകി. സൗദിയിൽ വച്ച് ആകസ്മികമായി മരിച്ച ഷിജു വട്ടപ്പാറയ്ക്ക് സി.എം.എൽ. അംഗങ്ങൾ ആദരാഞ്ജലികൾ അർപ്പിച്ചു.
*തലഞ്ഞി :-* തിരുബാലസഖ്യദിനം ആചരിച്ചു.
*മരക്കടവ് :-* ഒരുമണിക്കൂർ ആരാധന നടത്തി.
*ഒലിവുമല :-* ദൈവവിളി ദിനം ആചരിച്ചു.
*ദ്വാരക :-* ശാഖാ കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു.
*അമ്പായത്തോട് :-* പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. പരിഹാര പ്രദക്ഷിണം നടത്തി. പിടിയരി ശേഖരണവും സംഭാവന ഫണ്ടും ശേഖരിച്ചു.
*ചൂരൽമല :-* പരിഹാര പ്രദക്ഷിണം, ആരാധന എന്നിവ നടത്തി.
*പുഴമുടി :-* ആരാധന നടത്തി. ഏകദിനധ്യാനം, ഉപവാസം എന്നിവ നടത്തി.
*കൽപ്പറ്റ :-* ക്ലാരഭവൻ സന്ദർശിച്ചു. ഗവ.ഹോസ്പിറ്റലിൽ ഭക്ഷണവിതരണം നടത്തി.

**ബിനു മാങ്കൂട്ടത്തിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് മാതൃക ചോദ്യങ്ങൾ 2013**

**ലേവ്യർ - 01-14**

(01) ലേവ്യരുടെ പുസ്തകത്തിന്റെ കാതലായ ആശയം എന്ത്? (ആമുഖം)

(a) ദൈവജനമായ ഇസ്രായേലിന്റെ പരിശുദ്ധി (b) ദൈവജനമായ ഇസ്രായേലിന്റെ വിശുദ്ധി

(02) ലേവ്യരുടെ പുസ്തകത്തിൽ ആവർത്തിച്ചുകാണുന്ന വാക്യം ഏത്? (ആമുഖം)

(a) 'നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്;' (b) 'നിങ്ങൾ വിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ വിശുദ്ധനാണ്;'

(03) ബലികളിലും ആരാധനകളിലും ആർക്കാണ് പ്രമുഖസ്ഥാനം? (ആമുഖം)

(a) അഹറോൻ (b) ലേവ്യർ

(04) ലേവ്യരുടെ പുസ്തകമനുസരിച്ച് എങ്ങനെയാണ് ജീവിതവിശുദ്ധി കൈവരിക്കേണ്ടത്? (ആമുഖം)

(a) ബലികളും മറ്റ് ആരാധനാനുഷ്ഠാനങ്ങളും വഴി (b) ബലികളും മറ്റ് പ്രാർത്ഥനകളും വഴി

(05) ലേവ്യഗ്രന്ഥത്തിൽ വളരെ പ്രാധാന്യം കൊടുക്കുന്നത് എന്തിനൊക്കെയാണ്? (ആമുഖം)

(a) ബാഹ്യമായ ശുദ്ധിക്കും അശുദ്ധിക്കും (b) ബാഹ്യമായ ശുദ്ധിക്കും പ്രാർത്ഥനക്കും

(06) ഈ ഗ്രന്ഥത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത് ആരെ കുറിച്ചാണ്? (ആമുഖം)

(a) മോശ (b) ലേവ്യർ

(07) ലേവ്യരുടെ ഗ്രന്ഥത്തിൽ എത്ര അദ്ധ്യായം ഉണ്ട്? (ആമുഖം)

(a) 16 (b) 27

(08) സമാഗമകൂടാരത്തിൽ നിന്ന് കർത്താവ് ആരെയാണ് വിളിച്ചത്? (01 : 01)
(a) അഹറോൻ (b) മോശ

(09) ദഹനബലിക്കുള്ള മൃഗം കാലിക്കൂട്ടത്തിൽ നിന്നാണെങ്കിൽ എങ്ങ നെയുള്ളതായിരിക്കണം? (01:03)
(a) ബലിമൃഗം (b) ഊനമറ്റ ഒരു കാള

(10) കർത്താവിനു സ്വീകാര്യമാകാൻ സമാഗമകൂടാരത്തിന്റെ എവിടെ യാണ് ബലിസമർപ്പിക്കേണ്ടത്? (01:03)
(a) വാതില്ക്കൽ (b) ഒരറ്റത്ത്

(11) സമാഗമകൂടാരത്തിന്റെ വാതില്ക്കലുള്ള ബലിപീഠത്തിനു ചുറ്റും ആരാണ് കാളക്കുട്ടിയുടെ രക്തം തളിക്കേണ്ടത്? (01:05)
(a) മോശയുടെ പുത്രൻമാർ (b) അഹറോന്റെപുത്രന്മാർ

(12) ബലിമൃഗത്തിന്റെ അന്തർഭാഗങ്ങളും കാലുകളും എന്തിലാണ് കഴു കേണ്ടത്? (01: 09)
(a) രക്തത്തിൽ (b) വെള്ളത്തിൽ

(13) ദഹനബലിക്കായുള്ള കാഴ്ചമൃഗം ചെമ്മരിയാടോ കോലാടോ ആണെങ്കിൽ അത് എങ്ങനെ ഉള്ളതായിരിക്കണം? (01:10)
(a) ഊനമറ്റ ചെമ്മരിയാട് (b) ഊനമറ്റ മുട്ടാടായിരിക്കണം

(14) ബലിപീഠത്തിന്റെ എവിടെവെച്ചാണ് കാഴ്ചമൃഗത്തെ കൊല്ലേ ണ്ടത്? (01: 11)
(a) കിഴക്ക് വശത്ത് (b) വടക്ക് വശത്ത്

(15) 'കർത്താവിനു പ്രീതികരമായ സൗരഭ്യവും; എന്നത് ഒന്നാം അദ്ധ്യാ യത്തിൽ എത്ര പ്രാവശ്യം ആവർത്തിക്കുന്നു?
(a) 05 (b) 03

(16) ദഹനബലിയായി പക്ഷികളെയാണ് അർപ്പിക്കുന്നതെങ്കിൽ ഏതെല്ലാം പക്ഷികളെയാണ് തിരഞ്ഞെടുക്കേണ്ടത്? (1:14)
(a) ചെങ്ങാലിയോ പ്രാവിൻകുഞ്ഞോ (b) ചെങ്ങാലികുഞ്ഞോ, പ്രാവോ

(17) ദഹനബലിക്കുള്ള പക്ഷികളെ ആരാണ് കൊല്ലുന്നത്? (01:15)
(a) അഹറോൻ (b) പുരോഹിതൻ

(18) പക്ഷികളുടെ ആമാശയവും തൂവലുകളും ബലിപീഠത്തിന്റെ എവി ടെയാണ് ഉപേക്ഷിക്കുക? (01:16)
(a) കിഴക്ക്വശത്ത് (b) തെക്കുവശത്ത്

(19) ആരെങ്കിലും കർത്താവിനു ധാന്യബലി അർപ്പിക്കുന്നെങ്കിൽ ബലി വസ്തു എങ്ങനെയുള്ളതായിരിക്കണം? (02:01)
(a) നേർത്തതായിരിക്കണം (b) നേർമ്മയുള്ളമാവായിരിക്കണം

(20) ധാന്യബലിവസ്തുവിൽ ശേഷിച്ച ഭാഗം ആർക്കുള്ളതാണ്? (0:03)
(a) അഹറോനും പുത്രന്മാർക്കും (b) മോശയ്ക്കും പുത്രന്മാർക്കും

(21) കർത്താവിനുള്ള ദഹനബലികളിൽ ഏറ്റവും വിശുദ്ധമായത് എന്താണ്? (02:03)

(a) പാപപരിഹാരബലി (b) ധാന്യബലി

(22) ധാന്യബലി ഉണ്ടാക്കികൊണ്ടു വരുമ്പോൾ ആരെയാണ് ഏൽപി ക്കേണ്ടത്? (02:08)

(a) അഹറോനെ (b) പുരോഹിതനെ

(23) ദഹനബലിയായി ഉപയോഗിക്കാൻ പാടില്ലാത്ത വസ്തുക്കളേവ? (02:11)

(a) എണ്ണ, തേൻ (b) പുളിമാവ്, തേൻ

(24) ധാന്യബലികളോടുകൂടി നിർബന്ധിതമായി ചേർക്കേണ്ട വസ്തു.? (02:12–13)

(a) എണ്ണ (b) ഉപ്പ്

(25) 'ഇത് നിങ്ങൾ വസിക്കുന്നിടത്തെല്ലാം തലമുറതോറും എന്നേക്കു മുള്ള ഒരു നിയമായിരിക്കും എന്തായിരുന്നു. ആ നിയമം? (03:17)

(a) രക്തവും, മേദസ്സും ഭക്ഷിച്ചു കൂടാ എന്നത് (b) രക്തവും, മേദസ്സും ഭക്ഷിക്കാം എന്നത്

(26) ആരായിരിക്കണം കാളക്കുട്ടിയുടെ കുറെ രക്തമെടുത്ത് സമാഗമ കൂടാരത്തിലേക്ക് കൊണ്ടു വരേണ്ടത്? (04–05)

(a) അഹറോൻ (b) അഭിഷിക്ത പുരോഹിതൻ

(27) കാളയുടെ രക്തത്തിൽ വിരൽമുക്കി കർത്താവിന്റെ സന്നിധിയിൽ തിരശ്ശീലയ്ക്കുമുമ്പിൽ എത്ര പ്രാവശ്യം തളിക്കണം? (04:17)

(a) ആറ് പ്രാവശ്യം (b) ഏഴ് പ്രാവശ്യം

(28) ഇസ്രായേൽ സമൂഹം മുഴുവനും പാപം ചെയ്യുകയാണെങ്കിൽ എന്താണ് പാപപരിഹാരത്തിനു വേണ്ടി ബലിയർപ്പിക്കേണ്ടിയി രുന്നത്? (04:21)

(a) ചെമ്മരിയാടിനെ (b) കാളയെ

(29) ഒരു ഭരണാധികാരി തന്റെ അറിവില്ലായ്മ മൂലം കുറ്റക്കാരനായാൽ പാപപരിഹാരബലിയായി അർപ്പിക്കേണ്ടിയിരുന്നത് എന്ത്? (04:23)

(a) ചെമ്മരിയാടിൻ മുട്ടനെ (b) കോലാട്ടിൻ മുട്ടനെ

(30) പാപപരിഹാരബലിയായി ചെമ്മരിയാടിനെയാണ് കൊണ്ടു വരു ന്നതെങ്കിൽ അത് എങ്ങനെയുള്ളതായിരിക്കണം? (04:32)

(a) ഊനമറ്റ ചെമ്മരിയാടായിരിക്കണം (b) ഊനമറ്റ പെണ്ണാടാ യിരിക്കണം

(31) ജനങ്ങളിലാരെങ്കിലും അറിവില്ലായ്മമൂലം കുറ്റക്കാരനായാൽ പാപപരിഹാരബലിയായി അർപ്പിക്കേണ്ടിയിരുന്നത് എന്ത്? (04:28)

(a) ഊനമറ്റ കോലാട്ടിൻ മുട്ടനെ (b) ഊനമറ്റ പെൺ കോലാ ടിനെ

(32) പാപപരിഹാരത്തിനായി ആട്ടിൻകുട്ടിയെ നല്കാൻ കഴിവില്ലെങ്കിൽ പകരമായി എന്തെല്ലാം നല്കാം? (05:07)

(a) രണ്ടു ചങ്ങാലികളെയോ മൂന്നു പ്രാവിൻകുഞ്ഞുങ്ങളെയോ
(b) രണ്ടു ചങ്ങാലികളെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ

(33) ആട്ടിൻകുട്ടിയെ നല്കാൻ കഴിവില്ലാത്തവൻ കൊണ്ടുവരുന്നകാഴ്ചകളിൽ ഏതു ബലിക്കുള്ളതാണ് പുരോഹിതൻ ആദ്യം അർപ്പിക്കേണ്ടത്? (05:08)
(a) പാപപരിഹാരബലിയ്ക്ക് (b) ദഹനബലിയ്ക്ക്

(34) ബലിയർപ്പിച്ച പക്ഷിയുടെ രക്തമെടുത്ത് പുരോഹിതൻ ബലിപീഠത്തിന്റെ എവിടെയാണ് തളിക്കുന്നത്? (05:09)
(a) ബലീപീഠത്തിന്റെ നടുവിൽ (b) ബലീപീഠത്തിന്റെ പാർശ്വത്തിൽ

(35) പാപപരിഹാരബലിയ്ക്കുള്ള മാവിൽ ചേർക്കാൻ പാടില്ലാത്ത രണ്ടു സാധനങ്ങൾ ഏവ? (05:11)
(a) എണ്ണ, കുന്തിരിയ്ക്കം (b) എണ്ണ, നെയ്യ്

(36) പാപപരിഹാരബലിയിൽ ശേഷിച്ച മാവ് ആർക്കുള്ളതാണ്? (05:13)
(a) ജനങ്ങൾക്ക് (b) പുരോഹിതന്

(37) വിശുദ്ധ വസ്തുക്കൾക്കു നഷ്ടം വരുത്തുന്നവൻ പരിഹാരമായി എന്തെല്ലാം പുരോഹിതനെ ഏല്പിക്കണം? (05:16)
(a) പരിഹാരത്തുകയും അതിന്റെ ഒരു ഭാഗവുംകൂടി (b) പരിഹാരത്തുകയും അതിന്റെ അഞ്ചിലൊന്നും കൂടി

(38) അറിയാതെചെയ്ത പാപത്തിന് ഒരാൾക്കുവേണ്ടി പരിഹാരം ചെയ്യേണ്ടത് ആരാണ്? (05:18)
(a) പ്രധാനപുരോഹിതൻ (b) പുരോഹിതൻ

(39) ബലിപീഠത്തിൽ എന്താണ് തുടരെ കത്തിക്കൊണ്ടിരിക്കുന്നത്? (06:09)
(a) വിളക്ക് (b) അഗ്നി

(40) ബലിപീഠത്തിൽ ദിവസവും രാവിലെ വിറകടുക്കേണ്ടത് ആരാണ്? (06:12)
(a) ലേവ്യർ (b) പുരോഹിതൻ

(41) ആരാണ് ധാന്യബലി കർത്താവിന്റെ സന്നിധിയിൽ ബലിപീഠത്തിനു മുമ്പിൽ അർപ്പിക്കേണ്ടത്? (06:14)
(a) മോശയുടെ പുത്രൻമാർ (b) അഹറോന്റെ പുത്രൻമാർ

(42) അഹറോനും പുത്രന്മാർക്കും ധാന്യബലിവസ്തുക്കളിൽ അവകാശമുണ്ടോ? ഇല്ലേ? (06:16-17)
(a) ഇല്ല (b) ഉണ്ട്, അവശേഷിക്കുന്ന ബലിവസ്തുക്കളിൽ

(43) ധാന്യബലിയിലെ ശേഷിക്കുന്നത് അഹറോനും പുത്രന്മാരും ഭക്ഷിക്കേണ്ടത് എവിടെവെച്ചാണ്? (06:16)
(a) സമാഗമകൂടാരത്തിന്റെ പുറകിൽ (b) സമാഗമകൂടാരത്തിന്റെ അങ്കണത്തിൽ

(44) പാപപരിഹാരബലിപോലെയും, പ്രായ്ശ്ചിത്തബലി പോലെയും ഏറ്റവും വിശുദ്ധമായത് എന്താണ്? (06:17)

(a) ധാന്യബലി (b) ദഹനബലി

(45) കർത്താവിന്റെ ദഹനബലിയിൽ സ്പർശിക്കുന്നവരെല്ലാം എന്താ യിതീരും? (06:18)

(a) പരിശുദ്ധരാകും (b) വിശുദ്ധരാകും

(46) അഹറോനും അവന്റെ പുത്രന്മാരും അഭിഷേക ദിവസം കർത്താ വിനു സമർപ്പിക്കേണ്ട ബലി ഏതാണ്? (06:20)

(a) ധാന്യബലി (b) പാപപരിഹാരബലി

(47) അനുദിന ധാന്യബലിക്കായി എടുക്കേണ്ട നേരിയ മാവ് എത്ര? (06:20)

(a) ഒരു ഏഫായുടെ അഞ്ചിലൊന്ന് (b)ഒരു ഏഫായുടെ പത്തിലൊന്ന്

(48) അഹറോന്റെ പുത്രന്മാരിൽ അവന്റെ പിൻതുടർച്ചാവകാശം ആർക്കുള്ളതാണ്? (06-22)

(a) പുരോഹിതന് (b) പ്രധാനപുരോഹിതന്

(49) പാപപരിഹാരബലിയിൽ ദഹനബലി മൃഗത്തിന്റെ മാംസം ആർക്ക് അവകാശപ്പെട്ടതാണ്? (06:26-29)

(a) പുരോഹിതന് മാത്രം (b) പുരോഹിതവംശത്തിൽപ്പെട്ട എല്ലാ പുരുഷന്മാർക്കും

(50) പാപപരിഹാരബലിക്കുള്ള മൃഗത്തിന്റെ മാംസത്തിൽ തൊടുന്നവ രെല്ലാം എന്തായിത്തീരും? (06:27)

(a) അഭിഷിക്തരാകും (b) വിശുദ്ധരാകും

(51) ദഹനബലിയായി അർപ്പിക്കുന്ന മൃഗത്തിന്റെ തുകൽ ആർക്ക് അവ കാശപ്പെട്ടതാണ്? (07:08)

(a) അർപ്പിക്കുന്ന വ്യക്തിക്ക് (b) അർപ്പിക്കുന്ന പുരോഹിതന്

(52) കർത്താവിനു സമർപ്പിക്കുന്ന സമാധാനബലി എന്തിനുവേണ്ടി യാണ് നടത്തുന്നത്? (07:12)

(a) കൃതജ്ഞതാപ്രകാശനത്തിന് (b) നന്ദിയുടെ പ്രകാശനത്തിന്

(53) സമാധാനബലിക്കുള്ള മൃഗത്തിന്റെ ഏതു ഭാഗമാണ് പ്രത്യേക കാഴ്ചയായി പുരോഹിതന് നല്കേണ്ടത്? (07:32)

(a) ഇടത്തെ കുറക് (b) വലത്തെ കുറക്

(54) 01 മുതൽ 07 വരെയുള്ള അധ്യായങ്ങളിൽ എത്ര ബലിയർപ്പണ ത്തെക്കുറിച്ചുള്ള നിയമങ്ങളാണുള്ളത്? (07:37)

(a) ആറ് (b) ഏഴ്

(55) എവിടെ വച്ചു തനിക്കു ബലിയർപ്പിക്കണമെന്നാണ് ഇസ്രാ യേൽക്കാരോട് ദൈവം കല്പിച്ചത്? (07:38)

(a) സീനായ് മരുഭൂമിയിൽ വെച്ച് (b) സീനായ് മലയിൽ വെച്ച്

(56) പാപപരിഹാരബലിക്കുള്ള  കാളയെ കൊണ്ടു വന്നതാരാണ്? (08:14)

(a) മോശ (b) അഹറോൻ

(57) അഹറോന്റെ പുരോഹിതാഭിഷേകത്തിന് എത്ര ദിവസം വേണ മെന്നാണ് മോശ പറഞ്ഞത്? (08:33)

(a) ആറ് ദിവസം (b) ഏഴ് ദിവസം

(58) കർത്താവിന്റെ കല്പനകൾ കാത്തുകൊണ്ട് എത്ര ദിവസം രാവും പകലും സമാഗമകൂടാരത്തിന്റെ വാതില്ക്കൽ കഴിയണം? (08:35)

(a) ഏഴ് ദിവസം (b) അഞ്ച് ദിവസം

(59) അഹറോൻ ജനങ്ങൾക്കുവേണ്ടി സമാധാന ബലിയായി എന്തിനെയെല്ലാമാണ് കൊന്നത്? (09:18)

(a) കാളയെയും, കാളക്കുട്ടിയെയും (b) കാളയെയും, മുട്ടാടിനെയും

(60) അഹറോനും, മോശയും  സമാഗമകൂടാരത്തിൽ നിന്ന് പുറത്തു വന്നു ജനത്തെ ആശീർവദിച്ചപ്പോൾ അവർക്ക് പ്രത്യക്ഷപ്പെട്ടത് എന്താണ്? (09:23)

(a) കർത്താവിന്റെ മഹത്വം (b) കർത്താവിന്റെ ശക്തി

(61) ബലിപീഠത്തിലിരുന്ന ദഹനബലിയും മേദസ്സും ദഹിപ്പിക്കുന്ന അഗ്നി പുറപ്പെട്ടത് എവിടെ നിന്നാണ്? (09-24)

(a) സമാഗമകുടാരത്തിൽ നിന്ന് (b) കർത്താവിന്റെ സന്നിധിയിൽ നിന്ന്

(62) നാദാബിന്റെയും, അബിഹുവിന്റെയും പിതാവാര്? (10:01)

(a) മോശ (b) അഹറോൻ

(63) അഹറോന്റെ പിതൃസഹോദരനായ  ഉസിയേലിന്റെ പുത്രന്മാർ ആരെല്ലാം? (10:04)

(a) വിഷായേൽ, എൽസഫാൻ (b) കൊഹാത്തൻ, കോറഹും

(64) ഭൂമുഖത്തെ മൃഗങ്ങളിൽ ഇസ്രായേൽ ജനത്തിനു ഭക്ഷിക്കാവുന്ന മൃഗങ്ങൾ ഏതെല്ലാം? (11:03)

(a) പാദം വിഭജിച്ചിരിക്കുന്നതും, ഇരട്ടകുളമ്പുള്ളതും അയവിറക്കുന്നതും (b) പാദം വിഭജിച്ചിരിക്കുന്നതും, ഇരട്ടകുളമ്പുള്ളതും അയവിറക്കാത്തതും

(65) ജലജീവികളിൽ ഏതിനെയെല്ലം ഭക്ഷിക്കാവുതാണ്? (11:09)

(a) കടലിലും നദിയിലും ജീവിക്കുന്ന, ചിറകും ചെതുമ്പലും ഉള്ളവയെല്ലാം (b) കടലിലും നദിയിലും ജീവിക്കുന്ന, ചിറകും ചെതുമ്പലും ഇല്ലാത്തതെല്ലാം

(66) ചിറകും ചെതുമ്പലുമില്ലാത്ത  ജലജീവികളെല്ലാം ജനങ്ങൾക്ക് എന്തായിരിക്കണം? (11:10-12)

(a) അശുദ്ധമായിരിക്കണം (b) നിന്ദ്യമായിരിക്കണം

(67) ഏതുതരം ജന്തുക്കൾ നിന്ദ്യമാണെന്നാണ് ദൈവം കല്പിച്ചത്? (11:41)

(a) ഇഴജന്തുകൾ (b) ഉരകങ്ങൾ

(68) ആൺകുഞ്ഞിനെ പ്രസവിക്കുന്ന സ്ത്രീ എത്ര ദിവസത്തേക്ക് അശുദ്ധയായിരിക്കും? (12:02)

(a) അഞ്ചു ദിവസത്തേക്ക് (b) ഏഴു ദിവസത്തേക്ക്

(69) ആൺ കുട്ടിയെ പരിച്ഛേദനം ചെയ്യേണ്ടത് എത്രാം ദിവസമാണ്? (12:03)

(a) എട്ടാം ദിവസം (b) പതിനാലാം ദിവസം

(70) രക്തത്തിൽ നിന്നുള്ള ശുദ്ധീകരണത്തിനായി ആൺകുഞ്ഞിനെ പ്രസവിച്ച സ്ത്രീ എത്ര ദിവസത്തേക്ക് അശുദ്ധയായിരിക്കും? (12:04)

(a) നല്പത്തി ഒന്ന് ദിവസം (b) മുപ്പത്തിമൂന്നാം ദിവസം

(71) പെൺകുഞ്ഞിനെ പ്രസവിക്കുന്ന സ്ത്രീ എത്ര ദിവസത്തേക്ക് അശുദ്ധമായിരിക്കും? (12:05)

(a) നാലാഴ്ചത്തേക്ക് (b) രണ്ടാഴ്ചത്തേക്ക്

(72) രക്തത്തിൽ നിന്നുള്ള ശുദ്ധീകരണത്തിനായി പെൺകുഞ്ഞിനെ പ്രസവിച്ച സ്ത്രീ എത്ര ദിവസം കാത്തിരിക്കണം? (12:05)

(a) 81 ദിവസം (b) 66 ദിവസം

(73) കുഷ്ഠമുള്ള ഭാഗത്തിന്റെ ലക്ഷണമെന്ത്? (13:03)

(a) അവിടെയുള്ള രോമം വെളുത്തതും അവിടം ചുറ്റുമുള്ളഭാഗ ത്തേക്കാൾ കുഴിഞ്ഞതുമായിരിക്കും (b) അവിടെയുള്ള രോമം ചെമ്പിച്ചതും അവിടം ചുറ്റുമുള്ളഭാഗത്തേക്കാൾ കുഴിഞ്ഞതുമാ യിരിക്കും

(74) പ്രായശ്ചിത്തബലിക്കുള്ള മൃഗം ആർക്കുള്ളതാണ്? (14:13)

(a) പുരോഹിതന് (b) അഹറോന്

(75) പന്ത്രണ്ട് മുതൽ പതിനഞ്ചുവരെയുള്ള അധ്യായങ്ങളിൽ കൂടു തൽ പ്രാധാന്യം നല്കിയിരിക്കുന്ന സംഖ്യ ഏത്?

(a) മൂന്ന് (b) ഏഴ്

(76) ലേവ്യർ 14:34 ലെ പൂപ്പൽ എന്ന വാക്കിന്റെ ഹീബ്രുമൂലം എന്താണ്?

(a) കുഷ്ഠം (b) ശമിപ്പിക്കുക

(77) വീടിന്റെ ഭിത്തി മറ്റു ഭാഗങ്ങളേക്കാൾ കുഴിഞ്ഞ് പച്ചയോ ചുവപ്പോ നിറമുള്ള പാടുകൾ പ്രത്യക്ഷപ്പെട്ടാൽ ആ വീട് എത്ര ദിവസ ത്തേയ്ക്ക് പൂട്ടിയിടണം? (14-38)

(a) ഏഴ് ദിവസം (b) പതിനാല് ദിവസം

## യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം

(01) യോഹന്നാൻ തന്റെ ഒന്നാം ലേഖനം ആർക്കുവേണ്ടിയാണ് എഴു തിയത്? (ആമുഖം)

(a) ക്രൈസ്തവ സമൂഹത്തിനുവേണ്ടി (b) ഏഷ്യാമൈനറിലെ ക്രൈസ്തവ സമൂഹങ്ങൾക്കുവേണ്ടി

(02) യോഹന്നാന്റെ ലേഖനത്തിലെ ഏറ്റവും ആദ്യത്തെ വാചകം? (01:01)
(a) ദൈവം നമ്മോടുകൂടെ (b) ആദിമുതൽ ഉണ്ടായിരുന്നത്
(03) യോഹന്നാൻ എന്താണ് കണ്ടത്? (01:01–02)
(a) വചനം (b) ജീവന്റെ വചനം
(04) ആരാണ് കാണുകയും കേൾക്കുകയും ചെയ്തതു അറിയിച്ചത്? (01:03)
(a) യോഹന്നാൻ (b) സഹപ്രവർത്തകർ
(05) എന്തിനാണ് വെളിപ്പെടുത്തപ്പെട്ട നിത്യജീവനെപ്പറ്റി പ്രസംഗിക്കുതെന്നാണ് യോഹന്നാൻ പറയുന്നത്? (01:03)
(a) കൂട്ടായ്മയുണ്ടാകാൻ (b) സ്നേഹമുണ്ടാക്കുവാൻ
(06) 'അവനിൽ നിന്നു കേൾക്കുകയും നിങ്ങളോടു പറയുകയും ചെയ്ത സന്ദേശം; എന്തായിരുന്നു? (01:05–06)
(a) ദൈവം പ്രകാശമാണ് (b) ദൈവം പ്രകാശമാണ്, ദൈവത്തിൽ അന്ധകാരമില്ല
(07) എല്ലാപാപങ്ങളിൽ നിന്നും നമ്മെ ശുദ്ധീകരിക്കുന്നതെന്ത്? (01:07)
(a) ദൈവപുത്രനായ യേശുക്രിസ്തുവിന്റെ രക്തം (b) യേശുവിന്റെ രക്തം
(08) പിതാവിന്റെ സന്നിധിയിൽ നമുക്കുള്ള മധ്യസ്ഥൻ ആര്? (02:01)
(a) നീതിമാനായ യേശുക്രിസ്തു (b) ഉത്ഥിതനായയേശുക്രിസ്തു
(09) സത്യമായും ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നത് ആരിലാണ്? (02:05)
(a) അവന്റെ വചനം പാലിക്കുന്നവനിൽ (b) അവന്റെ വഴിയെ നടക്കുന്നവനിൽ
(10) ആരംഭം മുതൽ നല്കപ്പെട്ട പഴയകല്പന ഏതാണ്? (02:07)
(a) ക്ഷമിക്കുക (b) സ്നേഹം
(11) ഈ ലോകത്തിൽ എന്താണ് അസ്തമിച്ചുകൊണ്ടിരിക്കുന്നത്? (02:08)
(a) പ്രകാശം (b) അന്ധകാരം
(12) 'താൻ പ്രകാശത്തിലാണെന്നു പറയുകയും അതേ സമയം തന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ ഇപ്പോഴും അന്ധകാരത്തിലാണ്; അധ്യായം എത്ര? വാക്യം എത്ര?
(a) 03 : 02 (b) 02 : 09
(13) സഹേദരനെ സ്നേഹിക്കുന്നവൻ എവിടെ വസിക്കുന്നു എന്നാണ് യോഹന്നാൻ ശ്ലീഹാ പറയുന്നത്? (02:10)
(a) പ്രകാശത്തിൽ (b) ലോകത്തിൽ
(14) സഹോദരന്റെ കണ്ണുകളിൽ എന്ത് അന്ധമാക്കുന്നത് കൊണ്ടാണ് എവിടേക്കാണു പോകുന്നതെന്ന് അറിയാതെ പോകുന്നത്? (02:11)
(a) ഇരുട്ട് (b) വെറുപ്പും, ദ്വേഷവും

(15) ആരുടെ നാമത്തെ പ്രതിയാണ് പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നത്? (02:12)
(a) യോഹന്നാന്റെ (b) പിതാവിന്റെ
(16) കുഞ്ഞുങ്ങൾ ആരെയാണ് അറിയേണ്ടത്? (02:14)
(a) മാതാവിനെ (b) പിതാവിനെ
(17) ഏറ്റവും ശക്തരായവർ ആരാണ്? (02:14)
(a) യുവാക്കൾ (b) പിതാക്കൾ
(18) ദൈവത്തിന്റെ വചനത്തിൽ വസിക്കുകയും ദുഷ്ടനെ ജയിക്കുകയും ചെയ്തിരിക്കുന്നത് ആരാണ്? (02:14)
(a) യുവാക്കന്മാർ (b) കുഞ്ഞുങ്ങൾ
(19) ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ സ്നേഹിച്ചാൽ ആരുടെ സ്നേഹമാണ് ഇല്ലാതെയാകുന്നത്? (02:15)
(a) പുത്രന്റെ (b) പിതാവിന്റെ
(20) 'ലോകവും അതിന്റെ മോഹങ്ങളും കടന്നു പോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനില്ക്കുന്നു. അദ്ധ്യായം എത്ര? വാക്യം എത്ര?;
(a) 02 : 15 (b) 02 : 17
(21) യോഹന്നാൻശ്ലീഹ അവസാന മണിക്കൂറാണ് എന്ന് പറയുന്നത് ആരോടാണ്? (02:18)
(a) യുവാക്കളോട് (b) കുഞ്ഞുങ്ങളോട്
(22) പിതാവ് നമ്മുക്കു നല്കിയിരിക്കുന്ന വാഗ്ദാനം എന്താണ്? (02:25)
(a) നിത്യജീവൻ (b) നിത്യരാജ്യം
(23) യോഹന്നാൻശ്ലീഹയുടെ ലേഖനത്തിൽ ഏറ്റവും വലിയ അദ്ധ്യായം എതാണ്?
(a) 02 (b) 05
(24) നീതി പ്രവർത്തിക്കുന്ന ഏവനും ആരിൽ നിന്ന് ജനിച്ചതാണ്? (02:29)
(a) പിതാവിൽ (b) ക്രിസ്തുവിൽ
(25) ആരാണ് നമ്മോടു വലിയ സ്നേഹം കാണിച്ചത്? (03:01)
(a) പിതാവ് (b) യോഹന്നാൻ
(26) മനുഷ്യൻ ചെയ്യുന്ന ഏറ്റവും വലിയ നിയമലംഘനം എന്താണ്? (03:04)
(a) പാവം (b) ദുഷ്ടത
(27) പിശാചിന്റെ പ്രവർത്തികളെ നശിപ്പിക്കുന്നതിനുവേണ്ടി ആരാണ് പ്രത്യക്ഷപ്പെടുന്നത്? (03:08)
(a) ആത്മാവ് (b) ദൈവപുത്രൻ
(28) ദൈവത്തിൽ നിന്നു ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല. കാരണമെന്താണ്? (03:09)

(a) ദൈവികജീവൻ (b) ദൈവചൈതന്യം

(29) 'നീതി പ്രവർത്തിക്കാത്ത ഒരുവനും ദൈവത്തിൽ നിന്നുള്ളവനല്ല. തന്റെ സഹോദരനെ സ്നേഹിക്കാത്തവനും അങ്ങനെ തന്നെ അദ്ധ്യായം എത്ര? വാക്യം എത്ര?

(a) 02 : 12 (b) 03 : 10

(30) തിന്മയുടെ സന്തതിയും സഹോദരന്റെ കൊലയാളിയുമായ വ്യക്തിയാര്? (03:12)

(a) ആബേൽ (b) കായേൽ

(31) സഹോദരന്റെ കൊലയാളിയെകുറിച്ച് പറയുന്ന പഴയനിയമ പുസ്തകം എതാണ്?

(a) ഉൽപത്തി (b) ലേവ്യർ

(32) സഹോദരനെ വെറുക്കുന്നവൻ എന്തായിതീരുന്നു? (03:15)

(a) കൊലപാതകി (b) പിശാച്

(33) കൊലപാതകിയിൽ എന്താണ് വസിക്കുന്നില്ലാത്തത്? (03:15)

(a) ദൈവീകജീവൻ (b) നിത്യജീവൻ

(34) വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്. പ്രവർത്തിയിലും സത്യത്തിലുമാണ് എന്ന് യോഹന്നാൻശ്ലീഹ ആരോടാണ് പറഞ്ഞത്? (03:18)

(a) യുവാക്കളോട് (b) കുഞ്ഞുങ്ങളോട്

(35) ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ ദൈവത്തിന്റെ മുമ്പിൽ നമുക്ക് എന്താണ് ലഭിക്കുന്നത്? (03:21)

(a) നീതി (b) ആത്മധൈര്യം

(36) ആദിമുതലേ നാം കേട്ടിരിക്കുന്ന സന്ദേശമെന്താണെന്നാണ് യോഹന്നാൻശ്ലീഹ പറയുന്നത്? (03:11)

(a) നാം പരസ്പരം സ്നേഹിക്കണം (b) നാം പരസ്പരം നന്മ ചെയ്യണം

(37) എങ്ങനെയാണ് യേശു നമ്മിൽ വസിക്കുന്നു എന്നുനാമറിയുന്നത്? (03:24)

(a) അവൻ നമ്മുക്കു നല്കിയിരിക്കുന്ന ആത്മാവുമൂലം (b) അവൻ നമ്മുക്കു നല്കിയിരിക്കുന്ന സമാധാനം മൂലം

(38) യേശുവിനെ ഏറ്റു പറയാത്ത ആത്മാവ് ഏതാണ്? (04:03)

(a) അന്തിക്രിസ്തുവിന്റെ ആത്മാവ് (b) പിശാചിന്റെ അരൂപി

(39) സ്നേഹം ആരിൽ നിന്നുള്ളതാണ്? (04:07)

(a) ആത്മാവിൽ നിന്ന് (b) ദൈവത്തിൽ നിന്ന്

(40) സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, കാരണമെന്ത്? (04:08)

(a) ദൈവം സ്നേഹമാണ് (b) സ്നേഹംദൈവത്തിൽ നിന്നുമാണ്

(41) പൂർണ്ണമായ സ്നേഹം എന്തിനെ ബഹിഷ്ക്കരിക്കുന്നു? (04:18)
(a) ശിക്ഷയെ (b) ഭയത്തെ

(42) ക്രിസ്തുവിൽ നിന്നും ലഭിച്ചിരിക്കുന്ന കല്പന എന്താണ്? (04:21)
(a) ക്രിസ്തുവിനെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം (b) ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം

(43) ദൈവത്തെ സ്നേഹിക്കുകയെന്നാൽ എന്താണ് അർത്ഥമാക്കുക? (05:03)
(a) അവിടുത്തെ കല്പനകൾ അനുസരിക്കുക (b) അവിടുത്ത വചനം പാലിക്കുക

(44) ആരാണു ലോകത്തെ ജയിക്കുക? (05:05)
(a) യേശു രക്ഷകനാണെന്നു വിശ്വസിക്കുന്നവൻ (b) യേശു ദൈവപുത്രനാണെു വിശ്വസിക്കുന്നവൻ

(45) ഏതൊക്കെയാണ് മൂന്നു സാക്ഷികൾ? (05:07)
(a) ജലം, രക്തം, ശരീരം (b) ആത്മാവ്, ജലം, രക്തം,

(46) ദൈവത്തെ വിശ്വസിക്കാത്തവൻ, ദൈവം തന്റെ പുത്രനെക്കുറിച്ചു നല്കിയ സാക്ഷ്യം വിശ്വസിക്കായ്കകൊണ്ട് എന്തു ചെയ്യുന്നു? (05:10)
(a) ദൈവത്തെ ദുഷിച്ചു തള്ളിപറയുന്നു (b) ദൈവത്തെ കള്ളം പറയുന്നവനാക്കിയിരിക്കുന്നു.

(47) പുത്രനെ സ്വന്തമാക്കിയവൻ എന്തുസ്വന്തമാക്കിയിരിക്കുന്നു? (05:12)
(a) ശരീരത്തെ (b) ജീവനെ

(48) ആരാണ് സത്യദൈവവും, നിത്യജീവനും.? (05:20)
(a) പുത്രനായ ക്രിസ്തു (b) പുത്രനായ യേശു ക്രിസ്തു

(49) യോഹന്നാന്റെ ഒന്നാം ലേഖനത്തിലെ അവസാനവാക്യമേത്? (05:21)
(a) കുഞ്ഞുമക്കളേ, വിഗ്രഹങ്ങളിൽ നിന്ന് അകന്നിരിക്കുവിൻ
(b) കുഞ്ഞുമക്കളേ, സ്നേഹത്തിൽ ആയിരിക്കുവിൻ

(50) യോഹന്നാന്റെ 1-ാം ലേഖനത്തിലെ ഏറ്റവും ചെറിയ അധ്യായം ഏത്? വാക്യങ്ങൾ എത്ര?
(a) അധ്യായം 03, വാക്യങ്ങൾ 08
(b) അധ്യായം 01, വാക്യങ്ങൾ 10

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# കെ. സി. വൈ. എം.

## സഹചലനം - യൂണിറ്റ് വിസിറ്റ്

യൂണിറ്റ് ശാക്തീകരണം ലക്ഷ്യം വെച്ച് രൂപത, മേഖല പ്രതിനിധികൾ യൂണിറ്റ് സന്ദർശനം നടത്തുന്നു. ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും ഒന്നിച്ച് കൂട്ടുവാനും സംഘടനാ പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ച് അവബോധം ഉണ്ടാകാൻ ഉതകുന്ന ഒരു ക്ലാസ്സും നൽകുവാൻ താല്പര്യപ്പെടുന്നു. സന്ദർശന അവസരത്തിൽ യൂണിറ്റുകളുടെ റിപ്പോർട്ടുകളും ഫയലുകളും പരിശോധിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ്. ഓരോ മേഖലകളിലും വിസിറ്റിന് വരുന്ന തീയതി ചുവടെ ചേർക്കുന്നു.

മണിമൂളി - ഏപ്രിൽ 28, നിലമ്പൂർ - ഏപ്രിൽ 28, പുൽപ്പള്ളി - മെയ് 5, ബത്തേരി - മെയ് 12, പയ്യമ്പള്ളി - മെയ് 19, കല്ലോടി - മെയ് 26, മാനന്തവാടി - ജൂൺ 2, നടവയൽ - ജൂൺ 9, കൊട്ടിയൂർ - ജൂൺ 16, തരിയോട് - ജൂൺ 23, കല്പ്പറ്റ - ജൂൺ 30.

തന്നിരിക്കുന്ന തീയതികളിൽ എന്തെങ്കിലും അസൗകര്യമുണ്ടെങ്കിൽ നേരത്തെതന്നെ രൂപത കേന്ദ്രത്തിൽ അറിയിക്കുമല്ലോ.

## യുവഗാഥ - മേഖല സമ്മേളനം

യൂണിറ്റ് വിസിറ്റ് തീരുന്നതിനനുസരിച്ച് മേഖല സമ്മേളനങ്ങൾ നടത്തേണ്ടതാണ്. മേഖലയിലെ ഓരോ യൂണിറ്റിലെയും മുഴുവൻ യുവജനങ്ങൾ ഒരുമിച്ച് ചേരുന്ന വേദിയാണ് മേഖല സമ്മേളനങ്ങൾ. ഓരോ മേഖലയ്ക്കും അനുയോജ്യമായ തീയതികൾ മേഖല സമിതി രൂപത കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

## രക്തദാന സേന

രൂപത KCYM ന്റെ നേതൃത്വത്തിൽ എല്ലാ മേഖലകളിലും രക്തദാന സേന രൂപീകരിക്കുന്നു. ഇതിനോടനുബന്ധിച്ച് ഒരു Blood Group

Directory യും ഇറക്കുന്നു. എല്ലാ KCYM അംഗങ്ങളുടെയും അതോടൊപ്പം രക്തദാനത്തിന് സന്മനസ്സുള്ള ഇടവകയിലെ മറ്റു ആളുകളുടെയും പേര്, അഡ്രസ്സ്, ഫോൺ നമ്പർ, Blood Group എന്നിവ ശേഖരിച്ച് യൂണിറ്റ് വിസിറ്റിന് വരുന്നവരുടെ കൈവശമോ, രൂപത ഓഫീസിൽ നേരിട്ടോ എത്തിക്കേണ്ടതാണ്.

**ആത്മജ്വാല 2013 – പന്തക്കുസ്ത ജാഗരണ പ്രാർത്ഥന**

പ്രവർത്തനങ്ങളിൽ പ്രാർത്ഥനയുടെ ഊർജ്ജവും ശക്തിയും ഉജ്ജ്വലിപ്പിക്കുവാൻ മാനന്തവാടി രൂപത കെ.സി.വൈ.എം. നേതൃത്വം നൽകുന്ന പന്തക്കുസ്ത ജാഗരണപ്രാർത്ഥന ഒണ്ടയങ്ങാടി സെന്റ് മാർട്ടിൻസ് ചർച്ചിൽ വെച്ച് മെയ് 19–ാം തീയതി വൈകുന്നേരം ആരംഭിച്ച് പിറ്റേദിവസം രാവിലെ 6 മണിക്ക് അവസാനിക്കും. എല്ലാ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**യൂത്ത് ക്രോസ് പ്രയാണം – സമാപനം**

യുവജന കുരിശ് പ്രയാണത്തിന്റെ സമാപനം മണിമൂളി മേഖലയുടെ ആതിഥേയത്വത്തിൽ നടന്നു. കെ.സി.വൈ.എം. മണിമൂളി മേഖല, എം.സി.വൈ.എം. ബത്തേരി രൂപത എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടന്ന യുവജന കുരിശ് സ്വീകരണത്തിൽ മണിമൂളി ഫൊറോന വികാരി റവ. ഫാ. ജോസ് തേക്കനാടി, മേഖല കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, ബത്തേരി രൂപതയുടെ വികാരി ജനറാൾ റവ. ഫാ. വർഗ്ഗീസ് താണിക്കാക്കുഴി തുടങ്ങിയവരുടെ നേതൃത്വത്തിൽ വൈദികർ ചേർന്ന് സ്വീകരിച്ച കുരിശുമായി വഴിക്കടവിൽ നിന്നും നാടുകാണി ചുരത്തിലേയ്ക്ക് പരിഹാര പ്രദക്ഷിണം നടത്തി. സമാപന സമ്മേളനത്തിൽ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പള്ളി പിതാവ് സന്ദേശവും കുരിശിന്റെ ആശീർവ്വാദവും നൽകി. രൂപത ട്രഷറർ ശ്രീ. സിബിൻ പാലമൂട്ടിൽ പരിഹാര പ്രദക്ഷിണത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയർപ്പിച്ചു.

**നന്ദിയോടെ...**

ഈ വിശ്വാസവർഷത്തിൽ മാനന്തവാടി രൂപത KCYM നോമ്പുകാലത്ത് യുവജനകുരിശുമായി ഫൊറോനകളിലേയ്ക്ക് നടത്തിയ പരിഹാരപ്രദക്ഷിണത്തെ ഏറെ സ്നേഹത്തോടെ സ്വീകരിച്ച് ഹൃദയത്തിലേറ്റുവാങ്ങിയ ഓരോരുത്തർക്കും നന്ദി പറയുന്നു. ഈ പ്രയാണത്തിന് സഹായിച്ചവരെ നന്ദിയോടെ അനുസ്മരിക്കുന്നു. യൂണിറ്റ്, മേഖല, രൂപത ഭാരവാഹികൾ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജനങ്ങൾ,

ഇടവകാസമൂഹം, മാധ്യമപ്രവർത്തകർ പ്രത്യേകമായി പ്രയാണത്തെ അനുഗമിക്കുകയും ആവശ്യമായ സഹായസഹകരണങ്ങൾ നൽകുകയും ചെയ്ത റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, റവ. ഫാ. റോയി വട്ടക്കാട്ട്, റവ. ഫാ. സോണി വടയാപറമ്പിൽ, റവ. ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട്, റവ. ഫാ. സിജീഷ് പുല്ലൻകുന്നേൽ, റവ. ഫാ. ജിജോ വാത്തേലി തുടങ്ങിയവരെയും, വിവിധ സ്ഥലങ്ങളിൽ വി. കുരിശിന്റെ സന്ദേശം നൽകിയ KCYM രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, പ്രസിഡണ്ട് ജിതേഷ് മുളയ്ക്കക്കുന്നേൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം സജിൻ ജോസ് ചാലിൽ, മുൻ രൂപത പ്രസിഡണ്ട് ബിനോയി പാനികുളം, ജനറൽ സെക്രട്ടറി ബിബിൻ ചെമ്പക്കര എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

## വയനാട് പരിസ്ഥിതി ദുർബലപ്രദേശ പ്രഖ്യാപനം

വയനാട് പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി നടന്ന കസ്തൂരിരംഗൻ കമ്മിറ്റിയുടെ മീറ്റിംഗിൽ KCYM നെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ പങ്കെടുത്തു.

## KCYM - Market Intervention Initiative

വിപണിയിൽ നടക്കുന്ന ചൂഷണത്തിനെതിരെ വിശേഷദിവസങ്ങളിൽ മാർക്കറ്റിലിടപെടുക എന്ന ലക്ഷ്യത്തോടെ രൂപത KCYM ന്റെ നേതൃത്വത്തിൽ ഈസ്റ്ററിന് നാല് പോത്തുകളെ പങ്കിന് വിൽക്കുകയുണ്ടായി. ക്രിസ്തീയ കൂട്ടായ്മ വളർത്തുക, ആളുകൾക്ക് മികച്ച ഭക്ഷ്യവസ്തുക്കൾ ഉറപ്പുവരുത്തുക എന്നീ ലക്ഷ്യത്തോടെയുള്ള KCYM ന്റെ ആദ്യ ചുവടുവെയ്പ്പായിരുന്നു ഈ സംരംഭം. സഹകരിച്ച ഏവർക്കും പ്രത്യേകം നന്ദി.

## യുവജന കുരിശ് പ്രതിഷ്ഠിച്ചു

മാനന്തവാടി രൂപതയുടെ അധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് രൂപതയിലെ യുവജനങ്ങൾക്ക് വെഞ്ചരിച്ച് നൽകിയ യുവജന കുരിശ് ഏപ്രിൽ 18 ന് അഭിവന്ദ്യ പിതാവ് വൈദികരുടെയും യുവജനങ്ങളുടെയും സിസ്റ്റേഴ്സിന്റെയും സാന്നിധ്യത്തിൽ ദ്വാരക സീയോൻ ചാപ്പലിൽ സ്ഥാപിച്ചു. കുരിശ് പ്രതിഷ്ഠിക്കുന്നതിനായി സൗകര്യം ഒരുക്കിത്തന്ന സിയോൻ ഡയറക്ടർ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന് രൂപത KCYM നന്ദി പറയുന്നു.

## ലഹരിവിരുദ്ധ സന്ദേശയാത്ര – മെയ് 31

ലഹരിവിരുദ്ധദിനമായ മെയ് 31 ന് രൂപതയുടെ വ്യത്യസ്ത കേന്ദ്ര

ങ്ങളിൽ ലഹരിവിരുദ്ധ സന്ദേശയാത്ര നടത്തുന്നു. വിവിധ മേഖല കേന്ദ്ര ങ്ങളിൽ യാത്രയ്ക്ക് സ്വീകരണം നൽകേണ്ടതാണ്. ആവശ്യമായ ക്രമീ കരണങ്ങൾ നടത്തുന്നതിന് മേഖല സമിതികൾ ശ്രദ്ധിക്കുമല്ലോ. അതോ ടൊപ്പം മേഖലകളിലും യൂണിറ്റുകളിലും ലഹരിവിരുദ്ധ പരിപാടികൾ നടത്താൻ താല്പ്പര്യപ്പെടുന്നു.

### 'റിഡംതോർ' - ബൈബിൾ നാടകം

കെ.സി.വൈ.എം. കമ്മന യൂണിറ്റ് ഒന്നര മണിക്കൂർ നീണ്ടു നിൽക്കുന്ന ഒരു ബൈബിൾ നാടകം അണിയിച്ചൊരുക്കിയിട്ടുണ്ട്. താല്പ ര്യമുള്ളവർ ബന്ധപ്പെടുക.

Contact No. : 9747855868 – കിഷോർ
9447341265 – അനീഷ്

### ഫ്ളെക്സിന്റെ ഉപയോഗം ഒഴിവാക്കുക

POC പ്രസിദ്ധീകരിച്ചിരിക്കുന്ന KCBC യുടെ 'പച്ചയായ പുൽത്ത കിടിയിലേക്ക്' എന്ന മാർഗ്ഗ നിർദ്ദേശ രേഖയുടെ അടിസ്ഥാനത്തിലും KCYM ന്റെ പ്രവർത്തന മുദ്രാവാക്യം പ്രകൃതി സംരക്ഷണത്തിലൂന്നി യതായതിനാലും KCYM പ്രവർത്തകർ ഫ്ളെക്സ് ഉപയോഗിക്കുവാൻ പാടില്ല.

### വിവാഹ ആശംസകൾ

വിവാഹമെന്ന കൂദാശയിലൂടെ കുടുംബജീവിതത്തിലേക്ക് പ്രവേ ശിച്ചിരിക്കുന്ന മുൻ രൂപത വൈസ് പ്രസിഡണ്ട് ലിജി കളരിക്കലിനും വരൻ രാജേഷ് മാളിയേക്കലിനും KCYM രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

### യൂണിറ്റ് വാർത്തകൾ

### അമരക്കുനി യൂണിറ്റ്

ഇടവക തിരുനാളിനോടനുബന്ധിച്ച് യുവജനങ്ങളുടെ നേതൃത്വ ത്തിൽ ഹൽവ, ഐസ്ക്രീം, വത്തക്ക എന്നിവ വിൽപ്പന നടത്തി ഫണ്ടു ശേഖരിച്ചു. ഇടവകാ ധ്യാനത്തിൽ യുവജനങ്ങൾ സജീവമായി പങ്കെ ടുത്തു. യൂത്ത്ക്രോസ് പരിഹാരപ്രദക്ഷിണത്തിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പ്രാർത്ഥിച്ച് ഒരുങ്ങി പങ്കെടുത്തു.

### പടമല യൂണിറ്റ്

അമ്പതുനോമ്പിൽ എല്ലാദിവസവും വി. കുർബാനയിൽ പങ്കെ ടുത്ത് ഒരുങ്ങി യുവജനങ്ങൾ മലയാറ്റൂർക്ക് കാൽനടയായി തീർത്ഥ

യാത്ര പോയി. ഉയിർപ്പുതിരുനാളിനോടനുബന്ധിച്ച് മനോഹരമായ കല്ലറ നിർമ്മിച്ചു.

## ചുങ്കക്കുന്ന് യൂണിറ്റ്

'ഇന്ന് യുവജനങ്ങൾ അഭിമുഖീകരിക്കുന്ന സാമൂഹ്യതിന്മകൾക്കെതിരെ എങ്ങനെ പ്രതികരിക്കാം' എന്ന വിഷയത്തെ ആസ്പദമാക്കി യുവജന സെമിനാർ നടത്തി. റവ. ഫാ. ജിനോജ് പാലത്തടം ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 150 യുവജനങ്ങൾ പങ്കെടുത്തു. ദുഃഖവെള്ളിയാഴ്ച കുരിശിന്റെ വഴിക്ക് ആവശ്യമായ ക്രമീകരണങ്ങൾ യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി. ഉയിർപ്പുതിരുനാളിനോടനുബന്ധിച്ച് അഞ്ച് കുടുംബങ്ങൾക്ക് ഈസ്റ്റർ കിറ്റ് നൽകി. മനോഹരമായ ഉയിർപ്പു കല്ലറ നിർമ്മിച്ചു.

## ഇടിവണ്ണ യൂണിറ്റ്

വടപുറത്തുവെച്ചുനടത്തിയ യുവജനകുരിശിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥാടനം നടത്തി. നാടുകാണി ചുരത്തിൽ വച്ചു നടത്തിയ കുരിശിന്റെ വഴിയിൽ കെ.സി.വൈ.എം. അംഗങ്ങൾ പങ്കെടുത്തു. ദുഃഖവെള്ളിയാഴ്ചത്തെ കുരിശിന്റെ വഴിയുടെ പതിനാലു സ്ഥലങ്ങൾ ക്രമീകരിച്ചു. ഉയിർപ്പുതിരുനാളിനോടനുബന്ധിച്ച് മനോഹരമായ കല്ലറ നിർമ്മിച്ചു.

## ആലാറ്റിൽ യൂണിറ്റ്

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടു സ്വരൂപിക്കുന്നതിനായി യുവജനങ്ങൾ യൂണിറ്റിലെ ഭവനങ്ങൾ കയറി, പഴയ സാധനങ്ങൾ ശേഖരിച്ചു. ഭവന നിർമ്മാണത്തിനായി യൂണിറ്റിലെ ഒരാൾക്ക് 2000 രൂപ നൽകി. യുവജനങ്ങളുടെ നേതൃത്വത്തിൽ ഉയിർപ്പുകല്ലറ നിർമ്മിച്ചു. മലയാറ്റൂർ തീർത്ഥയാത്രയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകുകയും 50 ഓളം യുവജനങ്ങൾ തീർത്ഥാടനം നടത്തുകയും ചെയ്തു.

## ചൂരൽമല യൂണിറ്റ്

നോമ്പിന്റെ എല്ലാ ഞായറാഴ്ചയും യുവജനങ്ങളുടെ നേതൃത്വത്തിൽ ആഘോഷമായ കുരിശിന്റെ വഴി നടത്തുകയും വി. കുർബാനയിലെ വായനകൾ, ഗാനങ്ങൾ ഇവയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. തൊള്ളായിരം ഭാഗത്തേക്ക് നടത്തിയ കുരിശിന്റെ വഴിക്ക് നേതൃത്വം നൽകുകയും ആളുകൾക്ക് ഭക്ഷണം പാകം ചെയ്ത് വിത

രണം ചെയ്യുകയുമുണ്ടായി. ഈസ്റ്ററിനോടനുബന്ധിച്ച് പള്ളി മനോഹരമായി അലങ്കരിച്ചു.

**പട്ടാണികൂപ്പ് യൂണിറ്റ്**

റവ. ഫാ. ജിമിൽ മ്യാൽക്കരപ്പുറം VC യുടെ പൗരോഹിത്യ സ്വീകരണത്തോടും പ്രഥമദിവ്യബലിയർപ്പണത്തോടും അനുബന്ധിച്ചുള്ള അലങ്കാരങ്ങളും ആവശ്യമായ ക്രമീകരണങ്ങളും യൂണിറ്റിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി. കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ മലയാറ്റൂർ, ഭരണങ്ങാനം എന്നീ സ്ഥലങ്ങളിൽ തീർത്ഥാടനം നടത്തി. മേഖലയുടെ നേതൃത്വത്തിൽ നടത്തിയ കരിയർ ഗൈഡൻസ് ക്ലാസ്സിൽ യൂണിറ്റിൽ നിന്നും പത്തോളം പേർ പങ്കെടുത്തു. കെ.സി.വൈ.എം. മേഖലയുടെ നേതൃത്വത്തിൽ നടന്ന ശശിമല കുരിശുമല കയറ്റത്തിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. മലയാറ്റൂർ പദയാത്ര നടത്തിയ രണ്ടുപേരെ കെ.സി.വൈ.എം. അനുമോദിച്ചു.

**തലഞ്ഞി യൂണിറ്റ്**

യുവജനങ്ങൾക്കായി വയനാട് പിക്നിക് നടത്തി. വേളാങ്കണ്ണിക്ക് തീർത്ഥാടനം നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ ഉയർപ്പുകല്ലറ നിർമ്മിച്ചു.

**വൈത്തിരി യൂണിറ്റ്**

ഭവനസന്ദർശനം നടത്തി. ഭവനനിർമ്മാണത്തിൽ യുവജനങ്ങൾ സഹായിച്ചു. ഇടവകധ്യാനത്തിൽ അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. വൈത്തിരി ടൗണിലെ കടകളിൽ വെയ്സ്റ്റ് നിക്ഷേപിക്കുന്നതിനായി പാട്ടകൾ ശേഖരിച്ച് വിതരണം ചെയ്തു. ഓശാന ഞായറാഴ്ച വിതരണം ചെയ്യുന്നതിനുള്ള കുരുത്തോലകൾ ശേഖരിക്കുന്നതിന് യുവജനങ്ങൾ നേതൃത്വം നൽകി. വൈത്തിരി പോലീസ് സ്റ്റേഷനടുത്തുള്ള ബസ് സ്റ്റോപ്പ് പണിയുന്നതിനാവശ്യമായ സാധനങ്ങൾ എത്തിച്ചുകൊടുത്തു. കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ ഉയിർപ്പുകല്ലറ നിർമ്മിച്ചു.

**കമ്മന യൂണിറ്റ്**

പള്ളിപ്പെരുന്നാളിനോടനുബന്ധിച്ച് രഥം അലങ്കാരം, പള്ളിയലങ്കാരം, ഗാനശുശ്രൂഷ, അൾത്താരശുശ്രൂഷ എന്നിവയ്ക്ക് നേതൃത്വം നൽകി. പ്രൊഫഷണൽ ബൈബിൾ നാടകമായ 'റിഡംതോർ' യൂണിറ്റിലെ യുവജനങ്ങൾ ചേർന്ന് അവതരിപ്പിച്ചു. യുവജനങ്ങൾക്കുവേണ്ടി നടത്തിയ ക്ലാസ്സിൽ 25 ഓളം പേർ പങ്കെടുത്തു. സുവിശേഷാത്മകമായ

'മെസേജുകൾ' മൊബൈലിലൂടെ കൈമാറുന്നു. പരീക്ഷയ്ക്ക് ഒരുക്കമായി യൂണിറ്റിൽ നടത്തിയ ജാഗരണപ്രാർത്ഥനാ ദിനത്തിൽ യൂത്തു ക്രോസ് കമ്മന ഇടവകയിൽ കൊണ്ടുവന്ന് പ്രാർത്ഥിക്കാനവസരം ലഭിച്ചു. രൂപത അഭിഷേകാഗ്നി കൺവെൻഷൻ പ്രചരണാർത്ഥം പോസ്റ്ററുകൾ ഒട്ടിച്ചു. വിശ്വാസപ്രചരണത്തിനായി ദീപിക പത്രത്തിന്റെ വിതരണം ഏറ്റെടുത്തു നടത്തുന്നു. വിശ്വാസവർഷത്തോണി എന്ന ആശയം ഉൾക്കൊള്ളിച്ച് ഉയിർപ്പു കല്ലറ നിർമ്മിച്ചു. വലിയ ആഴ്ചയോടനുബന്ധിച്ചുള്ള ശുശ്രൂഷകൾക്കും അലങ്കാരത്തിനും കെ.സി.വൈ.എം. നേതൃത്വം നൽകി.

**ചീങ്ങവല്ലം യൂണിറ്റ്**

ബത്തേരി മേഖല യൂത്ത് ക്രോസിന് നൽകിയ സ്വീകരണത്തിലും കുരിശിന്റെ വഴിയിലും അമ്പലവയൽ യൂണിറ്റ് നടത്തിയ കുരിശിന്റെ വഴിയിലും യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. 40-ാം വെള്ളിയാഴ്ച ചീങ്ങവല്ലത്തുനിന്നും പൊട്ടൻകൊല്ലിയിലേക്ക് സംഘടിപ്പിച്ച കുരിശിന്റെ വഴിയിൽ യൂണിറ്റ് അംഗങ്ങൾ സംബന്ധിച്ചു. അസി. ഡയറക്ടർ റവ. ഫാ. സിജോ എടക്കുടിയുടെ നേതൃത്വത്തിൽ യുവജനങ്ങൾ വൈത്തിരി സബ്ജയിൽ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**കുറുമണി യൂണിറ്റ്**

മേഖല സംഘടിപ്പിച്ച ജാഗരണ പ്രാർത്ഥനയിലും കുരിശിന്റെ വഴിയിലും അംഗങ്ങൾ പങ്കെടുത്തു. മേഖലയോടു ചേർന്ന് മലയാറ്റൂർ, ഹോളിലാന്റ് തുടങ്ങിയ സ്ഥലങ്ങളിൽ തീർത്ഥാടനം നടത്തി. ഉയിർപ്പു കല്ലറ നിർമ്മിക്കുകയും ഈസ്റ്റർ എഗ്ഗ് നൽകി ആശംസ അർപ്പിക്കുകയും ചെയ്തു.

**മേഖലാവാർത്തകൾ**

**മണിമൂളി മേഖല**

കെ.സി.വൈ.എം. മണിമൂളി മേഖലയുടെ നേതൃത്വത്തിൽ നാടുകാണി ചുരത്തിൽ 5-ാം തവണയും കുരിശിന്റെ വഴി നടത്തി. കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ എത്തിച്ചേർന്ന യുവജനകുരിശ് മണിമൂളി ഫൊറോന വികാരി റവ. ഫാ. ജോസ് തേക്കനാടി, മണിമൂളി മേഖല കെ.സി.വൈ.എം. ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, ബത്തേരി രൂപതയുടെ വികാരി ജനറാൾ റവ. ഫാ. വർഗീസ് താന്നിക്കാക്കുഴി തുടങ്ങിയവരുടെ നേതൃത്വത്തിൽ വൈദികർ

ചേർന്ന് ഏറ്റുവാങ്ങി. മണിമൂളി മേഖല കെ.സി.വൈ.എം. പ്രസിഡണ്ട് ശ്രീ. ലിനു പൊട്ടയ്ക്കൽ സ്വാഗതം ആശംസിച്ചു. തുടർന്ന് വൈദികർ മേഖലാഭാരവാഹികൾക്ക് യുവജനകുരിശ് കൈമാറുകയും വഴിക്കടവ് ടൗണിൽ നിന്നും നാടുകാണി ചുരത്തിൽ തേൻപാറ വരെ യുവജന കുരിശും വഹിച്ച് കുരിശിന്റെ വഴി ചൊല്ലി പരിഹാര പ്രദക്ഷിണം നടത്തുകയും ചെയ്തു. സമാപനസന്ദേശവും കുരിശിന്റെ ആശീർവ്വാദവും അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പള്ളി പിതാവ് ( Bishop Emeritus, Thamarassery Diocese) നൽകി. കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, എം.സി.വൈ.എം. ബത്തേരി രൂപത പ്രസിഡണ്ട് ശ്രീ. ബിനു കല്ലറയ്ക്കൽ, കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡണ്ട് ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ തുടങ്ങിയവർ സംസാരിച്ചു. രൂപത ടീമിനോടൊപ്പം റവ. ഫാ. സോണി വടയാപറമ്പിൽ, റവ. ഫാ. റോയി വട്ടക്കാട്ട്, റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, റവ. ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് തുടങ്ങിയവർ പരിഹാര പ്രദക്ഷിണത്തിന് എത്തിയിരുന്നു. സമാപന സമ്മേളനത്തിന് രൂപത ട്രഷറർ ശ്രീ. സിബിൻ പാലമൂട്ടിൽ നന്ദിയർപ്പിച്ചു സംസാരിച്ചു.

### പുൽപ്പള്ളി മേഖല

പുൽപ്പള്ളി പ്രദേശത്തെ അതിരൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമവും പരിഹരിക്കുന്നതിനുവേണ്ടിയുള്ള സർവ്വകക്ഷിയോഗത്തിൽ പങ്കെടുക്കുകയും മരക്കടവിൽ ജനകീയ സമിതിയുടെ നേതൃത്വത്തിൽ തടയണ നിർമ്മിക്കാൻ നിരവധി കെ.സി.വൈ.എം. പ്രവർത്തകർ പങ്കെടുക്കുകയും ചെയ്തു. മാർച്ച് 2 ന് പുൽപ്പള്ളി മേഖല വടാനക്കവലയിൽ വച്ച് യുവജനകുരിശിന് സ്വീകരണം നൽകി. വടാനക്കവലയിൽ നിന്നും ആരംഭിച്ച പരിഹാരപ്രദക്ഷിണം മുള്ളൻകൊല്ലി പള്ളിയങ്കണത്തിൽ വൈദികർ ചേർന്ന് നൽകിയ കുരിശിന്റെ ആശീർവ്വാദത്തോടെ സമാപിച്ചു. മൂവായിരത്തോളം പേർ പങ്കെടുത്തു. യുവജനകുരിശിന്റെ സ്വീകരണത്തിന് ഒരുക്കമായി ആരാധന നടത്തി. അന്താരാഷ്ട്ര വനിതാദിനത്തിൽ എല്ലാ വനിതകൾക്കും ആശംസകൾ നേരുകയും മേഖലയിലെ പ്രധാന ടൗണുകളിൽ സ്ത്രീ സംരക്ഷണ പോസ്റ്ററുകൾ പതിക്കുകയും ചെയ്തു. 2013 വർഷം കെ.സി.വൈ.എം. പുൽപ്പള്ളി മേഖല മുഖ്യപ്രവർത്തന മേഖലയായി ജലസംരക്ഷണം ഏറ്റെടുത്തു. അന്താരാഷ്ട്ര ജലദിനത്തിൽ ജലസംരക്ഷണ പോസ്റ്ററുകൾ, സന്ദേശങ്ങൾ തുടങ്ങിയ ബോധവൽക്കരണ പരിപാടികളോടെ ജലദിനം ആചരിച്ചു.

ശശിമല യൂണിറ്റിന്റെ ആതിഥേയത്വത്തിൽ കുരിശുമലകയറ്റം നടത്തി. പരീക്ഷ എഴുതിയിരിക്കുന്ന കുട്ടികൾക്കായി കരിയർ ഗൈഡൻസ് ക്ലാസ്സ് സംഘടിപ്പിക്കുകയും ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്തുകയും ചെയ്തു. 250 ഓളം പേർ പങ്കെടുത്തു. മികച്ച കഥ, കവിത തുടങ്ങിയവയ്ക്ക് അവാർഡ് നൽകുന്ന സാഹിത്യവേദിക്ക് തുടക്കമിട്ടു. 'സ്പന്ദനം' മേഖല മുഖപത്രം പുൽപ്പള്ളി വികാരി റവ. ഫാ. ജോൺ പുതുക്കുളം പ്രകാശനം ചെയ്തു. വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന യുവജനങ്ങൾക്കായി ആശംസാകാർഡ് അയയ്ക്കുന്ന പരിപാടി ആരംഭിച്ചു. 2013 വർഷത്തെ മേഖലയുടെ പരിപാടികൾ ഓരോ യൂണിറ്റിന്റെയും ആതിഥേയത്വത്തിൽ സംഘടിപ്പിക്കുന്നു.

**തരിയോട് മേഖല**

ചെന്നലോട് പള്ളിയിൽനിന്നും കുറുമ്പാല സെന്റ് ജോസഫ്സ് ചർച്ചിലേയ്ക്ക് കുരിശിന്റെ വഴിയും തുടർന്ന് ജാഗരണ പ്രാർത്ഥനയും നടത്തി. രാവിലെ 4 മണിക്ക് വി. കുർബാനയോടെ എല്ലാവരും പിരിഞ്ഞു. മേഖലാ ഡയറക്ടർ റവ. ഫാ. റെജി മുതുകത്താനി നേതൃത്വം നൽകി. വിവിധ യൂണിറ്റുകളിൽ നിന്നും അഞ്ഞൂറോളം പേർ പങ്കെടുത്തു. കെ.സി.വൈ.എം. തരിയോട് മേഖലയുടെ ആഭിമുഖ്യത്തിൽ മലയാറ്റൂർ, സിൽവർ സ്ട്രോഗ്, ആതിരപ്പള്ളി, ഹോളിലാന്റ് എന്നിവിടങ്ങളിലേയ്ക്ക് തീർത്ഥാടനം നടത്തി. യൂണിറ്റുകളിൽ നിന്നും നാൽപ്പതോളം യുവജനങ്ങൾ പങ്കെടുത്തു.

**ബിബിൻ ചെമ്പക്കര**
രൂപതാജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് മാർച്ച് 22 മുതൽ 25 വരെ നടന്നകോഴ്സിൽ 96 പേരും, ഏപ്രിൽ 11 മുതൽ 14 വരെ നടന്ന കോഴ്സിൽ 92 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

### അടുത്ത മാസങ്ങളിലെ കോഴ്സുകൾ

മെയ് 19 – 22 – പാസ്റ്ററൽ സെന്റർ ദ്വാരക
ജൂൺ 14 – 17 – പാസ്റ്ററൽ സെന്റർ ദ്വാരക

### ആശംസകൾ അഭിനന്ദനങ്ങൾ

H.D.C ക്ക് മാനന്തവാടി രൂപതയിൽ II Rank ജേതാവും, ഫൊറോന മത്സരത്തിന് വ്യക്തിഗതചാമ്പ്യനുമായ മാനന്തവാടി ഫൊറോന വിമൻസ് കമ്മീഷൻ സെക്രട്ടറിയായ ശ്രീമതി ഷീജ കാഞ്ഞിരക്കാട്ടിന് രൂപത കുടുംബ പ്രേഷിതത്വത്തിന്റെ ആശംസകളും അഭിനന്ദനങ്ങളും.

### കത്തോലിക്കാ മാതൃസംഘടന

ബഹു. ബിനു അച്ചന്റെ നേതൃത്വത്തിൽ ഏപ്രിൽ 02 ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്ന് കലാമത്സരത്തിനുള്ള ലിസ്റ്റ് തയ്യാറാക്കി. 8 അംഗങ്ങൾപങ്കെടുത്തു. ഏപ്രിൽ 20 ന് മാതൃസംഘടന രൂപതാ കലാമത്സരം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ചു നടന്നു. ഒന്നാം സ്ഥാനം ചുങ്കക്കുന്ന് ഫൊറോന (43 പോയന്റ്), രണ്ടാം സ്ഥാനം കല്ലോടി ഫൊറോന (28 പോയന്റ്), മൂന്നാം സ്ഥാനം മണിമൂളി ഫൊറോന (17 പോയന്റ്) കരസ്ഥമാക്കി. വ്യക്തിഗത ചാമ്പ്യൻഷിപ്പ് ഷൈനി കുളങ്ങര (തലഞ്ഞി) യും, ബീന കൂരീക്കാട്ടിലും (കല്ലോടി) കരസ്ഥമാക്കി. അടുത്ത രൂപതാ എക്സിക്യൂട്ടീവ് മെയ് 21–ന് 10 മണിക്ക്.

**കല്ലോടി ഫൊറോന**

കല്ലോടി ഫൊറോന കലാമത്സരങ്ങൾ മാർച്ച് 09 ന് സജിയച്ചന്റെ നേതൃത്വത്തിൽ ദ്വാരക പള്ളിയിൽ വെച്ചു നടന്നു. ഫാ. ജോയി തുരുത്തേൽ ഉത്ഘാടനം നടത്തി. ഫൊറോന പ്രസിഡണ്ട് ലില്ലി എല്ലാവരെയും സ്വാഗതം ചെയ്തു. പുതിയിടംകുന്ന് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ദ്വാരക രണ്ടാംസ്ഥാനം കരസ്ഥമാക്കി. വിജയികൾക്ക് ട്രോഫിയും സമ്മാനങ്ങളും നൽകി. സമാപന സമ്മേളനത്തിൽ ബഹു. ജോർജ് മമ്പള്ളിയച്ചൻ ഏവർക്കും സമ്മാനം വിതരണം ചെയ്തു. സെക്രട്ടറി ഏവർക്കും നന്ദി പറഞ്ഞു.

**പയ്യംമ്പള്ളി ഫൊറോന**

പയ്യംമ്പള്ളി ഫൊറോന കലാമത്സരങ്ങൾ മാർച്ച് 16-ന് ബഹു. ചാക്കോച്ചനച്ചന്റെ നേതൃത്വത്തിൽ ഒണ്ടയങ്ങാടി പള്ളിയിൽവെച്ചു നടന്നു. ഒന്നാം സ്ഥാനം ആറാട്ടുതറ (43 പോയന്റ്), രണ്ടാം സ്ഥാനം ഒണ്ടയങ്ങാടി (36 പോയന്റ്) മൂന്നാം സ്ഥാനം പയ്യമ്പള്ളി (32 പോയന്റ്) കരസ്ഥമാക്കി. വിജയികൾക്ക് ശ്രീ. തോമസ് കല്ലറയ്ക്കൽ സമ്മാനദാനം നിർവഹിച്ചു. വികാരി സിബിച്ചനച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് അന്നക്കുട്ടി ഇലഞ്ഞിമറ്റം സ്വാഗതവും, ഫിലോ ചേലയ്ക്കൽ നന്ദിയും പറഞ്ഞു. കലാമത്സരങ്ങൾ 4 മണിയോടെ അവസാനിച്ചു.

**കാവുമന്ദം യൂണിറ്റ്**

മാർച്ച് 09 ന് ചെന്നലോട് വെച്ചു നടന്ന ഫൊറോന കലാമത്സരത്തിൽ 62 പോയിന്റോടെ ഒന്നാം സ്ഥാനം കാവുമന്ദം യൂണിറ്റ് കരസ്ഥമാക്കി. മാർച്ച് 17 ന് ബഹു. റെജിയച്ചൻ സമ്മാനം വിതരണം ചെയ്തു. മാർച്ച് 24 ന് വികാരിയച്ചന്റെയും ആനിമേറ്ററിന്റെയും നേതൃത്വത്തിൽ വാർഡംഗങ്ങളും എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് സമരിറ്റൻഭവൻ സന്ദർശിച്ച് സമ്പത്തികസഹായവും മധുരപലഹാരങ്ങളും നൽകി.

**മൂലങ്കാവ് യൂണിറ്റ്**

മാർച്ച് 16 ന് ബഹു. ഷാജു അച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് ആരംഭിച്ചു. സി. വെർജിനി സ്വാഗതം ആശംസിച്ചു. ബത്തേരി ഫൊറോന കലാമത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റോടെ ട്രോഫി കരസ്ഥമാക്കിയ ബത്തേരി യൂണിറ്റിനെ അച്ചൻ അനുമോദിച്ചു. ഓശാന ഞായറാഴ്ച വരെ ഓരോ വീടുകളിലായി കുരിശിന്റെ വഴി നടത്തി. അംഗങ്ങളുടെ വീടുകളിൽ അവർക്കാവശ്യമായ പച്ചക്കറി കൃഷി ചെയ്യാനും അതിനുവേണ്ട വിത്തും ജൈവവളവും ലിസി വലിയതടത്തിലിന്റെ

നേതൃത്വത്തിൽ ലഭ്യമാക്കാനും തീരുമാനിച്ചു. മണ്ണിരകമ്പോസ്റ്റ് നിർമ്മാണത്തെപ്പറ്റി എൽസി നെല്ലിക്കുന്നേൽ പറഞ്ഞു കൊടുത്തു.

### വഞ്ഞോട് യൂണിറ്റ്

മാർച്ച് 04 ന് സജിയച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് ചേർന്നു. വാർഷികധ്യാനത്തിൽ ഇടവകയുടെ വലിയ വിശുദ്ധീകരണം ലഭിക്കുന്നതിനായി അമ്മമാർ ത്യാഗമനോഭാവത്തോടെ പ്രാർത്ഥിക്കണമെന്ന് അച്ചൻ ഓർമ്മപ്പെടുത്തി. മാർച്ച് 06 ന് ജാഗരണപ്രാർത്ഥനയിൽ അമ്മമാർ പങ്കെടുത്തു. കല്ലോടി ഫൊറോന കലാമത്സരത്തിൽ അമ്മമാർ സന്തോഷത്തോടെ പങ്കുചേർന്നു. 14 മുതൽ 17 വരെ നടന്ന വാർഷിക ധ്യാനത്തിൽ അമ്മമാർ പ്രാർത്ഥനാ ചൈതന്യത്തിൽ പങ്കുചേർന്നു. നോമ്പിനോടനുബന്ധിച്ച് പൂരിഞ്ഞി കുരിശുമലയിലേക്കുള്ള കുരിശിന്റെ വഴിയിൽ എല്ലാ വെള്ളിയാഴ്ചകളിലും അമ്മമാർ പരിഹാര മനോഭാവത്തോടെ പങ്കെടുത്തു.

### വൈത്തിരി യൂണിറ്റ്

വികാരി ബഹു. ബിനു പൈനുങ്കൽ അച്ചന്റെയും, ആനിമേറ്ററിന്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. വിശ്വാസവർഷത്തിന്റെ ഭാഗമായി 03 മാസത്തിൽ ഒരിക്കൽ അമ്മമാർ സെമിനാർ നടത്താൻ തീരുമാനിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ ഇടവകയിലെ എല്ലാ അമ്മമാരെയും ഉൾപ്പെടുത്തി കുടുംബപ്രേഷിതത്വ ടീം അംഗമായ ശ്രീ. ജോണി അമ്പാട്ട് സാർ ക്ലാസ്സ് നടത്തി. കല്പറ്റയിൽ വച്ചു നടന്ന ഫൊറോന കലാമത്സരങ്ങളിൽ എൽസാ വടക്കേടത്ത് കവിതയ്ക്ക് 02-ാം സ്ഥാനവും, ഉപന്യാസ മത്സരത്തിൽ 03-ാം സ്ഥാനവും, കഥയ്ക്ക് അന്നമ്മ പുതിയകുന്നേൽ 03-ാം സ്ഥാനവും, ഓർമ്മ പരിശോധനയിൽ ഷൈനി മണവാളൻ 01-ാം സ്ഥാനവും, പ്രസംഗമത്സരത്തിൽ ഷിജി മണവാളൻ 02-ാം സ്ഥാനവും, ബൈബിൾ വാക്യപഠനത്തിൽ മോണിക്കാ ആളൂക്കാരൻ 02-ാം സ്ഥാനവും, ബൈബിൾക്വിസിൽ അന്നമ്മ പുതിയകുന്നേൽ 01-ാം സ്ഥാനവും കരസ്ഥമാക്കി. ഈസ്റ്ററിനോട് അനുബന്ധിച്ച് നിർദ്ദനരായ രണ്ടു ഹിന്ദു കുടുംബങ്ങൾക്ക് പുതിയ വസ്ത്രങ്ങളും ഭക്ഷണ സാധാനങ്ങളും അമ്മമാർ നല്കി. ഭവനസന്ദർശനവും, രോഗീസന്ദർശനവും നടത്തി.

### ചോക്കാട് യൂണിറ്റ്

മാർച്ച് 01 ന് ബഹു. ജിജോ അച്ചന്റെയും, സി. അനിലയുടെയും നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. മാർച്ച് 09 ന് നിലമ്പൂർ ഫൊറോന കലാമത്സരത്തിൽ അമ്മമാർ പങ്കെടുത്തു. നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും അമ്മമാരുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി.

ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് പിരിച്ചെടുത്ത തുക രണ്ടു രോഗികൾക്കായി കൊടുത്തു.

## കരണി യൂണിറ്റ്

ഫൊറോന കലാമത്സരത്തിൽ അമ്മമാർ പങ്കെടുത്തു. മാർച്ച് 17-ന് മീറ്റിംഗ് നടത്തി ഫാ. ആന്റണി മംഗലത്ത് കലാമത്സരത്തിൽ വിജയികൾ ആയവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകി. മാർച്ച് 24-ന് മാതൃസംഘത്തിലെ അംഗങ്ങൾ സി. അർപ്പിതയുടെ നേതൃത്വത്തിൽ വാഴവറ്റ ജ്യോതിനിവാസ് അഗതിമന്ദിരം സന്ദർശിച്ചു. ജീവകാരുണ്യ ഫണ്ട് നൽകി. അവരുമായി സൗഹൃദ സംഭാഷണം നടത്തി.

## ഇടിവണ്ണ യൂണിറ്റ്

മാർച്ച് 02 ന് വികാരിയച്ചന്റെയും, സി. ഹെലന്റെയും നേതൃത്വത്തിൽ എക്സിക്യൂട്ടീവ് ചേർന്നു. മാർച്ച് 09 ന് നിലമ്പൂർ ഫൊറോന കലാമത്സരത്തിൽ അമ്മമാർ പങ്കെടുത്തു. ഫൊറോനയിൽ രണ്ടാം പ്രാവശ്യവും ഒന്നാം സ്ഥാനം ഇടിവണ്ണ യൂണിറ്റ് കരസ്ഥമാക്കി വിജയിക്കൾക്ക് സമ്മാനവും ലഭിച്ചു. നോമ്പുകാലത്ത് കാഴ്ചവയ്പ്പ് നടത്തി. 13770 രൂപ കിട്ടി. രണ്ടു രോഗികൾക്കായി 7000 രൂപ നൽകി. ഒരു പാവപ്പെട്ട കുടുംബത്തിന് 1000 രൂപയും നൽകി. ആഢ്യൻപാറയിലും, വഴിക്കടവിലും വച്ച് നടത്തിയ കുരിശിന്റെ പദയാത്രയിൽ അമ്മമാർ പങ്കെടുത്തു.

## കൽപ്പറ്റ ഫൊറോന

ഫൊറോന കലാമത്സരങ്ങൾ മാർച്ച് 09 ന് ബഹു. വയലിലച്ചന്റെ നേതൃത്വത്തിൽ ഡി. പോൾ സ്കൂളിൽ വെച്ചു നടന്നു. ബഹു. വയലിലച്ചന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ബഹു. ജോസ് കൊച്ചറക്കൽ അച്ചൻ ഉൽഘാടനകർമ്മം നിർവഹിച്ചു. ആനിമേറ്റർ സി. കുസുമോസ് സ്വാഗതം ആശംസിച്ചു. ഒന്നാം സ്ഥാനം തെനേരി, രണ്ടാം സ്ഥാനം കൽപ്പറ്റ, മൂന്നാം സ്ഥാനം വൈത്തിരി കരസ്ഥമാക്കി. വിജയികൾക്ക് ബഹു. ജോസ് കൊച്ചറക്കൽ അച്ചൻ സമ്മാനദാനം നിർവഹിച്ചു. കലാമത്സരങ്ങൾ 6 മണിയോടെ അവസാനിച്ചു.

## നെടുംമ്പാല യൂണിറ്റ്

എല്ലാ വെള്ളിയാഴ്ചകളിലും ഞായറാഴ്ചകളിലും ദേവാലയത്തിൽ നടന്ന കുരിശിന്റെ വഴിയിൽ അംഗങ്ങൾ സഹകരിച്ചു. പ്രാർത്ഥനകൾക്കും, ഗാനങ്ങൾക്കും നേതൃത്വം കൊടുത്തു. വെള്ളിയാഴ്ചകളിൽ ഗ്രോട്ടോയിൽ നടത്തിയ ജപമാല പ്രാർത്ഥനയിലും അമ്മമാർ പങ്കെടുത്തു. ഫൊറോന കലാമത്സരങ്ങളിൽ ഏകാങ്കത്തിന് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ചൂരൽമലയിലെ തൊള്ളായിരം ഭാഗത്തേക്കു നടത്തിയ

ആഘോഷമായ കുരിശിന്റെ വഴിയിൽ അമ്മമാർ പങ്കെടുത്തു. ഫണ്ട് ശേഖരണാർത്ഥം സി. ഡി. കാസറ്റ് വിറ്റഴിക്കാൻ തീരുമാനിച്ചു.

## ചൂരൽമല യൂണിറ്റ്

എല്ലാ വെള്ളിയാഴ്ചകളിലും ഞായറാഴചകളിലും ദേവലയത്തിൽ നടന്ന കുരിശിന്റെ വഴിയിൽ അംഗങ്ങൾ സഹകരിച്ചു. പ്രാർത്ഥനകൾക്കും, ഗാനങ്ങൾക്കും നേതൃത്വം കൊടുത്തു. ഫൊറോന കലാമത്സരങ്ങളിൽ അംഗങ്ങൾ പങ്കെടുത്തു. തൊള്ളായിരം ഭാഗത്തേക്കു നടത്തിയ ആഘോഷമായ കുരിശിന്റെ വഴിയിൽ അമ്മമാർ പ്രാർത്ഥനകൾക്കും, ഗാനങ്ങൾക്കും നേതൃത്വം കൊടുത്തു. പള്ളിതിരുനാളിനോടനുബന്ധിച്ചു നടത്തിയ പൊതുപണിയിലും അമ്മമാർ സഹകരിച്ചു.

## മച്ചിക്കൊല്ലി യൂണിറ്റ്

മാർച്ച് 16 ന് അരുൾനിലയത്ത് വച്ച് നടന്ന റീജനൽ കലാമത്സരങ്ങളിൽ അംഗങ്ങൾ പങ്കെടുത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കി. മാർച്ച് 19 ന് വി.യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ പിതാക്കന്മാർക്കുവേണ്ടി ആരാധന നടത്തുകയും, കുർബ്ബാന അർപ്പിക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകി ആദരിക്കുകയും ചെയ്തു. നോമ്പുകാലത്തിൽ ഓരോ അംഗങ്ങളും ഇടവകയിലെ പത്തു കുടുംബങ്ങളെ വീതം സമർപ്പിച്ച് കൊന്തചൊല്ലി പ്രാർത്ഥിച്ചു. മാർച്ച് 20 ന് മാതൃസംഘടനാംഗങ്ങളും, മറ്റ് അമ്മമാരും, ആനിമേറ്ററിന്റെ നേതൃത്വത്തിൽ ആശാഭവൻ; സന്ദർശിക്കുകയും അവർക്കിഷ്ടപ്പെട്ട ഭക്ഷണസാധനങ്ങൾ നൽകുകയും ചെയ്തു. അവരോടൊപ്പം കുറേസമയം ചിലവഴിച്ചു. കലാപരിപാടികൾ അവതരിപ്പിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

## കരിമാനി യൂണിറ്റ്

വികാരിയച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. ഭാവിപ്രവർത്തനങ്ങളെക്കുറിച്ച് തീരുമാനമെടുത്തു. ഫൊറോന കലാമത്സരത്തിൽ അമ്മമാർ പങ്കെടുത്തു. രണ്ടാം സ്ഥാനവും, എവർറോളിംഗ്ട്രോഫിയും കരിമാനി യൂണിറ്റ് കരസ്ഥമാക്കി. വിജയികളെ എല്ലാവരെയും അഭിനന്ദിച്ചു. ജീവകാരുണ്യപ്രവർത്തനത്തിനുള്ള ഫണ്ട് ശേഖരണാർത്ഥം ഇടവകയിലെ എല്ലാ ഭവനങ്ങളും അമ്മമാർ കയറിയിറങ്ങി പഴയസാധനങ്ങൾ ശേഖരിക്കുകയും വില്ക്കുകയും ചെയ്തു. ഭവന സന്ദർശനവും, രോഗി സന്ദർശനവും നടത്തി. കുരിശുമലയിലേക്ക് ആഘോഷപൂർവ്വമായ കുരിശിന്റെ വഴിയും, ആരാധനയും നടത്തുകയും ചെയ്തു. മാസത്തിന്റെ രണ്ടാം വെള്ളിയാഴ്ച ദിവ്യബലിക്കുശേഷം അമ്മമാർ ഒന്നിച്ചുകൂടി ഒരു മണിക്കൂർ ആരാധന

നടത്തുകയും ചെയ്യുന്നു. 'സമരിറ്റൻ ഭവൻ; സന്ദർശിക്കുകയും ഭക്ഷണ സാധനങ്ങൾ നൽകുകയും ചെയ്തു. അവരോടൊപ്പം കുറേസമയം ചിലവഴിച്ചു. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**നടവയൽ ഫൊറോന**

മാർച്ച് 16 ന് കേണിച്ചിറയിൽ വച്ച് ഫൊറോന കലാമത്സരങ്ങൾ നടന്നു. ഒന്നാം സ്ഥാനം നടവയൽ, രണ്ടാം സ്ഥാനം കേണിച്ചിറ, മൂന്നാം സ്ഥാനം ചെറുകാട്ടൂർ.

**മണിമൂളി ഫൊറോന**

മാർച്ച് 02 ന് 09 ശാഖകളിൽ നിന്നായി 200 ൽ പരം അമ്മമാർ കലാമത്സരങ്ങളിൽ പങ്കെടുത്തു. ഒന്നാം സ്ഥാനം തലഞ്ഞി, രണ്ടാം സ്ഥാനം മണിമൂളി, കരസ്ഥമാക്കി. മാർച്ചുമാസം നോമ്പിന്റെയും പ്രാർത്ഥനയുടെയും അവസരം കൂടി ആയി എല്ലാ ഇടവകകളിലും വാർഡു തലത്തിൽ വീടുകളിൽ അമ്മമാരുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി. ഓശാന ഞായറാഴ്ച വഴിക്കടവിൽ നിന്നും നാടുകാണിയിലേയ്ക്ക് നടത്തപ്പെട്ട കുരിശിന്റെ വഴിയിലും അമ്മമാർ സജീവമായി പങ്കെടുത്തു.

**മരിയൻ സിംഗിൾസ്**

ഏപ്രിൽ മാസം നടന്ന രൂപതാ കൺവെൻഷനിൽ ഏകസ്ഥർ എല്ലാവരും പങ്കെടുത്തു. അടുത്ത മീറ്റിംഗ് മെയ് 21 ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹം നിറഞ്ഞ വിൻസെൻഷ്യൻ സഹപ്രവർത്തകരേ,

"ഇതാ കർത്താവിന്റെ ദാസി" എന്ന് പ്രത്യുത്തരമരുളിക്കൊണ്ട് സഹനങ്ങളുടെയും വ്യാകുലങ്ങളുടെയും നടുവിൽ ദൈവേഷ്ടം നിറവേറ്റുന്നതിന് മാത്രം തന്നെത്തന്നെ അർപ്പിച്ച് ലോകത്തിന് സഹ രക്ഷകയായി – ത്രിലോകറാണിയായി – ഉയർത്തപ്പെട്ട പരിശുദ്ധ അമ്മ യുടെ വണക്കത്തിനായി തിരുസഭ പ്രത്യേകം നീക്കിവെച്ച മെയ് മാസ ത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. അതുപോലെ മെയ് ഒന്ന് അഖില ലോക തൊഴിലാളി ദിനവും, തൊഴിലാളികളുടെ മദ്ധ്യസ്ഥനും തിരുകുടുംബത്തിന്റെ നാഥനായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട വനുമായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളും ആഘോഷിക്കുക യാണല്ലോ. ഈ അവസരത്തിൽ മെയ് മാസ റാണിയുടെയും വിശുദ്ധ യൗസേപ്പിതാവിന്റെയും പ്രത്യേക മാദ്ധ്യസ്ഥത്തിനായി നമുക്ക് പ്രാർത്ഥി ക്കാം. ദരിദ്രരെയും ആലംബഹീനരെയും, രോഗികളെയും നമുക്ക് പ്രത്യേകം ഓർക്കുകയും പരിശുദ്ധ അമ്മയുടെയും വിശുദ്ധ യൗസേ പ്പിതാവിന്റെയും പ്രത്യേക സംരക്ഷണത്തിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

## സിസി വാർഷികം

മാനന്തവാടി രൂപതാ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ 35–ാം വാർഷികം 2013 മെയ് 11–ാം തീയതി ശനിയാഴ്ച ഓസ്സാനാംഭവ നിൽ (നടവയൽ) വെച്ച് ആഘോഷിക്കുന്ന വിവരം എല്ലാവരും അറിഞ്ഞി രിക്കുമല്ലോ. മുഴുവൻ വിൻസെൻഷ്യൻ സഹോദരീസഹോദരന്മാരേയും പ്രസ്തുത ചടങ്ങിലേക്ക് സവിനയം ക്ഷണിക്കുന്നു. മാനന്തവാടി രൂപതാ ദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം പിതാവിന്റെ മഹനീയ സാന്നിധ്യത്താൽ അനുഗ്രഹീതമാകുന്ന വാർഷികാഘോഷ സമ്മേളനം ഏറ്റവും വിജയപ്രദവും മഹത്തായ ഒരനുഭവവും ആക്കിത്തീർക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ്. അന്നേദിവസത്തെ ചടങ്ങിന്റെ സംക്ഷിപ്തരൂപം താഴെ ചേർക്കുന്നു.

9.30 am - രജിസ്ട്രേഷൻ, 10.00 am - ഓസ്സാനാംഭവൻ പുതിയ ബ്ലോക്കിന്റെ ശിലാസ്ഥാപനം - ബിഷപ്പ് മാർ ജോസ് പൊരുന്നേടം, 10.30 am - വിശുദ്ധ കുർബാന, 11.30 am - ചായ, 12.00 - വാർഷികാ ഘോഷ പൊതുസമ്മേളനം, a) സ്വാഗതം - ബ്രദർ അഗസ്റ്റിൻ കൊടിയം കുന്നേൽ സിസി ജനറൽ സെക്രട്ടറി, b) അദ്ധ്യക്ഷൻ - ബ്രദർ തോമസ് മാങ്ങൻ, സിസി പ്രസിഡണ്ട്, c) റിപ്പോർട്ട് - ബ്രദർ ഫിലിപ്പ് വട്ടക്കാമു കളേൽ, സിസി ട്രഷറർ, d) ഉദ്ഘാടനം - ബിഷപ്പ് മാർ ജോസ് പൊരു ന്നേടം, മാനന്തവാടി രൂപതാദ്ധ്യക്ഷൻ, e) മുഖ്യസന്ദേശം-റവ. ഫാ. ജോർജ്ജ് മേമന, സിസി ആത്മീയോപദേഷ്ടാവ്, f) ആശംസ - ബ്രദർ ജോണി പാറ്റാനി കേരള റീജിയൺ പ്രൊജക്ട് ഓഫീസർ, ബ്രദർ ജിൽസ് എം. മേക്കൽ സിസി വൈസ് പ്രസിഡണ്ട്, g) നന്ദി - ബ്രദർ ടി. എം. ഷാജൻ സിസി എജ്യുക്കേഷൻ & സ്കോളർഷിപ്പ് ഓഫീസർ, 2.00 pm - ഉച്ചഭക്ഷണം, 2.30 pm - ചർച്ച വിൻസെൻഷ്യൻ പ്രവർത്ത നാവലോകനം, 3.30 pm - സമാപനം.

എല്ലാവരുടെയും സജീവ പങ്കാളിത്തമുണ്ടാകണമെന്ന് അഭ്യർത്ഥി ക്കുന്നു. കോൺഫറൻസിൽ നിന്നും പങ്കെടുക്കുന്നവരുടെ എണ്ണം ഏസി പ്രസിഡണ്ട് മുഖേന സിസിയെ അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു.

## നിയമനം

മാനന്തവാടി രൂപതാ സെൻട്രൽ കൗൺസിൽ സീനിയർ വൈസ് പ്രസിഡണ്ട് ബ്രദർ ജോണി പാറ്റാനിയെ കേരള റീജിയൺ പ്രോജക്ട് ഓഫീസറായി നാഷണൽ കൗൺസിൽ പ്രസിഡണ്ട് നിയമിച്ചു. ബ്രദർ ജോണി പാറ്റാനി 2013 ഏപ്രിൽ 28-ാം തീയതി വിജയവാഡയിൽ എത്തി നാഷണൽ കൗൺസിൽ പ്രസിഡണ്ട് മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് ചാർജ്ജെടുത്തു.

കേരള റീജിയൺ കോ-ഓർഡിനേറ്ററായി പത്തനംതിട്ട സിസി പ്രസിഡണ്ട് ബ്രദർ ഇ.എം. വർഗ്ഗീസ് 2013 ഏപ്രിൽ 21-ാം തീയതി ചാർജ്ജെടുത്തു.

## കോൺഫറൻസ് രൂപീകരണം

2013 ഏപ്രിൽ 10-ാം തീയതി രാവിലെ 11.30 ന് കടൽമാട് പള്ളി യിൽ വെച്ച് ബത്തേരി ഫൊറോന വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ, സിസി ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയം കുന്നേൽ ബത്തേരി ഏസി പ്രസിഡണ്ട് ഫ്രാൻസീസ് പുലിക്കോട്ടിൽ എന്നിവർ ചേർന്ന് ഫൊറോനയിലെ വികാരിമാരെ സന്ദർശിക്കുകയും ഇടവക തലത്തിലുള്ള വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. സംഘടനാ

പ്രവർത്തനങ്ങൾ ഫൊറോനയിലെ എല്ലാ ഇടവകകളിലും സജീവമാക്കാൻ പരിശ്രമിക്കണമെന്നും, കോൺഫ്രൻസുകൾ ഇല്ലാത്ത ഇടവകകളിൽ എത്രയും പെട്ടെന്ന് കോൺഫറൻസുകൾ രൂപീകരിക്കാൻ ആവശ്യമായവ സ്വീകരിക്കണമെന്നും ഫൊറോന വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ എല്ലാ വികാരിയച്ചന്മാരോടും വിൻസെൻഷ്യൻ പ്രവർത്തകരോടും ആഹ്വാനം ചെയ്തു. ജൂനിയർ കോൺഫറൻസുകൾ സ്ഥാപിക്കുന്നത് വളരുന്ന തലമുറയിൽ ക്രിസ്തീയ ഉപവി പ്രവർത്തനങ്ങൾക്കുള്ള ഒരു പരിശീലനംകൂടി ആയിരിക്കുമെന്ന് പറഞ്ഞു.

## ജൂനിയർ കോൺഫറൻസ്

വാഴവറ്റ ഏസി യുടെ കീഴിൽ ഒരു ജൂനിയർ കോൺഫറൻസ് സെന്റ് അൽഫോൻസ (ജൂനിയർ) രൂപീകരിച്ചു.

a) അമൽ സജി ഏറത്ത് - പ്രസിഡണ്ട്

b) വിമൽ നെല്ലിനിൽക്കുംതടത്തിൽ - സെക്രട്ടറി

## ഓസ്സാനാംഭവൻ ബോഡ്മീറ്റിംഗ്

2013 ഏപ്രിൽ 10-ാം തീയതി വൈകുന്നേരം 3 മണിക്ക് ഓസ്സാനാംഭവനിൽ വെച്ച് വൈസ് ചെയർമാൻ ബ്രദർ ജോണി പാറ്റാനിയുടെ അദ്ധ്യക്ഷതയിൽ നടവയൽ ഫൊറോന വികാരി റവ. ഫാ. ഷാജി മുളകൊടിയാങ്കലിന്റെ സാന്നിധ്യത്തിൽ ബോഡ് മീറ്റിംഗ് നടന്നു. ബോഡ് അംഗങ്ങൾ പങ്കെടുത്തു. 2013 ഏപ്രിൽ 23-ാം തീയതി ചേരുന്ന ജനറൽ ബോഡി മീറ്റിംഗിൽ അവതരിപ്പിക്കാനുള്ള അജണ്ട തീരുമാനിച്ചു. ഓസ്സാനാംഭവൻ പുതിയ ബ്ലോക്ക് നിർമ്മാണത്തെക്കുറിച്ച് ബോഡ് ചർച്ച ചെയ്ത് കെട്ടിട നിർമ്മാണത്തിന് വിവിധ ഏജൻസികളിൽ നിന്നും കൊട്ടേഷൻ സ്വീകരിക്കാൻ തീരുമാനമായി.

## പ്രൊജക്ട്

സെന്റ് മേരീസ് കോൺഫറൻസ് തെനേരി വീട് റിപ്പയറിംഗിന് അപേക്ഷിച്ച പ്രോജക്ട് പാസ്സായിട്ടുണ്ട് തുക 60000/- രൂപയാണ്. ആവശ്യമായ മുൻ നടപടികൾ സ്വീകരിക്കുക.

വാ. മദർ തെരേസ മംഗളം, സെന്റ് ജോസഫ്സ് കുറുമ്പാല എന്നീ കോൺഫറൻസുകളുടെ പ്രോജക്ട് അപേക്ഷകൾ നാഷണൽ കൗൺസിലിൽ നിന്നും ശുപാർശ ചെയ്ത് അയച്ചതായി അറിയുന്നു. വൈകാതെ ലഭിക്കുമെന്ന് പ്രതീക്ഷിക്കാം.

## സ്കോളർഷിപ്പ്

2013 മാർച്ച് 16-ാം തീയതി നടന്ന സിസി യോഗത്തിൽ താഴെ പറയുന്ന കുട്ടികൾക്ക് റിന്യുവൽ സ്കോളർഷിപ്പ് തുക ഏസി

പ്രസിഡണ്ട് മുഖേന വിതരണം ചെയ്തു. കോൺഫറൻസ് പ്രസിഡണ്ടുമാർ എത്രയും പെട്ടെന്ന് തുക കൈപ്പറ്റി വിതരണം ചെയ്ത് കംപ്ലീഷൻ റിപ്പോർട്ട് സിസിയിൽ എത്തിക്കേണ്ടതാണ്.

| | | |
|---|---|---|
| 1. മീറ ജോസ് | സെന്റ് ജോർജ്ജ് | കല്ലോടി |
| 2. സെജോ തോമസ് | സെന്റ് ജോസഫ് | കുറുമ്പാല |
| 3. പ്രൻസി പീറ്റർ | സെന്റ് മേരീസ് | മരക്കടവ് |
| 4. ചിഞ്ചു കെ. ബിജു | സെന്റ് തോമസ് | വഞ്ഞോട് |
| 5. സുനു ജോസഫ് | സെന്റ് തോമസ് | വഞ്ഞോട് |
| 6. വിസ്മയ സണ്ണി | സെന്റ് ഫ്രാൻസിസ് അസ്സീസി | മഞ്ഞൂറ |
| 7. അഞ്ചു ജോസഫ് | സെന്റ് മേരീസ് | മണിമൂളി |
| 8. രജിൻ കെ. എം. | സെന്റ് ജോസഫ് | ബാലേശുഗിരി |
| 9. ജിൻ ഷാജി | സെന്റ് മേരീസ് | പാതിരിച്ചാൽ |
| 10. ഷാനി എമ്മാനുവേൽ | സെന്റ് ജോസഫ് | അടയ്ക്കാതോട് |
| 11. അഞ്ചു തോമസ് | ഇൻഫന്റ് ജീസസ് | നടവയൽ |
| 12. ജീതു ജോസ് | സെന്റ് മേരീസ് | തെനേരി |
| 13. റോബിൻ ജോസ് | സെന്റ് ജോസഫ് | മീനങ്ങാടി |
| 14. ജെസ്ന കുര്യൻ | സെന്റ് ജോസഫ് | സീതാമൗണ്ട് |
| 15. അഞ്ജലി ജോയി | ഇൻഫന്റ് ജീസസ് | കബനിഗിരി |
| 16. ജോസ്‌ലി ജോസഫ് കെ | വാ. മദർ തെരേസ | വിളമ്പുകണ്ടം |
| 17. അലീന സ്കറിയ | സെന്റ് മേരീസ് | അരിഞ്ചേർമല |
| 18. ഫെബിൻ തോമസ് | ക്രിസ്തുരാജ | പുതുശ്ശേരിക്കടവ് |
| 19. നീന പീറ്റർ | സെന്റ് സെബാസ്റ്റ്യൻ | വാഴവറ്റ |
| 20. നീനു കെ. എസ് | സെന്റ് മേരീസ് | കല്ലുവയൽ |
| 21. നയന ഷാജി | സെന്റ് മേരീസ് | തോമാട്ടുചാൽ |
| 22. ഹർഷ. വി. തങ്കച്ചൻ | സെന്റ് ജോസഫ് | നെയ്ക്കുപ്പ |
| 23. ജോസ് കെ.എം. | സെന്റ് ജൂഡ് | തോണിച്ചാൽ |
| 24. ലിഞ്ചു. കെ. എം. | സെന്റ് മേരീസ് | തോണിച്ചാൽ |
| 25. ശ്രുതി എൻ മത്തായി | വിമല | ചെന്നലോട് |
| 26. ജെസ്ന. പി. ബി. | സെന്റ് ജൂഡ് | മൂലങ്കാവ് |
| 27. ആഷിത വി. ജോയി | സെന്റ് അൽഫോൻസ | നെയ്ക്കുപ്പ |
| 28. ലിപ്സി തങ്കച്ചൻ | സെന്റ് മേരീസ് | കുറുമ്പാല |
| 29. അലോന സ്കറിയ എം. | വാ. മദർ തെരേസ | വിമലനഗർ |
| 30. ലിറ്റി പോൾ | സെന്റ് മേരീസ് | ചുണ്ടക്കര |
| 31. ഷിൽപ വർഗ്ഗീസ് സി | ലിറ്റിൽ ഫ്ളവർ | ചെറുകാട്ടൂർ |
| 32. അഭിമുത്ത് അൽഫോൻസ | സെന്റ് ഫ്രാൻസിസ് അസ്സീസി | വെള്ളൂന്നി |
| 33. ലിസ്ന വർഗ്ഗീസ് | സെന്റ് മേരീസ് | കൽപ്ര |

| | | |
|---|---|---|
| 34. ടെൽസി ജോർജ്ജ് | സെന്റ് തെരേസ | കൊമ്മയാട് |
| 35. ജോസ്നി ജോസ് | സെന്റ് ജോസഫ് | തെനേരി |
| 36. ടിന്റു കെ.ഒ. | സെന്റ് ഡൊമിനിക് സാവിയോ | വാഴവറ്റ |
| 37. പ്രിയ കെ.ജെ. | സെന്റ് ബെനഡിക്ട് | മക്കിയാട് |
| 38. അനീഷ കുര്യാക്കോസ് | സെന്റ് ബനഡിക്ട് | മക്കിയാട് |
| 39. ജെസ്ന കെ.യു. | സെന്റ് ജോർജ് | കല്ലോടി |
| 40. ജിൻസി ജോസഫ് | മേരി മാതാ | കബനിഗിരി |

## അറിയിപ്പുകൾ

1. വിദ്യാജ്യോതി ഏഴാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന മിടുക്കരായ ദത്തുവിദ്യാർത്ഥികളിൽ നിന്ന് വിദ്യാജ്യോതിക്കുള്ള അപേക്ഷ ഏസി തലത്തിൽ നിന്ന് ഒന്നോ രണ്ടോ വീതം ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 30 ആണെന്ന് അറിയാമല്ലോ. ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്രയുംവേഗം സിസി ഓഫീസിൽ എത്തിക്കുക.
2. സ്കോളർഷിപ്പ് കംബ്ലീഷൻ റിപ്പോർട്ടുകൾ നാഷണൽ കൗൺസിലിലേക്ക് അയയ്ക്കേണ്ടതായതുകൊണ്ട് എല്ലാ കോൺഫറൻസുകളും ലഭിച്ചിരിക്കുന്ന സ്കോളർഷിപ്പിന്റെ കംബ്ലീഷൻ റിപ്പോർട്ട് എത്രയും പെട്ടെന്ന് ഏസി പ്രസിഡണ്ടുമാരെ ഏൽപ്പിക്കണം. ഏസി പ്രസിഡണ്ടുമാർ സിസി യിൽ എത്തിക്കുക.
3. 2013 ലെ ഡയറി, ഓസ്സാനാം ബുള്ളറ്റിൻ, രൂപതാ ബുള്ളറ്റിൻ, റീച്ചൗട്ട്, നിയമാവലി തുടങ്ങിയവയുടെ തുക മുഴുവൻ അടയ്ക്കാത്ത കോൺഫറൻസുകൾ ഉടൻ അടച്ച് രസീത് കൈപ്പറ്റണമെന്ന് താല്പര്യപ്പെടുന്നു.
4. പുതിയ കോൺഫറൻസുകളുടെ രൂപീകരണത്തിന് പ്രത്യേകമായി യുവജന കോൺഫറൻസുകൾ, ഏസി പ്രസിഡണ്ടുമാർ പ്രത്യേക താല്പര്യമെടുക്കണം.
5. കോൺഫറൻസുകളിലേക്ക് കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം ഇനിയും ആവശ്യമുള്ളവർ സിസി പ്രസിഡണ്ടുമായി ബന്ധപ്പെടുക.

## ഓസ്സാനാംഭവൻ സന്ദർശനം

ഓസ്സാനാംഭവൻ സന്ദർശനം, അവിടുത്തെ ശുശ്രൂഷ എന്നിവയിൽ എല്ലാ കോൺഫറൻസുകളും അതത് തീയതികളിൽ വളരെ സജീവമായി പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കുറുമ്പാല ഏസി**

18-5-2013 – വാ. മദർ തെരേസ മംഗളം
20-5-2013 – ക്രിസ്തുരാജ പുതുശ്ശേരിക്കടവ്

**മാനന്തവാടി ഏസി**

22-5-2013 – സെന്റ് മേരി ആലാറ്റിൽ
24-5-2013 – സെന്റ് ഫിലോമിന ആലാറ്റിൽ
26-5-2013 – ലിറ്റിൽ ഫ്ളവർ മുതിരേരി
28-5-2013 – മൗണ്ട് കാർമ്മൽ തലപ്പുഴ
30-5-2013 – ലിറ്റിൽ ഫ്ളവർ പുതിയിടം
1-6-2013 – ലിറ്റിൽ ഫ്ളവർ മാനന്തവാടി
3-6-2013 – വാ. മദർ തെരേസ വിമലനഗർ
5-6-2013 – സെന്റ് മേരി യവനാർകുളം

**മണിമൂളി ഏസി**

7-6-2013 – ലിറ്റിൽ ഫ്ളവർ ഭൂദാനം
9-6-2013 – സെന്റ് മേരി ഭൂദാനം
11-6-2013 – ക്രിസ്തുരാജ മണിമൂളി
13-6-2013 – സെന്റ് മേരി മണിമൂളി
15-6-2013 – സെന്റ് അൽഫോൻസ നരിവാലമുണ്ട

എല്ലാവർക്കും ഒരിക്കൽകൂടി പ്രാർത്ഥനയോടെ ആശംസകൾ അർപ്പിച്ചുകൊണ്ട്,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സിയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ്

2013 ഏപ്രിൽ 5 ആദ്യവെള്ളി കൺവെൻഷന് ഒരുക്കമായി ശുശ്രൂഷകരുടെ മീറ്റിംഗ് 10 മണിക്ക് ആരംഭിച്ചു. സീയോൻ ഹാളിനു ചുറ്റും നടന്ന് ഓരോ സ്ഥലത്തിനും കൺവെൻഷനുവേണ്ടിയുള്ള നിയോഗങ്ങളുമായി കുരിശിന്റെ വഴി നടത്തി പ്രാർത്ഥിച്ചു. തുടർന്ന് പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ എത്തി കൺവെൻഷന്റെ വിജയത്തിനായി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം തേടി ജപമാല ചൊല്ലി. 11.55 ന് ബഹു. താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. വി. ബലിക്കുശേഷം ബഹു. മനോജ് കാക്കോനാൽ അച്ചൻ കൺവെൻഷൻ ദിവസങ്ങളിൽ ഓരോ ശുശ്രൂഷകർക്കും നിശ്ചയിക്കപ്പെട്ട ശുശ്രൂഷാമേഖലകൾ അറിയിച്ചു. 2.30 pm ന് മീറ്റിംഗ് അവസാനിച്ചു. 6.30 വരെ എൽഡറിംഗിനും ഒരുക്ക ശുശ്രൂഷകൾക്കുമായി സമയം വിനിയോഗിച്ചു.

## ജാഗരണപ്രാർത്ഥന

ആദ്യവെള്ളിയാഴ്ചകളിൽ പതിവുള്ള ജാഗരണപ്രാർത്ഥന 6.30 ന് ആരംഭിച്ചു. ജപമാലയും കുരിശിന്റെ വഴിയും കൺവെൻഷൻ വിജയത്തിനായി വിവിധ നിയോഗങ്ങളുമായി നടത്തി. ബഹു. ജോസഫ് നെച്ചിക്കാട്ടച്ചൻ വി. ബലി അർപ്പിച്ചു. 10–12 വരെയുള്ള ദിവ്യകാരുണ്യ ആരാധനയ്ക്കും ജാഗരണപ്രാർത്ഥനയ്ക്കും ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചനും സീയോൻ ടീമും നേതൃത്വം നൽകി.

## ആദ്യശനി ഏകദിന കൺവെൻഷൻ

6 a.m. ന് ശുശ്രൂഷകരും ബഹു. താന്നിയിൽ അച്ചനും പരി. അമ്മയുടെ സന്നിധിയിൽ അണഞ്ഞു. പ്രഭാതസമർപ്പണത്തിനുശേഷം സീയോൻ ഓഫീസും, ഹാളും, പരിസരങ്ങളും ബഹു. അച്ചൻ വി. ജലം തളിച്ച് വിശുദ്ധീകരിച്ചു. തുടർന്ന് ക്രൂശിതരൂപവും പരി. അമ്മയുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ട് ജപമാല ചൊല്ലി സീയോൻ ഹാളിലൂടെ നടന്നു പ്രാർത്ഥിച്ചു. വചനസന്ദേശം തന്നും പ്രാർത്ഥിച്ച് വി. ജലം തളിച്ച്

ആശീർവ്വദിച്ചും ശുശ്രൂഷകരെ ശക്തീകരിച്ചു. ഒരുക്കശുശ്രൂഷകൾക്കു ശേഷം സപ്ര, ജപമാല, സ്തുതി ആരാധന എന്നീ പതിവ് ശുശ്രൂഷ കൾ നടത്തി. തുടർന്ന് സീയോനിൽ വന്ന് നിയോഗം വെച്ച് പ്രാർത്ഥി ച്ചു. ലഭിച്ച അനുഗ്രഹങ്ങൾ ഏതാനും പേർ സാക്ഷ്യപ്പെടുത്തി. 11–12.15 വരെ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വചനം പങ്കുവെച്ചു. 12.15 ന് ബഹു. സണ്ണി മഠത്തിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണശേഷമുള്ള ദിവ്യകാരുണ്യ ആരാധനയും സൗഖ്യ പ്രാർത്ഥനയും ദിവ്യകാരുണ്യപ്രദക്ഷിണവും വലിയ അഭിഷേകത്തിന്റെ നിമിഷങ്ങളായിരുന്നു. ആരാധനയ്ക്കുശേഷം വി. കുരിശിന്റെ ആശീർവ്വാ ദത്തോടെ 3.30ന് ശുശ്രൂഷകൾ അവസാനിച്ചു.

## മാനന്തവാടി രൂപതാ വിശ്വാസവർഷ അഭിഷേകാഗ്നി കൺവെൻഷൻ

വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി മാനന്തവാടി രൂപത ഒരു ക്കിയ വിശ്വാസവർഷ ബൈബിൾ കൺവെൻഷൻ 2013 ഏപ്രിൽ 15 തിങ്കൾ മുതൽ 18 വ്യാഴം വരെ ദ്വാരക സീയോൻ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തി. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്ര ഡയറക്ടറും ലോകപ്രശസ്ത വചനപ്രഘോഷകനുമായ റവ. ഫാ. സേവ്യർഖാൻ വട്ടായിലും സെഹിയോൻ ടീമും ചേർന്ന് രാവിലെ 9.00 am മുതൽ 4.00 pm വരെ നാലുദിവസങ്ങളിലായി നടത്തിയ അഭിഷേകാഗ്നി കൺവെൻഷനിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവും, വികാരി ജനറാളച്ചനും, രൂപതയിലെ ധാരാളം വൈദികരും, നിരവധി സിസ്റ്റേ ഴ്സും, ഇരുപതിനായിരത്തോളം വരുന്ന ദൈവജനവും പങ്കെടുത്തു. ഏപ്രിൽ 15 ന് തിങ്കളാഴ്ച രാവിലെ 9 മണിക്ക് അഭിവന്ദ്യ ജോസ് പൊരു ന്നേടം പിതാവ് വിശ്വാസവർഷ തിരിതെളിച്ച് ഉദ്ഘാടനം ചെയ്ത കൺവെൻഷന്റെ ആദ്യദിനത്തിൽ രൂപത വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ വി. ബലി അർപ്പിച്ചു. രണ്ടാംദിവസം സെഹിയോൻ ടീമിലെ വൈദികരും, മൂന്നാം ദിവസം സീയോൻ ഡയറക്ടർ അഗസ്റ്റിൻ താന്നിയിലച്ചന്റെ മുഖ്യ കാർമ്മികത്വത്തിലും വി. ബലി അർപ്പിച്ചു. കൺവെൻഷൻ സമാപനദി നത്തിൽ മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് വി. ബലി അർപ്പിച്ച് സന്ദേശം നൽകി.

2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ ആചരിക്കുന്ന വിശ്വാസവർഷത്തിന്റെ മദ്ധ്യത്തിൽ നടത്തപ്പെട്ട വിശ്വാസവർഷ കൺവെൻഷന്റെ വിജയത്തിനായി 2012 ഒക്ടോബർ 15–ാം തീയതി മുതൽ 2013 ഏപ്രിൽ 15 വരെ ആറ് മാസക്കാലം എല്ലാദിവസവും

സീയോൻ മദ്ധ്യസ്ഥ പ്രാർത്ഥന ചാപ്പലിൽ ഉപവാസപ്രാർത്ഥനയും, ആരാധനയും, സിസ്റ്റേഴ്സിന്റെയും, സീയോൻ ശുശ്രൂഷകരുടെയും നേതൃത്വത്തിൽ നടത്തി. ബൈബിൾ കൺവെൻഷന്റെ നടത്തിപ്പിനായി പിതാവ് രക്ഷാധികാരിയും, ജനറാളാച്ചൻ ചെയർമാനും, സീയോൻ ഡയറക്ടർ ജനറൽ കൺവീനറുമായി ബൈബിൾ കൺവെൻഷൻ കമ്മറ്റിയും, വൈദികരുടെ നേതൃത്വത്തിൽ വിവിധ സബ്കമ്മിറ്റികളും, 501 സംഘാടകസമിതിയും രൂപീകരിച്ച് പ്രവർത്തിച്ചു. വയനാടിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ബൈബിൾ കൺവെൻഷൻ ദൈവം അനവധി അടയാളങ്ങളും അത്ഭുതങ്ങളും നൽകി വലിയ അനുഗ്രഹമാക്കി മാറ്റി.

**സിയോൻ മെയ് മാസത്തിൽ**

| | | |
|---|---|---|
| 3 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 4 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 11 രണ്ടാംശനി | - | യുവജനദിനം, പൊതുകൗൺസിലിംഗ് |
| | - | ദമ്പതീകൂട്ടായ്മ |
| 12-16 | - | ക്രിസ്റ്റീൻ ധ്യാനം |
| 17 മൂന്നാംവെള്ളി | - | ജാഗരണപ്രാർത്ഥന |
| 25-24 നാലാംശനി | - | സൗഖ്യദിനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സിയോൻ സി.ആർ.സി.

# സാമൂഹ്യ സേവനരംഗം (WSSS)

## സോഷ്യൽ വെൽഫയർ സൊസൈറ്റി വനിതാദിനം ആചരിച്ചു

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2013 മാർച്ച് 8 ന് WSSS ഓഡിറ്റോറിയത്തിൽ വച്ച് വനിതാദിനം ആചരിച്ചു. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ദിനാചരണം ഉദ്ഘാടനം ചെയ്തു. ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി അദ്ധ്യക്ഷത വഹിക്കുകയും യുവ കവി സാദിർ തലപ്പുഴ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. ശ്രീ. ഒ. പി. അബ്രാഹം, ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ, കുമാരി അമൃത തുടങ്ങിയവർ ആശംസകളർപ്പിച്ചു.

## പഴം-പച്ചക്കറി സംസ്കരണ പരിശീലനം

സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കായി മാർച്ച് 22, 23 തീയതികളിൽ WSSS ഓഡിറ്റോറിയത്തിൽ വച്ച് വിവിധയിനം പഴം-പച്ചക്കറി സംസ്കരണ പരിശീലനം നൽകി. WSSS ടീം അംഗമായ ശ്രീമതി ഷീല പരിശീലനത്തിന് നേതൃത്വം നൽകി. ആകെ 30 അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

## സോപ്പുല്പ്പന്ന നിർമ്മാണ പരിശീലനം

മാർച്ച് 25, 26, 27 തീയതികളിൽ മേഖലാടിസ്ഥാനത്തിൽ സോപ്പുല്പ്പന്ന നിർമ്മാണ പരിശീലനം യഥാക്രമം സീതാമൗണ്ട്, ചെന്നലോട്, നടവയൽ പാരീഷ് ഹാളുകളിൽ വച്ച് നടത്തുകയുണ്ടായി. ബദൽ ജീവിതശൈലി പ്രോത്സാഹനത്തിന്റെ ഭാഗമായാണ് മേൽപ്പറഞ്ഞ പരിശീലനങ്ങൾ നടത്തിയത്. ശ്രീമതി ഷീന ആന്റണി, ശ്രീമതി ആലീസ്

സിസിൽ, ശ്രീമതി വത്സമ്മ തോമസ്, ശ്രീ. വിനീഷ് വണ്ടന്നൂർ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

## ബയോഗ്യാസ് വ്യാപന പദ്ധതി

ചെറുപുഴ, കൊയിലേരി, പാടിച്ചിറ, പടമല, ഏച്ചോം, നെല്ലിയമ്പം, ചെറുകാട്ടൂർ എന്നിവിടങ്ങളിലായി 4 പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 5 പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കുകയും 2 സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയും ചെയ്യുന്നു.

## സേവ് എ ഫാമിലി പ്ലാൻ

സേവ് എ ഫാമിലി പദ്ധതിയുടെ ഭാഗമായി മാനന്തവാടി രൂപതയ്ക്ക് പുതുതായി അനുവദിച്ച 31 ദത്തുകുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിനായി വാകേരി, നടവയൽ, കോട്ടത്തറ, കുറുമ്പാല എന്നീ ഇടവകകളിലേയ്ക്ക് സെലക്ഷൻ ലെറ്റർ നൽകി.

## നീർത്തട വികസന പദ്ധതി

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമാഗ നീർത്തട വികസന പദ്ധതി സമാപന ഘട്ടത്തിൽ എത്തിനിൽക്കുന്നു. അയനിവയൽ, മട്ടിലയം, പൊർളോം, നെല്ലേരി നീർത്തടങ്ങളിലായി കഴിഞ്ഞ 4 വർഷത്തോളമായി നടന്നുവന്നിരുന്ന മുഴുവൻ നിർമ്മാണപ്രവർത്തനങ്ങളും പൂർത്തീകരിക്കുവാൻ സാധിച്ചു. ഉപജീവന പദ്ധതിക്ക് നബാർഡ് 27 ലക്ഷം രൂപ അനുവദിച്ചു തന്നു.

## സന്ദർശിച്ചു

നീർത്തട വികസനപദ്ധതികൾ വിലയിരുത്തുന്നതിനായി നബാർഡ് ടീം അംഗങ്ങളായ ശ്രീ. ധനേഷ്കുമാർ, ശ്രീ. പവിത്രൻ മാവിലായി എന്നിവർ പൊർളോം, നെല്ലേരി നീർത്തട പ്രദേശങ്ങൾ സന്ദർശിച്ചു. കമ്മിറ്റി അംഗങ്ങളുമായി ചർച്ച നടത്തുകയും രേഖകൾ പരിശോധിക്കുകയും കൃഷിയിടങ്ങൾ സന്ദർശിക്കുകയും ചെയ്ത ടീം അംഗങ്ങൾ WSSS ന്റെ പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തി.

## സമഗ്ര ആദിവാസി വികസന പദ്ധതി

നബാർഡ്, തവിഞ്ഞാൽ പഞ്ചായത്തിൽ പുതുതായി അനുവദിച്ചു തന്നിരിക്കുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി കോളനി നിവാസികളുടെ യോഗങ്ങൾ തവിഞ്ഞാൽ ഗ്രാമ പഞ്ചായ

ത്തിലെ വിവിധ കോളനികളിലായി നടന്നുവരുന്നു. കോളനി യോഗങ്ങൾക്ക് WSSS ജനറൽ കോർഡിനേറ്റർ ജോസ് പി. എ, കോർഡിനേറ്റർമാരായ ബൈജു ഐസക്, ഷാജുമോൻ എന്നിവർ നേതൃത്വം നൽകി വരുന്നു.

**വോഫ**

വോഫയുടെ നേതൃത്വത്തിൽ ഓർഗാനിക് ഫെയർ ട്രേഡ് ഫാർമേഴ്സിന്റെ സംഘങ്ങളുടെ യോഗങ്ങൾ മേഖലാ തല ട്രെയിനിംഗ് പ്രോഗ്രാം തുടങ്ങിയവ മാർച്ച് മാസത്തിൽ സംഘടിപ്പിച്ചു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

KLM ന്റെ നേതൃത്വത്തിൽ ഇടവകാ തലത്തിൽ മെമ്പർഷിപ്പ് പുതുക്കൽ, ബോധവൽക്കരണ സെമിനാർ, പുതിയ അംഗങ്ങളെ ചേർക്കൽ തുടങ്ങിയ പരിപാടികൾ മാർച്ച് മാസത്തിൽ സംഘടിപ്പിച്ചു. ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സന്യസ്തർക്കായി സംഘടിപ്പിച്ച ബോധവൽക്കരണ സെമിനാറിൽ മാനന്തവാടി രൂപതാ മെത്രാനും KCBC ലേബർ കമ്മീഷൻ ചെയർമാനുമായ മാർ ജോസ് പൊരുന്നേടം പിതാവ്, വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, KLM മാനന്ത വാടി രൂപതാ ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

**Tidings April 2013**

- The General Body of the College Cooperative Society met on 21 March and approved the Accounts for 2012-'13 and the Budget for the coming Year. The New Board of Directors will assume office in early June.
- Wedding Bells rang for Bibin Jose, Asst Prof. of Commerce on 15 April.
- The Semester End Exams of the Outgoing Batches are over on 18 April.
- Ms Mercy Ignatius had the Open Defense of her Ph D Thesis at the Mahatma Gandhi University on 18 April.
- Sri Joy Joseph and Sri George Sebastian attended the State Level Training Program for the Administrative Staff organized by the State Higher Education Council. Sri George Sebastian attended the Training Program for Administrative Staff at the Directorate of Collegiate Education, Thiruvananthapuram on 18 April.
- Dr Sr Bindhu K. Thomas, Dr Thomas Monoth, and Dr Prasadan P.K. have been awarded Minor Research Projects by the UGC. 26 MRPs and 3 Major Research Projects have so far been awarded to the Faculty, the largest number of Projects awarded to the New Generation Colleges.
- The Reaccreditation Report is ready for submission, and the New Website of the College will be uploaded shortly, thanks to the strenuous efforts of the IQAC Team.
- The Ten Days' Workshop on Enhancing English Language Proficiency for both the Teaching and Administrative Teams is scheduled for 29 April - 8 May. Dr V.C. George, SJ will lead the Workshop.
- Rev. Fr Manager will attend the 21st Triennial Conference of Xavier Board of Higher Education at St Philomina's College, Mysore in late April.
- The Principal will attend the Annual Conference of Principals at Ashirvad,

Ernakulam and the AIACHE Principals' & Vice Chancellors' Conference at Christ University, Bengaluru in late April and early May respectively.

- Five of the recently recruited Faculty will attend the Orientation Program for Young Faculty at Mount St Thomas, Kakkanad on 9 May at the invitation of the Secretary of Christian Higher Education.
- Dr Josepk K. Job attended the Workshop on e-speak Version of Malayalam at the State Council of Education, Research, and Training (SCERT), Tvm. 22-23 April. Two of his articles appeared in the Pachakkuthira, April 2013.
- The Divine Providence Seminary at Kartikulam has offered Hostel facility for Men. Contact No. 04935 250254 / 9846270227.

**Dr. Raju George**
Principal

## റേഡിയോ മാറ്റൊലി 90.4 mhz

**പ്രതിഭാ സംഗമം 2013**

SSLC, +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+, A1 നേടുന്ന, വയനാട് ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികളെയും ആദരിക്കുന്ന ചടങ്ങായ പ്രതിഭാ സംഗമം ഈ വർഷവും സംഘടിപ്പിക്കുന്നു. ഈ സംഗമത്തിൽ സംസ്ഥാന സിലബസ്, CBSE, ICSE സിലബസ് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. വിദഗ്ദ്ധർ നയിക്കുന്ന കരിയർ ഗൈഡൻസ് ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് റേഡിയോ മാറ്റൊലിയുമായി ബന്ധപ്പെടുക. ഫോൺ : 04935-242008.

**കോത്തഗിരി കമ്മ്യൂണിറ്റി റേഡിയോ**

ഊട്ടിയിൽ പ്രവർത്തിക്കുന്ന കോത്തഗിരി കമ്മ്യൂണിറ്റി റേഡിയോ സ്റ്റാഫംഗങ്ങൾക്ക് ഏപ്രിൽ 5,6,7 തീയതികളിൽ മാറ്റൊലിൽ വെച്ച് നടത്തിയ ഹാന്റ്സ് ഓ ട്രെയിനിംഗിന് പ്രോഗ്രാമിന് ഫാ. ജെയ്സ് ബേബിയും ഫാ. ജോസ് കാവുങ്കലും നേതൃത്വം നൽകി.

**കിലുക്കാംപെട്ടി**

കുരുന്നുകളുടെ വിശേഷങ്ങൾ പങ്കുവെക്കാനൊരു വേദി. 8 വയസ്സിനു താഴെയുള്ള കുട്ടികൾക്കായുള്ള പ്രത്യേക പരിപാടിയാണ് കിലുക്കാംപെട്ടി. എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 7.15 ന് പ്രക്ഷേപണം ചെയ്യുന്നു. പുന:പ്രക്ഷേപണം വെള്ളിയാഴ്ച രാവിലെ 8.40 നും ശനിയാഴ്ച വൈകിട്ട് 4.05 നും. ഈ പരിപാടിയിൽ നിങ്ങളുടെ കുട്ടികളെ പങ്കെടുപ്പിക്കാൻ 9746772698 എന്ന നമ്പറിൽ വിളിക്കുക.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

## CHRISTIAN CIVIC SERVICE SOCIETY (CCSS)

### ലൈഫ് ഗൈയ്ഡൻസ് ആന്റ് ഓറിയൻറ്റേഷൻ പ്രോഗ്രാം 2013

ഉന്നത വിദ്യാഭ്യാസ മേഖലയിലും തൊഴിൽ സാധ്യതാ രംഗത്തും ഇന്ന് വിദ്യാർത്ഥികളും രക്ഷിതാക്കളും ആവശ്യം വേണ്ട അറിവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അഭാവത്തിൽ ഗുരുതരമായ പ്രതിസന്ധിയാണ് അഭിമുഖീകരിക്കുന്നത്. പലർക്കും ധാരാളം തിക്താനുഭവങ്ങൾ ഈ രംഗത്ത് നേരിടേണ്ടി വന്നിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ്, കുട്ടികളുടെ അഭിരുചിക്കും, താല്പര്യത്തിനും, ശേഷിക്കും അനുയോജ്യമായ കോഴ്സുകളെ കുറിച്ചുള്ള സാമാന്യ ജ്ഞാനവും, നിലവാരമുള്ള സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിനായി സി.സി.എസ്.എസ്. ഈ സംരംഭത്തിന് തുടക്കം കുറിക്കുന്നത്.

2013 മെയ് 3 ന് WSSS മാനന്തവാടി, 4 ന് കല്പറ്റ, 5 ന് ബത്തേരി എന്നിവിടങ്ങളിൽവെച്ച് വിദഗ്ദരുടെ നേതൃത്വത്തിൽ ഏകദിന ക്യാമ്പുകൾ നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമെങ്കിൽ ഇതോടൊപ്പം വെച്ചിരിക്കുന്ന ഫോറം പൂരിപ്പിച്ച് 100 രൂപ രജിസ്ട്രേഷൻ ഫീസടക്കം ദ്വാരകയിലുള്ള രൂപതാ 'പി.ആർ.ഒ.' ഓഫീസിലോ, കൽപ്പറ്റ ഡിപോൾ ചർച്ചിലുള്ള 'സി.സി.എസ്.എസ്.' ഓഫീസിലോ, ബത്തേരിയിലുള്ള 'പ്രതീക്ഷ' ഓഫീസിലോ ഏപ്രിൽ 30 ന് മുമ്പ് ഏല്പിക്കണം. ക്യാമ്പ് ദിവസം രക്ഷിതാവ് കുട്ടിയേയും കൂട്ടി നിശ്ചിത സ്ഥലത്ത് രാവിലെ 10.30 മണിക്ക് എത്തിച്ചേരേണ്ടതാണ്. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് ഏത് കോഴ്സ് തെരഞ്ഞെടുക്കണമെന്ന് ആശങ്കയുള്ള രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും അന്നേദിവസം കൗൺസിലിംഗിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

വിശദ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ:

9544256990, 9447546103, 04936 –203266

### വിശ്വാസവർഷ റാലിയും സമ്മേളനവും നവമ്പർ 17 ന്

വിശ്വാസ വർഷത്തോടനുബന്ധിച്ച് വയനാട്ടിലെ കത്തോലിക്കാ രൂപതകൾ സംയുക്തമായി സംഘടിപ്പിക്കുന്ന വിശ്വാസവർഷ മഹാറാലിയും സമ്മേളനവും 2013 നവംമ്പർ 17 ന് നടക്കും. കോട്ടയം, കോഴിക്കോട്, ബത്തേരി, മാനന്തവാടി രൂപതകളുടെ അഭിവന്ദ്യ പിതാക്കന്മാർ നേതൃത്വം കൊടുക്കുന്ന റാലിയിലും സമ്മേളനത്തിലും മലങ്കര കത്തോലിക്കാ സഭയുടെ അത്യുന്നത കർദ്ദിനാൾ ബെസേലിയോസ് മാർ ക്ലീമീസ് പിതാവ് മുഖ്യാതിഥി ആയിരിക്കും.

**ഫാ. ബാബു മാപ്ലശേരി**
ജനറൽ സെക്രട്ടറി CCSS

1988 ൽ നോർമൻ മേയേഴ്സ് എന്ന Ecologyst തീവ്രപരിസ്ഥിതി സംരക്ഷണത്തിനായി ആഗോളതലത്തിൽ 18 മേഖലകളെ ചൂണ്ടിക്കാണിച്ചിരുന്നു. ഇതിൽ ഏഷ്യയിലെ ഏക കേന്ദ്രം നമ്മുടെ പശ്ചിമഘട്ട മലനിരകൾ മാത്രം. കന്യാകുമാരി മുതൽ ഗുജറാത്തിലെ തപതീ നദി വരെ നീണ്ട്, ഒരുലക്ഷത്തിഅമ്പതിനായിരം ചതുരശ്ര കിലോമീറ്റർ ഉൾപ്പെടുന്ന ഈ മലമ്പ്രദേശം ഇപ്പോൾ കടുത്ത പാരിസ്ഥിതിക ചൂഷണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഈ മലനിരകളെ തനതായി നിലനിർത്തുക എന്ന ലക്ഷ്യത്തോടെ യുനെസ്കൊ 2012 ജൂണിൽ പശ്ചിമഘട്ടത്തെ ലോകപൈതൃക പട്ടികയിൽ ഉൾപ്പെടുത്തി. പ്രൊഫസർ മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ ആധാരമാക്കിയാണ് ഈ പ്രഖ്യാപനം നടന്നത്.

ആഗോളതാപനവും കാലാവസ്ഥവ്യതിയാനവും ഭൂമിയിൽ ജീവന്റെ നിലനിൽപിനുതന്നെ ഭീഷണി ആയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ പരിസ്ഥിതി പൂർണ്ണമായും സംരക്ഷിച്ചേതീരു. എന്നാൽ അത് ഒരുവിഭാഗം ജനതയുടെ മേൽ അടിച്ചേൽപ്പിച്ച് മുഴുവൻ ഭാരവും അവർതന്നെ താങ്ങണമെന്ന് ശാഠ്യം പിടിക്കുമ്പോൾ അത് എതിർക്കപ്പെടേണ്ടതുമാണ്. ഈയൊരു പശ്ചാത്തലത്തിലാണ് ഗാഡ്ഗിൽ റിപ്പോർട്ടിനെ പൂർണ്ണമായും തിരസ്കരിക്കാതെ അതിലെ കർഷകവിരുദ്ധ ശുപാർശകളെമാത്രം ഇൻഫാം എതിർക്കുന്നത്.

**എതിർക്കപ്പെടേണ്ട ശുപാർശകൾ**

1. W.G.E.A. എന്ന പശ്ചിമഘട്ട പരിസ്ഥിതി സംരക്ഷണസമിതിയിൽ മുഴുവൻതന്നെ ഉദ്യോഗസ്ഥരും പരിസ്ഥിതി മൗലികവാദികളും ഉൾപ്പെടുന്ന ഈ മലമ്പ്രദേശത്തിന്റെ പൂർണ്ണഅധികാരമുള്ള സമിതിയിൽ ജനപ്രതിനിധികൾ ആരും ഉണ്ടാവില്ല. ഏതെങ്കിലും വിധത്തിലുള്ള പരാതികൾ ഉണ്ടായാൽ തീർപ്പുകല്പിക്കുവാൻ ഈ സമിതിക്ക് കോടതിയുടെ അധികാരമുണ്ട്. (1986 ലെ വനം പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം ഇതുപോലൊരു അതോറിറ്റി മഹാബലേശ്വർ, പാഞ്ചഗണി എന്നീ പ്രദേശങ്ങളിൽ രൂപീകരിക്കുകയുണ്ടായി. ഇവിടെ ഉദ്യോഗസ്ഥ

മേധാവിത്വവും കൈക്കൂലിയും കൊണ്ട് ജനങ്ങൾ പൊറുതിമുട്ടുകയാണെന്ന് ഗാഡ്ഗിൽ തന്നെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.)

2. നിർമ്മാണ പ്രവർത്തനങ്ങൾക്ക് കർശന നിയന്ത്രണം വരുന്നതോടെ തദ്ദേശിയമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ കൊണ്ടുവേണം മനുഷ്യന്റെ അടിസ്ഥാന ആവശ്യമായ ഭവനനിർമ്മാണം പോലും നടത്തുവാൻ. ഇതിൽ ബലിയാടാകുന്നതൊ കൈക്കൂലി നൽകാൻ കഴിവില്ലാത്ത ദരിദ്രരും.

3. മുപ്പത് ഡിഗ്രി ചെരിവുള്ള പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയാൻ തന്നാണ്ട് കൃഷി പാടില്ല എന്ന നിർദ്ദേശം വയനാട് പോലുള്ള കുന്നിൻപ്രദേശങ്ങളിൽ കർഷകരെ ദുരിതത്തിലാക്കും.

4. വന്യമൃഗങ്ങളുടെ വഴിത്താരകളിൽ കയറി മനുഷ്യർ ശല്യം ചെയ്യരുതെന്ന നിർദ്ദേശം വയനാട്ടിൽ ജനജീവിതം അസാധ്യമാക്കും. കാരണം വനത്തിൽ തേക്കുകൃഷി നടത്തിയതോടെ ഭക്ഷണമില്ലാതായ വന്യമൃഗങ്ങളുടെ വഴിത്താരകൾ പലതും ജനവാസകേന്ദ്രങ്ങളിലൂടെയാണ്.

എല്ലാറ്റിനുമുപരിയായി, റിപ്പോർട്ടിലെ ശുപാർശകൾ അപ്പാടെ അംഗീകരിക്കുകയാണെങ്കിൽ ലോകം മുന്നോട്ടോടുമ്പോൾ നഗരവാസികൾ അതിനൊത്ത് സഞ്ചരിക്കുകയും ഗ്രാമീണർ ഗോത്രവർഗ്ഗ അപരിഷ്കൃതത്വത്തിലേയ്ക്ക് മടങ്ങുകയും ചെയ്യും. ഈ ഉച്ചനീചത്വം നീതീകരിക്കാവുന്നതല്ല.

**വയനാട് ഇൻഫാം ഇടപെടുന്നു**

കടുവാസങ്കേതമായി വയനാട് പ്രഖ്യാപിക്കപ്പെടുമോ എന്ന ഭയാശങ്കക്കിടയിലാണ് ഗാഡ്ഗിൽ റിപ്പോർട്ട് പുറത്തുവരുന്നത്. ഇത് ജനങ്ങളെ കൂടുതൽ ആശങ്കാകുലരാക്കി. സംഘടനയിൽ ഇക്കാര്യം വലിയചർച്ചക്ക് കാരണമായി. റിപ്പോർട്ട് പഠിക്കാനും ഗുണദോഷഫലങ്ങൾ വിലയിരുത്തുവാനും ശ്രീ. സ്റ്റാനി കുടക്കച്ചിറ, ശ്രീ. ബേബി ജയിംസ് എന്നിവരെ ചുമതലപ്പെടുത്തി.

2012 ഓഗസ്റ്റ് 10-ന് ചേർന്ന ഇൻഫാം ജില്ലാകമ്മിറ്റി മീറ്റിംഗിൽ പഠനറിപ്പോർട്ട് സമർപ്പിച്ചു. എല്ലാ ഇൻഫാം അംഗങ്ങൾക്കും ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി മൂന്ന് താലൂക്കുകളിലും സെമിനാർ നടത്തണമെന്ന് തീരുമാനിക്കുകയും അതനുസരിച്ച് ഓഗസ്റ്റ് 19-ാം തീയതി ദ്വാരക, പുൽപ്പള്ളി, റിപ്പൺ എന്നീ സ്ഥലങ്ങളിൽ വെച്ച് ചർച്ചാക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തു.

സെപ്റ്റംബർ മാസം 14-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ചേർന്ന ഇൻഫാം വയനാട് ജില്ലാസമിതിയിൽ കടുവാസങ്കേതത്തിനും ഗാഡ്ഗിൽ റിപ്പോർട്ടിലെ കർഷകവിരുദ്ധ ശുപാർശകൾക്കുമെതിരെ ജനകീയസമരം ആരംഭിക്കുവാനുമുള്ള തീരുമാനമായി. ആദ്യപടി എന്നനിലയ്ക്ക് ജനങ്ങളിൽ ഇതിനെക്കുറിച്ച് അവബോധം സൃഷ്ടിക്കാനായി ഒപ്പുശേഖരണം നടത്തുകയും അതോടൊപ്പം നിവേദനമെന്ന നിലയ്ക്ക് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്കത് സമർപ്പിക്കുകയും ചെയ്തു.

രണ്ടാംഘട്ടം എന്ന നിലയിൽ ഒക്ടോബർ 4-ാം തീയതി വയനാട് എം.പി. ശ്രീ. ഷാനവാസിന്റെ കല്പറ്റയിലുള്ള ഓഫീസിലേയ്ക്ക് മാർച്ചും തുടർന്ന് ധർണ്ണയും നടത്തി. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട എം.പി. അടുത്തദിവസം തന്നെ പത്രസമ്മേളനം വിളിച്ചുകൂട്ടി. ജനങ്ങൾ ഭയവിഹ്വലരാകേണ്ടയെന്നും ജനദ്രോഹപരമായി എന്തെങ്കിലും ഉണ്ടെങ്കിൽ സമരത്തിന് മുമ്പിൽ അദ്ദേഹമായിരിക്കും എന്ന് പ്രസ്താവിക്കുകയും ചെയ്തു.

നവംബർ 26-ന് ഇതേ ആവശ്യങ്ങളുന്നയിച്ച് കലക്ടറേറ്റ് ധർണ്ണ നടത്തുകയും ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ചും കടുവസങ്കേതത്തെക്കുറിച്ചുമുള്ള ഇൻഫാം പഠനറിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു.

**ഇൻഫാം സംസ്ഥാനസമിതി ഏറ്റെടുക്കുന്നു**

ഇൻഫാം ജില്ലാസമിതിയിൽ ചർച്ച ചെയ്യുന്ന അവസരത്തിൽത്തന്നെ വയനാടിനെ അലട്ടുന്നപ്രശ്നം സംസ്ഥാനസമിതിയെ അറിയിക്കുകയുണ്ടായി. അവർ വിഷയം പഠിക്കുകയും സത്വര നടപടികൾക്കായി ഓഗസ്റ്റ് 30-ന് സ്റ്റേറ്റ് സമിതി ചേരുകയും ചെയ്തു. യോഗതീരുമാനപ്രകാരം ഡിസംബർ 10-ാം തീയതി സംസ്ഥാന തലത്തിൽ സെക്രട്ടറിയേറ്റിന് മുമ്പിൽ സത്യാഗ്രഹം നടത്തുകയും മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിക്കുകയും ചെയ്തു. വയനാട്ടിൽ നിന്ന് ശ്രീ. എം.പി. പൗലോസിന്റെ നേതൃത്വത്തിൽ ഒരു സംഘം ഇൻഫാം പ്രവർത്തകർ സത്യാഗ്രഹത്തിൽ പങ്കെടുത്തു.

2013 ഫെബ്രുവരി 27-ാം തീയതി തലശ്ശേരി സന്ദേശ്ഭവനിൽ വെച്ച് മലബാർ മേഖലയിലെ ഇൻഫാം പ്രവർത്തകർ ഒത്തുകൂടി. തലശ്ശേരി അർച്ച്ബിഷപ്പ് ഡോ. മാർ ജോർജ് വലിയമറ്റം അദ്ധ്യക്ഷത വഹിച്ചു. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ നല്ല വശങ്ങൾ ഉൾക്കൊണ്ടുതന്നെ കർഷകവിരുദ്ധ നിലപാടുകൾക്കെതിരെ ശക്തമായി പ്രതിഷേധിക്കു

വാനും ജനകീയ കൂട്ടായ്മക്കായി പ്രചരണം നടത്തുവാനും തീരുമാനിച്ചു. ബത്തേരി, കോട്ടയം, താമരശ്ശേരി രൂപതകളിലെ ബിഷപ്പുമാർ സമര പരിപാടികൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ച് യോഗത്തിൽ സംസാരിക്കുകയുണ്ടായി. വയനാട് ഇൻഫാം ഡയറക്ടർ റവ. ഫാ. സുനിൽ വട്ടുകുന്നേലിന്റെ നേതൃത്വത്തിൽ ഇൻഫാം ജില്ലാ കമ്മിറ്റി അംഗങ്ങൾ പങ്കെടുത്തു.

**ഭരണതലത്തിലുള്ള ഇടപെടലുകൾ**

കടുവശല്യം രൂക്ഷമായിരിക്കെ വനംവകുപ്പു മന്ത്രി ശ്രീ. ഗണേഷ്കുമാർ വയനാട് സന്ദർശിച്ചു. കലക്ടറേറ്റിൽ ചേർന്ന യോഗത്തിൽ സംഘടനയെ പ്രതിനിധീകരിച്ച് റവ. ഫാ. സുനിൽ വട്ടുകുന്നേൽ, ശ്രീ. ബേബി ജെയിംസ്, ശ്രീ. മാണി ഇടത്തുംപറമ്പിൽ എന്നിവർ പങ്കെടുത്തു. മുഖ്യമന്ത്രിയുടെ സന്ദർശന വേളയിലും പിന്നീട് പ്രതാപൻ കമ്മിറ്റി പരിസ്ഥിതി സംവേദക മേഖലയെക്കുറിച്ച് പഠിക്കുവാനെത്തിയപ്പോഴും കർഷകരുടെ ആശങ്കകളെക്കുറിച്ച് ഇൻഫാം ജില്ലാ ഭാരവാഹികൾ ചർച്ച ചെയ്തു. ഒടുവിൽ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പുനഃപരിശോധനയുമായി ബന്ധപ്പെട്ട് ഡോ. കസ്തൂരിരംഗൻ വയനാട്ടിലെത്തിയപ്പോൾ, ശുപാർശകൾ നടപ്പിലായാൽ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചുള്ള ഒരു പഠനരേഖ എഴുതി തയ്യാറാക്കി നൽകി.

**ഇൻഫാം മറ്റു പ്രസ്ഥാനങ്ങളോടൊപ്പം**

1. കടുവ ഭീഷണി മൂർദ്ധന്യത്തിലെത്തിനിൽക്കെ 'മാനന്തവാടി താലൂക്ക് വന്യമൃഗശല്യ പ്രതിരോധസമിതി' എന്നൊരു സമിതി രൂപീകരിച്ച് ഒരു ജനകീയ മുന്നേറ്റമുണ്ടായി. കർഷകസംഘടനകളും രാഷ്ട്രീയ സംഘടനകളുടെയും മറ്റു സന്നദ്ധ സംഘടനകളും അതിനോട് സജീവമായി സഹകരിച്ചു. മാനന്തവാടി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ വെച്ച് ഒരു ഹാഫ്ഡേ സെമിനാർ നടത്തുകയും ഇൻഫാം പ്രവർത്തകർ പങ്കെടുക്കുകയും ചെയ്തു. മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടമായിരുന്നു മുഖ്യ പ്രഭാഷകൻ. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ചുരുളഴിച്ച അദ്ദേഹം ഇതിലടങ്ങിയിരിക്കുന്ന അന്താരാഷ്ട്ര കെണികളെക്കുറിച്ചും സംസാരിക്കുകയുണ്ടായി. രണ്ട് ദിവസത്തിനുള്ളിൽ വയനാട് സന്ദർശിക്കുന്ന മുഖ്യമന്ത്രിക്ക് നൽകാനായി ലക്ഷം ഒപ്പു ശേഖരിക്കുക എന്ന തീവ്രയജ്ഞത്തിൽ വയനാട് ഇൻഫാം രണ്ടായിരത്തിൽപരം ഒപ്പുശേഖരിച്ച് അതിന്റേതായ പങ്കുവഹിച്ചു.

2. വയനാട് രക്ഷാസമിതി – വയനാട് ജില്ലയിലെ രാഷ്ട്രീയപ്രസ്ഥാനങ്ങളും കർഷകസംഘടനകളും ഒത്തൊരുമിച്ച് ഗാഡ്ഗിൽ കമ്മിറ്റിയുടെ കർഷകവിരുദ്ധ ശുപാർശകളെ എതിർക്കുവാനായി വയനാട് രക്ഷാസമിതി എന്നൊരു പ്രസ്ഥാനം രൂപീകരിച്ച് സമരരംഗത്തേക്ക് വന്നു. വയനാട് രക്ഷാസമിതിയുടെ എക്സിക്യൂട്ടീവ് യോഗത്തിൽ സമിതിയുടെ വൈസ്പ്രസിഡന്റും ഇൻഫാം ജില്ലാപ്രസിഡന്റുമായ ശ്രീ. ബേബി ജയിംസ് ഉന്നയിച്ച 'തേക്കുകൃഷി ഉയർത്തുന്ന പാരിസ്ഥിതികപ്രശ്നം' ഈയവസരത്തിൽ ചർച്ചാ വിഷയമായി. (2003 ൽ വയനാട് കടുത്ത വരൾച്ചയിലേക്ക് പോയപ്പോൾ വയനാട് ഇൻഫാം അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിക്ക് സമർപ്പിച്ച പഠനരേഖയിൽ, ഫോറസ്റ്റ് തേക്കിൻകാട് ആകുമ്പോഴുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് എടുത്തുപറഞ്ഞിരുന്നു). തേക്കിൻതോട്ടത്തിനു പകരം സ്വാഭാവിക വനം എന്ന മുദ്രാവാക്യം മുഴക്കി സമിതി ബഹുജനമുന്നേറ്റത്തിനു കോപ്പുകൂട്ടിയപ്പോൾ തന്നെ വനം വകുപ്പ് തേക്ക്, യൂക്കാലിപ്റ്റസ് തുടങ്ങിയവയ്ക്ക് പകരം നാടൻ വനവൽക്കരണത്തിന് പരിപാടി ആസൂത്രണം ചെയ്തിരിക്കുകയാണ്.

3. വയനാട് പ്രകൃതി സംരക്ഷണസമിതി എപ്പോഴും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനോടൊപ്പമാണ്. അവർ ബത്തേരിയിൽ സംഘടിപ്പിച്ച പരിപാടിയിൽ ഇൻഫാം പ്രതിനിധികൾ പങ്കെടുക്കുകയും പരിസ്ഥിതി പ്രവർത്തകരായ ഡോ. ലത, ഡോ. ഈസ എന്നിവരുമായി സംവാദത്തിലേർപ്പെടുകയും ചെയ്തു.

കണ്ണൂർ യൂണിവേഴ്സിറ്റി മാനന്തവാടിയിലും വയനാട് പ്രസ്സ് ക്ലബ്ബ് കല്പറ്റയിലും സംഘടിപ്പിച്ച സെമിനാറിലും ഇൻഫാം ഇതേ നിലപാടുകൾ ആവർത്തിക്കുകയുണ്ടായി.

ആക്ഷേപങ്ങളും എതിർപ്പുകളും ഉയർന്നപ്പോൾ വനംപരിസ്ഥിതി മന്ത്രാലയം ഡോ. കസ്തൂരിരംഗന്റെ നേതൃത്വത്തിൽ മറ്റൊരു കമ്മിറ്റിയെ നിയോഗിച്ച് റിപ്പോർട്ട് സ്വീകരിക്കുകയാണ്. റിപ്പോർട്ടിലെ വിശദവിവരങ്ങൾ പുറത്തുവരാനിരിക്കുന്നതേയുള്ളു. വിശദമായ പഠനത്തിനുശേഷം വയനാട് ഇൻഫാം അതിനോട് പ്രതികരിക്കും.

**ഫാ. സുനിൽ വട്ടുകുന്നേൽ**
വയനാട് ഇൻഫാം ഡയറക്ടർ



# അറിയിപ്പുകൾ

## 1. മാനന്തവാടി സിയോൻ ധ്യാനകേന്ദ്രത്തിൽ താമസിച്ചുള്ള ധ്യാനം

**2013 മെയ് മുതൽ ഡിസംബർ വരെ താമസിച്ചുള്ള ധ്യാന പ്രോഗ്രാം**

| | | | |
|---|---|---|---|
| മെയ് | 12–16 | : | ക്രിസ്റ്റീൻ ധ്യാനം |
| ജൂൺ | 23–27 | : | ആന്തരിക സൗഖ്യധ്യാനം |
| ജൂലൈ | 21–25 | : | ആന്തരിക സൗഖ്യധ്യാനം |
| ആഗസ്റ്റ | 25–29 | : | ആന്തരിക സൗഖ്യധ്യാനം |
| സെപ്റ്റംബർ | 29–ഒക്ടോബർ 3 | : | ആന്തരിക സൗഖ്യധ്യാനം |
| ഒക്ടോബർ | 12–16 | : | യുവജന ധ്യാനം |
| നവംബർ | 10–14 | : | ആന്തരിക സൗഖ്യധ്യാനം |
| ഡിസംബർ | 5–19 | : | ആന്തരിക സൗഖ്യധ്യാനം |

- ❖ എല്ലാ ധ്യാനങ്ങളും (യുവജനധ്യാനം ഒഴികെ) ആരംഭിക്കുന്നത് ഞായറാഴ്ച 5.00 pm നും, അവസാനിക്കുന്നത് വ്യാഴാഴ്ച 2.00 pm നും ആയിരിക്കും.
- ❖ ധ്യാനങ്ങളിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് നേരിട്ടോ, വികാരിയച്ചൻ മുഖേനയോ, ഫോൺ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്.
- ❖ സീയോനിൽ എല്ലാ മാസത്തിലും ആദ്യ ശനിയാഴ്ച ഏകദിന ബൈബിൾ കൺവെൻഷൻ രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ഉണ്ടായിരിക്കുന്നതാണ്.
- ❖ എല്ലാ മാസത്തിലും രണ്ടാം ശനിയാഴ്ച യുവജന കൂട്ടായ്മ, ദമ്പതീകൂട്ടായ്മ, പൊതു കൗൺസിലിംഗ് എന്നിവ ഉണ്ടായിരിക്കുന്നതാണ്.
  (സമയം 9.30 am - 3.30 pm)

- ❖ എല്ലാ മാസത്തിലും മൂന്നാം വെള്ളിയാഴ്ച വൈകുന്നേരം 7 മണി മുതൽ രാവിലെ 5 മണി വരെ പൊതു ജാഗരണ പ്രാർത്ഥനയും, വി. കുർബാനയും, കുമ്പസാരത്തിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്ന താണ്.
- ❖ എല്ലാ മാസത്തിലും നാലാം ശനിയാഴ്ച രോഗികൾക്ക് വേണ്ടി സൗഖ്യ ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

**NB:** **സീയോൻ മദ്ധ്യസ്ഥ പ്രാർത്ഥന ചാപ്പലിൽ എല്ലാ ദിവസവും (ഞായറാഴ്ചയും മറ്റ് കടമുള്ള ദിവസങ്ങളിലും ഒഴികെ) രാവിലെ 10.00 മണി മുതൽ ആരാധനയും, കുമ്പസാരത്തിനുള്ള സൗകര്യവും, ഉച്ചയ്ക്ക് 12.00 മണിയ്ക്ക് വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്.**

***ഡയറക്ടർ***
***സീയോൻ ധ്യാനകേന്ദ്രം***
***മാനന്തവാടി, ദ്വാരക***
**ഫോൺ : 04935 240 922**
**Mob : 9567427885**

• • • • • • •

## 2. പ്രസംഗ സഹായികൾ

സാരോപദേശങ്ങളും പ്രസംഗങ്ങളും നടത്തുന്ന മാന്യ അധ്യാപകർക്കും സിസ്റ്റേഴ്സിനും വചനപ്രഘോഷകർക്കും ഒത്തിരിയേറെ ഉപകാരപ്രദങ്ങളായ രണ്ടു പുതിയ പുസ്തകങ്ങൾ ഇതാ, ഫാദർ ജോസഫ് നെച്ചിക്കാട്ടിന്റെ വക.

സോഫിയാ ബുക്സ് പ്രസിദ്ധീകരിച്ച ജീവിതചിന്തകൾ, 6–ാം ഭാഗം.

മീഡിയാ ഹൗസ് പ്രസിദ്ധീകരിച്ച, സംസാരിക്കുന്ന സംഭവങ്ങൾ 3–ാം ഭാഗം

രണ്ടും മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും, ദ്വാരകയിൽ നിന്നും ലഭ്യമാണ്.



# Programme

## Pastoral Centre, Dwaraka

**May 2013**

| | | |
|---|---|---|
| 01W | - | Diocesan Day |
| 02T-03F | - | CML Junior Camp |
| 03F | - | Zion CRC: Night Vigil |
| 04S | - | Zion CRC: Prayer Day, Christeen Prayer Day; HDC |
| 04S-06M | - | CML Diocesan Camp |
| 05S | - | DCC |
| 07T-10F | - | Marriage Preparation Course |
| 10F | - | Jesus Youth: Vigil |
| 11S | - | Jesus Youth Prayer Day |
| 11S-12S | - | SELOC |
| 12S-16T | - | Christeen Retreat |
| 14T | - | HDC |
| 19S | - | DCC |
| 19S-22W | - | Marriage Preparation Course |
| 21T | - | CMA and Women's Commission Executive |
| 23T | - | CML: Managing Committee |
| 25S | - | HM PP Conference |
| 31F | - | Zion CRC: Night Vigil |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre

# Bishop's Programme



***MAY - 2013***

| | | | |
|---|---|---|---|
| *01* | *Wed* | *..................* | *Diocesan Day* |
| *02* | *Thu* | *..................* | *Rippon : First Communion & Confirmation* |
| *03* | *Fri* | *..................* | *Out of Station* |
| *04* | *Sat* | *..................* | *Kanniambetta: First Communion & Confirmation* |
| *05* | *Sun* | *................* | *Pazhoor: First Communion & Confirmation* |
| *06* | *Mon* | *................* | *Engaged* |
| *07* | *Tue* | *................* | *Dwaraka: Jubilee of SH Sisters* |
| *08* | *Wed* | *..................* | *Engaged* |
| *09* | *Thu* | *..................* | *Beenachi: MSFS House Blessing* |
| *10* | *Fri* | *..................* | *Out of Station* |
| *11* | *Sat* | *..................* | *Nadavayal : Anniversary of Vincent De Paul Society* |
| *12* | *Sun* | *..................* | *Njarapadam: Pastoral Visit & Blessing of Grotto* |
| *13* | *Mon* | *................* | *Minor Seminary Interview* |
| | *Afternoon* | *.........* | *Puthusserikadavu: Blessing of Chapel* |
| *14* | *Tue* | *................* | *Engaged* |
| *15* | *Wed* | *................* | *Arulnilayam: Blessing of the Church* |
| *16* | *Thu 17 Fri* | *.........* | *Out of Station* |
| *18* | *Sat* | *..................* | *Engaged* |
| *19* | *Sun* | *..................* | *Valeri : Blessing of the Church* |
| *20* | *Mon* | *..................* | *Visitors' Day* |
| *21* | *Tue* | *..................* | *Engaged* |

| | | |
|---|---|---|
| 22 | Wed ................. | Visitors' Day |
| 23 | Thu ................. | Engaged |
| 24 | Fri ................. | Out of Station |
| 25 | Sat ................. | Dwaraka: Catechism HM & PP Conference |
| 26 | Sun Morning... | Moolankavu: First Communion and Confirmation |
| | Afternoon... | Panamaram: Inauguration of the New Parish |
| 27 | Mon ................ | Valeri: Ordination of Dn. Thomas Pichappillil PSDP |
| 28 | Tue ................. | Deacons' Parents Meet |
| 29 | Wed ................. | Visitors' Day |
| 30 | Thu 31Fri.......... | Out of Station |

***JUNE 2013***

| | | |
|---|---|---|
| 1 | Sat Morning..... | Ambayathode: Blessing of School |
| | Afternoon ......... | Appapara: Blessing of Presbytery |
| 3 | Mon 7 Fri ........ | KCBC |
| 8 | Sat .................... | Out of Station |
| 9 | Sun ................. | Pastoral Visit |
| 11 | Tue ................. | Mananthavady : Blessing of SH Convent & Counselling Centre |
| 12 | Wed 13Thu ........ | Kunnoth : Seminary Commission Meeting |
| 14 | Fri 15 Sat .......... | Out of Station |
| 16 | Sun ................... | Vellamunda : Pastoral Visit |
| 17 | Mon ................ | Kaniyaram : Ordination of Dn. Prince Mekkatt MI |
| 18 | Tue .................. | Edivanna: Ordination of Dn. Jomin Vempanickal MI |
| 19 | Wed ................. | Engaged |
| 20 | Thu 21Fri ........ | Out of Station |
| 23 | Sun .................. | Pastoral Visit |
| 24 | Mon ............... | Visitors' Day |
| 25 | Tue ................. | Meeting of Forane Vicars |
| 28 | Fri 29 Sat .......... | Out of Station |
| 30 | Sun ................. | Visitors' Day |